# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 10 പേജുകൾ 57 ജനുവരി 2022



2022

## പ്രതീക്ഷയും യാഥാർത്ഥ്യവും:

ഫ്രാങ്കോ ലൂയീസ്

## ഔസേപ്പച്ചന്റെ ഇരുന്നൂറാം സിനിമ:

തേജശ്രീ

- കഥകൾ
- കവിതകൾ
- ചൊൽക്കാഴ്ച
- ഓർമ്മ
- പുസ്തകപരിചയം
- കാർട്ടൂൺ കേരളം

# എഡിറ്റേഴ്സ് പേജ്




മുഖച്ചിത്രം: ഔസേപ്പച്ചൻ


ഓഫീസ്:

**വ്യാപാരകേരളം**

(സമ്പൂർണ്ണ മാസിക)

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി
റയൻ ജോസഫ്




**പു**തുവർഷപുലരിയിലാണ് പുതിയ ലക്കം മാസിക പ്രകാശിതമാകുന്നത്. കഠിനാനുഭവങ്ങളുടെ വർഷമാണ് കടന്നുപോയത്. അതാകട്ടെ, ഭീതിവിതച്ച മറ്റൊരാണ്ടിന്റെ തുടർച്ചയും. ഇനിയും ഭീതി പൂർണമായി അകന്നിട്ടില്ല. കോവിഡും അതിന്റെ വകഭേദവും സഹചാരിയായി നമ്മോടൊപ്പം കൂടിയിരിക്കുന്നു.

പ്രതീക്ഷ കൈവിടാതെയാണ് നാം പുതുവർഷത്തെ വരവേൽക്കുന്നത്. വ്യവസായങ്ങളുടെയും വ്യാപാരസ്ഥാപനങ്ങളുടെയും പ്രവർത്തനം പഴയപടിയായി. ഓൺലൈൻ പഠനം ഓഫ് ലൈനായി. നിരത്തുകൾ വാഹനനിബിഡമായി. മുൻകരുതലുകളോടെയുള്ള കൂടിച്ചേരലുകളും സാധാരണമായി. കോവിഡെന്ന യാഥാർഥ്യത്തെ നേരിടാനുറച്ച് ജനജീവിതം കരുത്താർജിച്ചിരിക്കുന്നു.

പോയവർഷത്തെ പ്രധാന സംഭവങ്ങളുടെ ഒരവലോകനം, ഈ ലക്കം 'സമകാലിക'ത്തിൽ, ഫ്രാങ്കോ ലൂയിസ് വരച്ചുചേർത്തിട്ടുണ്ട്. വിശ്രുത സംഗീതജ്ഞനായ ഔസേപ്പച്ചന്റെ സംഗീതജീവിതവും സ്വകാര്യങ്ങളും ഉൾപ്പെടുത്തി, 'തേജശ്രീ' തയാറാക്കിയ ഫീച്ചറാണ് ഈ ലക്കത്തിന്റെ മുഖ്യ ആകർഷണം. എഴുത്തിടത്തെ സംബന്ധിച്ച 'ഓർമ്മ', പുസ്തകപരിചയം, ചൊൽക്കാഴ്ച കാവ്യരൂപം എന്നിവയും ജനുവരിലക്കത്തിലുണ്ട്.

27 കവികളുടെ രചനകളുമായാണ് പുതിയലക്കം വായനസജ്ജമായിട്ടുള്ളത്. കഥകളും കൂട്ടിനുണ്ട്. നവവത്സര പുലരിയിൽ, ഭിന്ന രുചി കൂട്ടുകളൊരുക്കാൻ കഴിഞ്ഞതിലെ ചാരിതാർഥ്യം മറയ്ക്കുന്നില്ല.


സി.ആർ.പി പണിക്കർ സ്മാരക കവിതാ മത്സരവും, പോയ വർഷം മാസിക തുടക്കം കുറിച്ച കഥാമത്സരവും ഈയാണ്ടിലും തുടരുന്നതാണ്. മാസികയുടെ ആഭിമുഖ്യത്തിൽ ഒരു 'സാഹിത്യാസ്വാദക കൂട്ടം' രൂപീകരിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകളും നടന്നുകഴിഞ്ഞു. ഇതേക്കുറിച്ചുള്ള അറിയിപ്പുകൾ വൈകാതെ നൽകുന്നതാണ്.

മാസികയുടെ പ്രിയ വായനക്കാർക്കും എഴുത്തുകാർക്കും പുരസ്കാര ജേതാക്കൾക്കും പരസ്യദാതാക്കൾക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും സ്നേഹവും കരുതലും സമ്മാനിക്കട്ടെ. ഈ പുതുവർഷ പുലരി ഏവർക്കും ഐശ്വര്യദായകമാകട്ടെ എന്നും ആശംസിക്കുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ

കവിത

# പറയാനുള്ളത്



നിന്നോടുള്ളതെല്ലാം
അഗാധമാണ് ... .
കാലാതീതമായ പുഴ പോലെ
നിഗൂഢമായ സ്വര താളം

താഴ്വരയിൽപൂത്തു വിരിഞ്ഞ് -
പുഞ്ചിരിക്കുന്ന,
പൂക്കളെ പോലെ....
താലോലിക്കാൻ ആരുമെത്താഞ്ഞിട്ടും
പൂത്തുലയുന്ന സുഗന്ധികളെ പോലെ

വേണ്ട എന്നതിനാൽ പുറത്തിട്ടിട്ടും
പടരുന്ന വേരു പോലെ ....
ആകാശഗംഗയിൽ മിന്നുന്ന
നക്ഷത്ര മിന്നികളെപ്പോലെ....
കടലിന്റെ നീലിമ പോലെ
അകലും തോറും പടരുന്ന
വള്ളി പോലെ...
അടുക്കുമ്പോൾ നിറയുന്ന
മുല്ലപ്പൂ സുഗന്ധം പോലെ.....
ഹൃദയത്തിന്റെ ആഴങ്ങളെ
തൊട്ടു പോകുന്ന നിറവ്.



ശ്രീജ വിജയൻ

## അകത്താളുകളിൽ


### ലേഖനം/പംക്തി
മാസ്ക് അഴിക്കുമോ: ഫ്രാങ്കോ ലൂയിസ് 7
കവർ സ്റ്റോറി: തേജശ്രീ 18
ഓർമ: കൃഷ്ണകുമാർ മാപ്രാണം 30
പുസ്തകപരിചയം: കെ.വേണുഗോപാൽ 37

### കാർട്ടൂൺ കേരളം
രാജേശ്വരി തുളസി 6


### ചൊൽക്കാഴ്ച
രാജൻ എലവത്തൂർ 46

### കഥ
മാഗ്ളിൻ ജാക്സൻ 48
ദേവൂസ് 51
റസിയ പയ്യോളി 54
നിധിൻകുമാർ പത്തനാപുരം 56

### കവിത
ശ്രീജ വിജയൻ 3
ഡോ. എൻ.ആർ.സജില 4
സരസ്വതി കെ.എം. 5
യൂസഫ് നടുവണ്ണൂർ 13
ബൈജു റാഫേൽ ആലുവ 14
ദർശന 15
ജയപ്രകാശ് എറവ് 16
എ.കെ.അനിൽകുമാർ 17
സെയ്തലവി വിളയൂർ 22
ഷേർലി മണലിൽ 23
ദിവ്യ. എച്ച് 24
അലിഷ മാഹിൻ 25
ബി.ജോസുകുട്ടി 26
ഷബ്ന അബൂബക്കർ 27
പ്രീത ടി. 28
ശഫീഖ് അബ്ദുള്ള 29
അജിത കൃഷ്ണ 34
സതി സതീഷ് 35
കയ്യുമ്മു കോട്ടപ്പടി 36
ജബീറ 38
ശിവൻ തലപ്പുലത്ത് 39
ജയിസൺ കെ. 40
സുനി 41
ജിതിൻ 42
മോഹൻജി 43
ജയേഷ് പണിക്കർ 44
പ്രീത വി.പി. 45

കവിത

# ബുദ്ധനെ വരയ്ക്കുമ്പോൾ



ബുദ്ധനെ വരയ്ക്കുമ്പോഴാണ് അറിയാതെ
ഞാൻ എന്നിലേയ്ക്കുള്ള ദൂരമളന്നത്

വരയ്ക്കും തോറുംദൂരം കുറഞ്ഞും വേഗത
കൂടിയും ആഴമേറിയും .....
ചുവടുകൾക്ക് ചടുലതാളം!

ബുദ്ധനെ വരയ്ക്കുമ്പോൾ
എന്റെ ഹൃദയതാളം
മന്ത്രിച്ചത്
വ്യക്തമായിരുന്നു.

ബുദ്ധനെ
പിൻതുടർന്ന വരകൾ
ആത്മാവിലേക്കുള്ള യാത്രയായിരുന്നതിനാൽ
നഷ്ടപ്പെടലിന്റെ ഭീതിയിൽനിന്നും ഞാനുയർന്നു.

ഒറ്റനിമിഷത്തിൽ
എന്നെ ഞാൻ കാണുകയും
എന്നെ ഞാൻ കേൾക്കുകയും
എന്നെ ഞാനറിയുകയും ചെയ്തു.

ബുദ്ധനെ വരയ്ക്കുമ്പോൾ
ഞാനിന്നേവരെ എഴുതാത്ത കവിതകളെഴുതുകയും
പറയാത്ത കഥകൾ പറയുകയും ചെയ്തു.??

എന്റെ വിസ്മയങ്ങൾ! എന്റെ നിഗൂഢതകൾ!
എന്നോളം അദ്ഭുതമായിവളർന്നു.??

ശ്രാവസ്തിയിലേയ്ക്കുള്ള മടക്കംപോലെ
ഞാനിന്നേവരെ പകർന്നതൊക്കെയും
പതിയെപ്പതിയെമറന്നു .

എന്റെ ചലനങ്ങൾ നൃത്തരൂപങ്ങളാകുകയും
ഞാനെല്ലാം മറന്ന് പാടുകയുംചെയ്തു.

എന്റെ ഭാഷ മൗനമാകുകയും
എന്റെ നിഴൽ എന്നെ പുണരുകയും
അളവറ്റൊരാരന്ദം
എന്റെ കൺപീലികളെ തൊടുകയും ചെയ്തു.

ആഴമേറിയൊരു സംതൃപ്തിയിൽ
ഞാനൊരുകാറ്റായും
പുഴയായും ഒഴുകി.

ബുദ്ധനെ വരയ്ക്കുമ്പോൾ ഞാൻ
നിഷേധത്തെയും കൃതജ്ഞതയെയും
നന്നേയറിഞ്ഞു.

ബുദ്ധനെ വരയ്ക്കുമ്പോൾ മാത്രമാണ് ഞാൻ ഞാനാകുന്നത് ......
ഭാരമേതുമില്ലാത്ത ,
ശൂന്യത നിറഞ്ഞ
ഭയമറ്റൊരു ഞാൻ !



ഡോ . എൻ ആർ സജില

കവിത

# കലണ്ടർ

പുതുക്കിയ ചിന്തകളും
പൊടിതട്ടിയ ആശകളും
നക്ഷത്രവിളക്കിന്റെ
പ്രകാശത്തിൽ വെട്ടിത്തിളങ്ങുമ്പോഴാണ്
പുതുവർഷം കടന്നുവന്നത്.

ഓരോ കറുത്ത വരകളും
ഒന്നിനുപിറകെ ഒന്നായി
കടിഞ്ഞാണയഞ്ഞു കടന്നുപോകുന്ന
കുതിരയെപ്പോലെപായുമ്പോൾ
തെറിച്ചു വീഴാതെ
അള്ളിപ്പിടിച്ചിരിക്കാൻ
ശ്രമിക്കുകയായിരുന്നു ഞാൻ

പ്രതിജ്ഞകൾ തലയടിച്ചു വീണു
ചുവന്ന കല്ലുകൾ
ഇടവേളകളെ അസ്വാരസ്യപ്പെടുത്തിയപ്പോഴാണ്
കലണ്ടറിലൊന്ന് പാളി നോക്കിയത്.

തുറിച്ച നോട്ടവും കൂർത്ത മുനകളും കൊണ്ട്
മുറിവേറ്റ മരങ്ങൾക്കിടയിലും
പ്രതീക്ഷകളുടെ തളിർത്ത ചില്ലയിൽ
ഇണക്കുരുവികൾ
കൊക്കുരുമ്മിയിരുന്നിരുന്നു.
എത്ര പെയ്താലും പോരെന്ന തോന്നലിൽ
കുത്തിയൊലിക്കുന്ന ദുരിതങ്ങൾക്കു മേലെ
കരളുറപ്പിന്റെ മേൽപ്പാലത്തിലൂടെ
കൈപിടിച്ചു നടത്തിയവരാണെന്ന്
കറു കറുത്ത കൊമ്പൻമാർ
തലയുയർത്തി നിൽക്കുന്നുണ്ടായിരുന്നു.

അകന്നു നിന്ന ഓർമകളേയും
കരഞ്ഞ് ചുവന്ന ബന്ധങ്ങളേയും
അലിവിന്റെ കാണാക്കരങ്ങൾ
അറിയാതെ പൊതിയുന്ന
അരുണാഭ ചാർത്തിയ ചിത്രങ്ങൾ
കറുപ്പിനും വെളുപ്പിനുമിടയിൽ
ചുവന്നു ചിരിക്കുന്നുണ്ട്

മുറുമുറുപ്പും മുച്ചീട്ടും
മൂന്നും കൂടിയ കവലയിൽ
അക്കങ്ങളിൽ കോർത്ത് പെരുപ്പിച്ചപ്പോഴും
ഉള്ളുലയ്ക്കാതെ,
കുഞ്ഞു മണിക്കിലുക്കം മഞ്ഞുരുക്കിയപ്പോൾ
വെയിൽ പരന്ന് അടുക്കളക്കല്ലിലും
എത്തിയെന്ന്
ചതുരങ്ങളിൽ നിവർത്ത് വിരിച്ചിട്ടും
ഉണങ്ങാത്ത അമ്മച്ചിന്തകൾ
പാറിപ്പറക്കുന്നുണ്ട്
അളക്കാതെ പൊലിപ്പിക്കുന്നതിനിടയിൽ
അളന്നിട്ട ചിരികൾ
അച്ചടക്കത്തോടെ മുന്നോട്ടു പോയത്

അറിവിന്റെ അതിരുകൾ
കടന്നു തന്നെയാണെന്ന്
കള്ളികൾക്കിടയിൽ പൂത്ത
മുള്ളുചെടികൾ പറഞ്ഞാണറിഞ്ഞത്.

അണിഞ്ഞൊരുങ്ങിയില്ലേലും
അഴകിന് കുറവില്ലെന്ന്
ആത്മാഭിമാനമുള്ള അക്കങ്ങൾ
ചുവന്നുതുടുക്കുമ്പോൾ തന്നെയാണ്
കൈ നിറയെ സമ്മാനവുമായി
കാലത്തിന്റെ കാവലാളെത്തിയത്.
അരുണ ചക്രത്തിന്റെ വേഗം - എന്ന്
പകച്ചു നിൽക്കെ
ഹൃദയരക്തം പുരണ്ട് ചുവന്ന വാക്കുകൾ
കാർമേഘക്കരിയിലിരുണ്ടു പോയവയെ നോക്കി
ഇനിയും ബാല്യമുണ്ട്
എന്ന് പറയുന്നിടത്ത്
വീണ്ടും ഒരു തളിരില ഇളകിയാടുന്നു.



സരസ്വതി. കെ.എം.



# കാർട്ടൂൺ കേരളം:












**രാജേശ്വരി തുളസി**




# മാസ്ക് അഴിക്കുമോ, 2022 ?



ഫ്രാങ്കോ ലൂയിസ്

**മാസ്കുകളിൽനിന്നു മോചനം വേണം. മുഖം മറച്ച്, ശ്വാസമെടുക്കാൻ ആയാസപ്പെട്ടുള്ള ജീവിതം മടുത്തു. പല വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലുമെല്ലാം പൊതുസ്ഥലങ്ങളിൽ മാസ്ക് ഒഴിവാക്കിത്തുടങ്ങി.**

മുഖംമറച്ചും അടച്ചുപൂട്ടിയും രണ്ടു വർഷം. ഈ പുതുവർഷത്തിലെങ്കിലും മാസ്കുകൾ വലിച്ചെറിയാനാകുമോ? എല്ലാവരുടേയും മനസിലുള്ള ആദ്യ ചോദ്യം ഇതാണ്.

രണ്ടു വർഷമായി കോവിഡ് കശക്കിയെറിഞ്ഞ ലോകം വീണ്ടെടുപ്പിനുള്ള കുതിപ്പിലാണ്. പകർച്ചവ്യാധിയുടെ പിടിയിൽ നിന്ന് മുക്തമാകുമെന്ന പ്രതീക്ഷയിലാണു നാം. രോഗവ്യാപനം തടയാൻ ഏർപ്പെടുത്തിയ അടച്ചിടലുകൾ ലോകക്രമത്തെത്തന്നെ അട്ടിമറിച്ചു. തൊഴിലും വരുമാനവും ഇല്ലാതെ കോടിക്കണക്കിനു ജനങ്ങൾ വീർപ്പുമുട്ടി.

മാസ്കുകളിൽനിന്നു മോചനം വേണം. മുഖം മറച്ച്, ശ്വാസമെടുക്കാൻ ആയാസപ്പെട്ടുള്ള ജീവിതം മടുത്തു. പല വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലുമെല്ലാം പൊതുസ്ഥലങ്ങളിൽ മാസ്ക് ഒഴിവാക്കിത്തുടങ്ങി. വലിയ ആൾക്കൂട്ടങ്ങളുള്ളിടത്തു മാത്രമാണ് മാസ്ക് നിർബന്ധം. വാക്സിന്റെ പ്രതിരോധ ധൈര്യമാണ് ഇതിനു പിറകിൽ. ഇങ്ങിനെയിരിക്കുമ്പോഴാണ് ഓമിക്രോൺ പോലുള്ള പുതിയ വകഭേദങ്ങളുടെ ഭീഷണി.

തുടക്കംമുതലേ മാസ്കു ധരിക്കാത്തവരേയും കോവിഡ് ചട്ടങ്ങൾ പാലിക്കാത്തവരേയും വേട്ടയാടി റിക്കാർഡിട്ട നാടാണു കേരളം. നാട്ടിലൊരാൾക്കു കോവിഡ് ബാധിച്ചാൽ പാട്ടകൊട്ടിയും വേലികെട്ടിയും ആ പ്രദേശത്തെ ഒറ്റപ്പെടുത്തിയ പ്രതിരോധം. കോവിഡ് രോഗികളെ പോലീസ് എസ്കോർട്ടുകളും ആംബുലൻസുകളും അനൗൺസ്മെന്റ് ആരവങ്ങളുമായി ഒരുക്കിയ ഭീകരപ്രതിരോധം. അതിന്റെയെല്ലാം പിറകിലെ ബുദ്ധിരാക്ഷസന്മാരെ ഓർത്ത് കേരളം പൊട്ടിച്ചിരിക്കുകയാണ്. എന്തെല്ലാം കാട്ടിക്കൂട്ടലുകൾ, കള്ളക്കേസുകൾ. അവയ്ക്കെല്ലാമിടയിൽ മാതൃകയെന്നും മികവെന്നുമുള്ള വീമ്പിളക്കലുകൾ. എന്നിട്ടു നേടിയത് റിക്കാർഡു നേട്ടംതന്നെ. രാജ്യത്തെ കോവിഡ് മര

ണത്തിലും രോഗവ്യാപനത്തിലും രണ്ടാം സ്ഥാനമെന്ന റിക്കാർഡ്.

രോഗവ്യാപനത്തിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന മഹാരാഷ്ട്രയിൽ പതിനായിരത്തിലേറെ പേരാണു ചികിൽസയിലുള്ളതെങ്കിൽ കേരളത്തിൽ 34,850 പേരാണു ചികിൽസയിലുള്ളത്. ഇക്കാര്യത്തിൽ ഒന്നാം സ്ഥാനംതന്നെ. കോവിഡ് മരണത്തിൽ രണ്ടാം സ്ഥാനമുണ്ട്. ഡിസംബർ 18 ലെ കണക്കനുസരിച്ച് 44,407 പേരാണു കേരളത്തിൽ കോവിഡ് ബാധിച്ചു മരിച്ചത്. ഒന്നാം സ്ഥാനത്തുള്ള മഹാരാഷ്ട്രയിൽ മരിച്ചത് 1.41 ലക്ഷം പേരാണ്.

## കെ റെയിൽ

കാസർകോടുനിന്ന് തിരുവനന്തപുരത്തേക്കു നാലു മണിക്കൂർകൊണ്ട് എത്താവുന്ന കെ റെയിൽ സിൽവർ ലൈൻ പദ്ധതി കേരളത്തിന്റെ അടിസ്ഥാന വികസനത്തിൽ ഒരു സുപ്രധാന ചുവടുവയ്പാണ്. 529.45 കിലോമീറ്റർ നീളമുള്ള റെയിൽപാത. ഇതിനുള്ള സ്ഥലമെടുപ്പ് അനേകരെ വഴിയാധാരമാക്കും. 12 ജില്ലകളിലായി 955.13 ഹെക്ടർ




സ്ഥലം ഏറ്റെടുക്കണം. നഗരങ്ങളിൽ പൂഴി വീഴാൻ ഇടമില്ലാത്ത വിധത്തിൽ കെട്ടിയുയർത്തിയ കെട്ടിടങ്ങളിലെ അനേകായിരം ചെറുകിട പീടികമുറികൾ മുതൽ വീടുകൾ വരെ പൊളിച്ചുനീക്കേണ്ടിവരും. പതിനഞ്ചു മുതൽ 25 വരെ മീറ്റർ വീതിയിലാണു സ്ഥലം ഏറ്റെടുക്കുക. 137 കിലോമീറ്റർ തൂണുകളിലോ തുരങ്കങ്ങളിലോ ആണ് ആണു പാത. ഒരു ലക്ഷത്തിലേറെ കുടുംബങ്ങളെങ്കിലും കുടിയിറക്കപ്പെടും. സ്ഥലം ഏറ്റെടുക്കൽ അടക്കമുള്ള പദ്ധതിയുടെ ആദ്യഘട്ടത്തിന് 339 കോടി രൂപ ചെലവാക്കും. ഈ വർഷംതന്നെ സ്ഥലമെടുപ്പു പൂർത്തിയാക്കാനാണു സംസ്ഥാന സർക്കാരിന്റെ പദ്ധതി.

എന്നാൽ 1,198 ഹെക്ടർ സ്വകാര്യ ഭൂമിയും 185 ഹെക്ടർ റെയിൽവേ ഭൂമിയും ഏറ്റെടുക്കുമെന്നും ഇതിനായി 7,075 കോടി രൂപ നീക്കിവയ്ക്കുന്നുണ്ടെന്നുമാണ് കെ റെയിൽ പദ്ധതി രേഖയിൽ പറയുന്നത്. ഇതിനു പുറമേ, പൊളിച്ചുമാറ്റുന്ന കെട്ടിടങ്ങൾക്കായി 4,460 കോടി രൂപ നഷ്ടപരിഹാരമായും 1,730 കോടി രൂപ പുനരധിവാസത്തിനായും ചെലവാക്കുമെന്നും പറയുന്നു. ഇങ്ങനെ 13,000 കോടി രൂപയോളം സ്ഥലമെടുപ്പിനു ചെലവാക്കും.

പദ്ധതി നടപ്പാക്കാൻ മൊത്തം 63,941 കോടി രൂപ ചെലവാക്കണം. ഇതിൽ നാൽപതിനായിരം കോടി രൂപയെങ്കിലും വിദേശ വായ്പയാകും. വായ്പ നൽകുന്നവർ മുന്നോട്ടുവയ്ക്കുന്ന ഉപാധികൾ കേരളം പാലിക്കേണ്ടിവരും.

യഥാർത്ഥത്തിൽ ആർക്കുവേണ്ടിയാണ് ഈ പാത. ചെറിയൊരു വിഭാഗത്തിനു മാത്രമാണു പ്രയോജനം. പ്രത്യേകിച്ചു രായ്ക്കുരാമാനം തിരുവനന്തപുരത്തേക്കു പറക്കുന്ന രാഷ്ട്രീയക്കാർക്ക്. എന്നാൽ ബാധ്യത എല്ലാവരുടെ ചുമലിലും ആകും.

അറുപതിനായിരം കോടിയിലേറെ രൂപ മുതൽ മുടക്കുന്ന പദ്ധതിയുടെ ഓരോ ഘട്ടത്തിലും നടത്തിപ്പുകാർക്കു ലഭിക്കുന്ന കമ്മീഷൻ എത്രം? പ്രതിപക്ഷത്തിന്റെ ചോദ്യം ഇതാണ്. പത്തിരുപതു വർഷം മുമ്പു പത്തു ശതമാനമായിരുന്നു കമ്മീഷനെന്നും രാഷ്ട്രീയക്കാർ ഓർമിപ്പിക്കുന്നു.

## ജിഎസ്ടി വിലവർധന

തുണിത്തരങ്ങൾ, ചെരുപ്പ് എന്നിവയുടെ വില പുതുവൽസരത്തോടെ വർധിച്ചു. ഇവയുടെ ജിഎസ്ടി അഞ്ചു ശതമാനത്തിൽ നിന്ന് 12 ശതമാനമായി വർധിപ്പിച്ചിരിക്കുകയാണ്. സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് നവംബർ 18 ന് ഇതു സംബന്ധിച്ച ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതേസമയം ചിലയിനം സിന്തറ്റിക് ഫൈബറുകൾക്കുള്ള നികുതി 18 ശതമാനത്തിൽ നിന്ന് 12 ശതമാനമായി കുറച്ചിട്ടുണ്ട്. സെപ്റ്റംബറിൽ ചേർന്ന ജിഎസ്ടി കൗൺസിലാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്.

അഞ്ചു ശതമാനം മാത്രം നികുതിയുള്ള ഏതാനും ചില ഇനങ്ങളെകൂടി ഈ വർഷം 12 ശതമാനം നികുതി പട്ടികയിലേക്കു മാറ്റാൻ സാധ്യതയുണ്ട്. ഏതെല്ലാം ഇനങ്ങൾക്കു നികുതി വർധിപ്പിക്കാമെന്നു പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്.

## ബസ്, വൈദ്യുതി നിരക്ക്

പ്രധാന ഊർജ സ്രോതസുകളായ പെട്രോളിയം ഉൽപന്നങ്ങൾക്കും കൽക്കരി, വൈദ്യുതി എന്നിവയ്ക്കും വില വർധിക്കും. കൽക്കരി മേഖലയിൽ കഴിഞ്ഞ വർഷം പകുതിയോടെ ആരംഭിച്ച പ്രതിസന്ധി പരിഹരിക്കപ്പെട്ടിട്ടില്ല. കൽക്കരി വിലവർധനയാണ് വൈദ്യുതിയുടെ വിലവർധനയിലേക്കു വഴിവയ്ക്കുന്നത്.

കേരളത്തിൽ വൈദ്യുതി മീറ്റർ റീഡിംഗ് ഡിജിറ്റലൈസ് ചെയ്യുകയും ഉപയോഗിക്കുന്ന വൈദ്യുതിക്കു മുൻകൂറായി പണം ഈടാക്കുകയും ചെയ്യുന്ന സംവിധാനം ഈ വർഷം നിലവിൽ വരും. ഇപ്പോൾ ഉപയോഗിച്ച വൈദ്യുതിക്കു രണ്ടു മാസത്തിനുശേഷമാണ് ഉപഭോക്താക്കൾ ബിൽ അടയ്ക്കുന്നത്. ഇനി സ്വയം മീറ്റർ റീഡ് ചെയ്ത് മുൻകൂറായി പണം അടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതോടെ കെഎസ്ഇബിയിലെ മീറ്റർ റീഡർമാർ അടക്കമുള്ള അനേകം താത്കാലിക ജീവനക്കാർക്കു തൊഴിൽ നഷ്ടമാകുകയും ചെയ്യും.




പെട്രോളിയം ഉൽപന്നങ്ങളുടെ വില വർധന പതിവുപോലെ തുടരും. ആഗോളതലത്തിലുള്ള വിലവർധനയ്ക്കു പുറമേ, ഡോളറിന്റെ മൂല്യവർധനയ്ക്ക് ആനുപാതികമായ നിരക്കു വർധനയും ഉണ്ടാകും. പാചകവാതകത്തിനും വിലവർധിച്ചുകൊണ്ടേയിരിക്കും.

അടിസ്ഥാന ഊർജ മേഖലയിലെ വില വർധന മൊത്തത്തിലുള്ള വിലവർധനയ്ക്കു വഴിവയ്ക്കും. ഉൽപാദന ചെലവും ഗതാഗത ചെലവും വർധിക്കും. ബസ്, ഓട്ടോറിക്ഷ, ട്രെയിൻ സർവീസുകൾക്കുള്ള നിരക്കിലും വർധനയുണ്ടാകും.

കോവിഡ് മുക്തിയിലൂടെ സമ്പദ് വ്യവസ്ഥ സജീവമാകുമെങ്കിലും ഓരോ കുടുംബത്തിന്റേയും സാമ്പത്തിക ബാധ്യത വർധിക്കുമെന്നു സാരം.

കഴിഞ്ഞ വർഷം കേരളത്തിൽ സ്ഥാപിതമായ പ്രകൃതിവാതക ശ്രംഖലയുടെ ഗുണം കൂടുതൽ മേഖലയിലേക്കു ലഭിക്കും. കൂടുതൽ പമ്പുകൾ തുടങ്ങും. കൊച്ചിയിലെ ഫ്ളാറ്റുകളിലേക്ക് പൈപ്പുമാർഗം പാചകവാതകം എത്തുകയും ചെയ്യും. വില കുറവുണ്ടെന്നതാണ് പ്രകൃതി വാതകത്തിന്റെ പ്രധാന ആകർഷണീയത.

## രാജ്യം വിൽപനയ്ക്ക്

കേന്ദ്ര സർക്കാർ കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കാനുള്ള ഓട്ടത്തിലാണ്. ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെപോലും വിറ്റുതുലയ്ക്കുന്നതു സർക്കാരിന്റെ നിത്യചെലവിനു പണം സമാഹരിക്കാൻകൂടിയാണെന്ന് വിസ്മരിക്കരുത്.

പൊതുമേഖലാ ബാങ്കുകൾ, ലൈഫ് ഇൻഷ്വറൻസ് കോർപറേഷൻ, ജനറൽ ഇൻഷ്വറൻസ് സ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം സ്വകാര്യവത്കരിക്കുകയോ ലയിപ്പിക്കുകയോ ചെയ്യുമെന്നു കഴിഞ്ഞ വർഷംതന്നെ കേന്ദ്രം പ്രഖ്യാപിച്ചിരുന്നു. എയർ ഇന്ത്യ ടാറ്റയ്ക്കുതന്നെ തിരിച്ചുകൊടുത്തു.

കപ്പൽശാലകൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ട്രെയിൻ സർവീസുകൾ എന്നിവ മാത്രമല്ല, ദേശീയപാതകൾവരേയും മോദി സർക്കാർ വിൽപനയ്ക്കു വച്ചിരിക്കുന്നു. ഘട്ടംഘട്ടമാ

യി എല്ലാം വിൽക്കും. സ്വകാര്യ മേഖലയ്ക്കു വിട്ടു നൽകുന്നതിലൂടെ കൂടുതൽ മികച്ച സേവനം ലഭ്യമാകും. എന്നാൽ ഉപയോക്താക്കൾ കൂടുതൽ തുക മുടക്കേണ്ടിവരും.

## ഭവന വായ്പ

നോട്ടു നിരോധനവും കടുത്ത നിയമങ്ങളുംമൂലം തകർന്നുപോയ റിയൽ എസ്റ്റേറ്റ് മേഖലയും വീണ്ടെടുപ്പിനുള്ള ശ്രമത്തിലാണ്. എല്ലാ കുടുംബങ്ങൾക്കും ഭവനം ഒരു സ്വപ്നം തന്നെയാണ്. അതു സാക്ഷാത്കരിക്കാൻ കേന്ദ്രസർക്കാർ കഴിഞ്ഞ വർഷം തന്നെ പദ്ധതി തയാറാക്കിയെങ്കിലും ഫലപ്രദമായില്ല.

പുതുവൽസരത്തിൽ കേന്ദ്ര സർക്കാർ കൂടുതൽ ഉദാരമായ നടപടികൾ സ്വീകരിക്കുമെന്നാണു പൊതുവേയുള്ള പ്രതീക്ഷ.

ഭവനവായ്പയ്ക്കു പലിശ ഇളവ് അടക്കമുള്ള ആനുകൂല്യങ്ങൾ അടുത്ത കേന്ദ്ര ബജറ്റിൽ പ്രതീക്ഷിക്കാവുന്നതാണ്. ഫെബ്രുവരി ഒന്നാം തീയതിതന്നെ ബജറ്റ് അവതരിപ്പിച്ചേക്കും. ബജറ്റ് തയറാക്കുന്നതിനു മുന്നോടിയായി വിവിധ വിഭാഗങ്ങളുമായി ധനമന്ത്രി നിർമല സീതാരാമൻ ചർച്ചകളും കൂടിയാലോചനകളും ആരംഭിച്ചു കഴിഞ്ഞു. ജനുവരി പകുതിയോടെ ധനമന്ത്രാലയം ബജറ്റിന്റെ പണിപ്പുരയിലാകും.



ഭവന വായ്പയെടുക്കുന്നവർക്ക് ആദായ നികുതി ഇളവു പരിധിയിലും ഇളവുണ്ടാകും. രണ്ടു ലക്ഷം രൂപവരെയുള്ള ഭവനവായ്പ തിരിച്ചടവിനു മാത്രമേ ആദായനികുതി ഇളവ് അനുവദിക്കുന്നുള്ളൂ. ഇതു വളരെ തുച്ഛമാണ്. ഈ പരിധി അഞ്ചു ലക്ഷം രൂപയെങ്കിലുമായി വർധിപ്പിക്കും. ഭവനവായ്പയെ പ്രോൽസാഹിപ്പിക്കാനും ഭവനനിർമാണത്തിലൂടെ സമ്പദ് വ്യവസ്ഥയെ ഊർജസ്വലമാക്കാനും കഴിയും.

## വർഗീയ രാഷ്ട്രീയം

അധികാരം പിടിക്കുന്നതിൽ വർഗീയ വിഷം നിറച്ച രാഷ്ട്രീയമാണ് എന്നും ജയിച്ചിട്ടുള്ളത്. ദേശീയത മേമ്പൊടിയായി ചേർക്കുകയും ആകാം.

ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുക്കളുടെ വോട്ടു സ്വന്തമാക്കാൻ ഹിന്ദു വർഗീയ വികാരം ആളിക്കത്തിക്കുന്ന തന്ത്രം. ജനങ്ങളെ ഇങ്ങനെ വശത്താക്കുന്നതിൽ വിജയം ബിജെപിയ്ക്കാണ്. വർഗീയ കാർഡുകൾക്കു പിറകേ കോൺഗ്രസുമുണ്ട്. ബാബറി മസ്ജിദ് പൊളിക്കാൻ ബിജെപിക്കും സംഘപരിവാർ സംഘങ്ങൾക്കും ഒത്താശ ചെയ്തുകൊടുത്തത് അന്നത്തെ കോൺഗ്രസിന്റെ നരസിംഹറാവു സർക്കാരാണ്. ഇന്നും കോൺഗ്രസ് മൃദു ഹിന്ദുത്വ സമീപനവുമായാണ് മുന്നോട്ടു പോകുന്നത്. ഒപ്പം മുസ്ലിം സമുദായ പ്രീണനവുമുണ്ട്. സിപിഎമ്മാകട്ടേ, മുസ്ലീം പ്രീണന കാര്യത്തിൽ മുസ്ലിം ലീഗിനേക്കാൾ മുന്നിലാണ്. ന്യൂനപക്ഷ ആനുകൂല്യങ്ങൾ മുസ്ലിം സമുദായത്തിനു മാത്രം വാരിക്കോരി നൽകുന്ന നയം മുതൽ മുസ്ലിം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ നിയമനത്തിൽവരെ അതു കാണാം.

ബിജെപി ഇപ്പോൾ അടവുകൾ പുതുക്കുകയാണ്. ഹിന്ദു വർഗീയതയെ മുറുകെപ്പിടിച്ചുതന്നെയാണ് മുന്നോട്ടു പോകുന്നത്. പള്ളികൾ വെട്ടിപ്പിടിച്ച് അമ്പലങ്ങളാക്കി മാറ്റുന്ന പഴയ നമ്പരുകൾ ഇനിയില്ല. പകരം ജനങ്ങളുടെ ചെലവിൽ പുണ്യനഗരങ്ങളുണ്ടാക്കുകയാണ് പുതിയ പദ്ധതി. വമ്പൻ തീർഥകേന്ദ്രങ്ങളായ ക്ഷേത്രങ്ങളും അവ നിലകൊള്ളുന്ന നഗരങ്ങളും പുണ്യനഗരങ്ങളാക്കി മാറ്റുക. കാശിയിലും അയോധ്യയിലും ഈ നീക്കത്തിനു തുടക്കമിട്ടുകഴിഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടേയും ആഭ്യന്തര മന്ത്രി അമിത് ഷായുടേയും പാർട്ടി അധ്യക്ഷൻ ജെ.പി. നദ്ദയുടേയും നേതൃത്വത്തിൽ ബിജെപി അതിശക്തമായി മുന്നേറുകയാണ്. അച്ചടക്കത്തോടെയുള്ള പ്രവർത്തനം.

എന്നാൽ, പ്രധാന പ്രതിപക്ഷമായ കോൺഗ്രസിന് അ പദവിപോലും നഷ്ടപ്പെ

ട്ട അവസ്ഥയാണ്. പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി നയിക്കുന്ന തൃണമൂൽ കോൺഗ്രസ് പ്രതിപക്ഷത്തെ മുഖ്യകക്ഷിയായി മാറുകയാണ്. കോൺഗ്രസിൽ ധാരാളം നേതാക്കളുണ്ട്. എന്നാൽ അച്ചടക്കം ലവലേശമില്ല. പാർട്ടിയെ നയിക്കാൻ കർമശേഷിയുള്ള നേതാവിനെ പ്രസിഡന്റായി തെരഞ്ഞെടുക്കൻ കഴിയുന്നില്ല. ആക്ടിംഗ് പ്രസിഡന്റ് സോണിയാഗാന്ധി രോഗബാധിതയും ക്ഷീണിതയുമാണ്. ചുമതല ഏറ്റെടുക്കാൻ രാഹുൽഗാന്ധി വിസമ്മതിക്കുന്നു. പല നേതാക്കളും രാഹുലിനെ പ്രസിഡന്റായി അംഗീകരിക്കാനും മടിക്കുന്നുണ്ട്. അങ്ങനെ നാഥനില്ലാത്ത അവസ്ഥയിലാണു കോൺഗ്രസ്.

രണ്ടു വർഷം കഴിഞ്ഞു വീണ്ടുമെത്തുന്ന പൊതുതെരഞ്ഞെടുപ്പിനെ സംഘടിതവും ആസൂത്രിതവുമായി നേരിടാവുന്ന നിലയിലേക്കു കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷത്തിനു വളരാൻ കഴിഞ്ഞിട്ടില്ല. ഈ വർഷവും അതിനു കഴിയുന്ന ലക്ഷണങ്ങളില്ല.

## തെരഞ്ഞെടുപ്പുകൾ

ഈ വർഷം അഞ്ചു സംസ്ഥാനങ്ങളിലേക്കു നിയമസഭാ തെരഞ്ഞെടുപ്പു നടക്കുകയാണ്. ബിജെപി ഭരിക്കുന്ന ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, മണിപ്പൂർ, ഗോവ സംസ്ഥാനങ്ങളിലും കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബിലുമാണ് തെരഞ്ഞെടുപ്പ്. എല്ലായിടത്തും ഭരണം പിടിച്ചെടുക്കാനുള്ള കടുത്ത പോരാട്ടമാണ് അടുത്ത മാസങ്ങളിൽ കാണാനിരിക്കുന്നത്. ഒന്നിച്ചും അച്ചടക്കത്തോടേയും നിലകൊള്ളുന്ന ബിജെപി ഭിന്നിച്ചും കലഹിച്ചും ചിതറിയ പ്രതിപക്ഷത്തെ ഗൗനിക്കുന്നു പോലുമില്ല. എന്നാൽ ജനത്തെ കൈയിലെടുക്കാൻ എല്ലാ പൊടിക്കൈകളും ബിജെപി പയറ്റുന്നുണ്ട്. അവയിലൊന്നാണു കാർഷിക കരിനിയമങ്ങൾ പിൻവലിച്ചത്.

തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതിനു മുമ്പേ, ഈ സ്ഥാനങ്ങളിൽ പദ്ധതി പ്രഖ്യാപനങ്ങളും ഉദ്ഘാടന മാമാങ്കങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി പറന്നു നടക്കുകയാണ്. തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ തുടക്കം അങ്ങനെയാണ്. പ്രതിരോധിക്കാൻ കോൺഗ്രസും പ്രതിപക്ഷ കക്ഷികളും സമ്മേളനങ്ങളുമായി പിറകേയുണ്ട്. എന്നാൽ ഭരണകൂടത്തിന്റെ കരുത്തിൽ ബിജെപി മുന്നേറുകയാണ്.

## കർഷക വിജയം

മൂന്നു കാർഷിക കരിനിയമങ്ങൾ മോദി സർക്കാർ പിൻവലിച്ചത് കർഷകരുടെ കൂട്ടായതും അചഞ്ചലവുമായ സമരത്തിന്റെ വിജയമാണ്. രാജ്യത്തെ 43 കർഷക സംഘടനകളാണ് ഒരു വർഷം നീണ്ട സമരത്തിൽ പങ്കാളികളായത്. അധികാരികളുടെ വേട്ടയാടലുകളും മറ്റും മൂലം എഴുനൂറിലേറെ പേ



രാണ് സമരത്തിനിടെ മരിച്ചത്. എന്നിട്ടും പോരാട്ടവീര്യം ചോർന്നുപോയില്ല. ജീവന്മരണ പോരാട്ടംതന്നെ. തങ്ങളുടെ കൃഷിയിടവും കൃഷിചെയ്യാനുള്ള അവകാശവും ജീവനേക്കാൾ വിലപ്പെട്ടതാണെന്ന തിരിച്ചറിവാണ് ജീവൻ ത്യജിച്ചുള്ള സമരവുമായി മുന്നോട്ടുപോകാൻ കർഷകരെ പ്രേരിപ്പിച്ചത്.

നിരന്തരമായ വേട്ടയാടലുകളെ ചെറുത്ത്, നിശ്ചയദാർഢ്യത്തോടെ ഒറ്റക്കെട്ടായ പോരാട്ടത്തിനു മുന്നിൽ മോദി സർക്കാർ മുട്ടുകുത്തി.

അടുത്ത മാസങ്ങളിൽ തെരഞ്ഞെടുപ്പു നടക്കാനിരിക്കുന്ന യുപി, പഞ്ചാബ്, ഉത്തരാഖണ്ഡ് അടക്കമുള്ള സംസ്ഥാനങ്ങളിൽ കർഷക വികാരം തങ്ങൾക്ക് എതിരാണെന്ന തിരിച്ചറിവാണ് കർഷകദ്രോഹ നിയമങ്ങൾ പിൻവലിക്കാൻ മോദി സർക്കാരിനെ നിർബന്ധിതമാക്കിയത്.

പ്രതിപക്ഷത്തിനു നേട്ടമാക്കാവുന്ന അവസരം ഇല്ലാതാക്കുകകൂടിയാണ് മോദി അങ്ങനെയൊരു നീക്കത്തിലൂടെ ചെയ്തത്. കർഷക കരിനിയമങ്ങൾ പ്രതിപക്ഷ കക്ഷികളുടെ ഐക്യവേദി രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയായിരുന്നു. ആ ഐക്യവേദിക്കു കർഷകസമൂഹത്തിൽനിന്നു വെള്ളവും വളവും വരുന്നതു മോദി തടഞ്ഞു. പിണങ്ങി

നിന്ന കർഷക സമൂഹത്തെ തങ്ങളുടെ വരുതിയിലേക്കു കൊണ്ടുവരുന്നതിനും ഒരു പരിധിവരെ മോദിക്കു കഴിഞ്ഞു.

## വിവാഹ പ്രായം

പെൺകുട്ടികളുടെ വിവാഹ പ്രായം 18 ൽനിന്ന് 21 ആയി ഉയർത്തുകയാണ്. വിവാഹ പ്രായം 18 ആയിരിക്കേത്തന്നെ പലയിടത്തും ശൈശവ വിവാഹം നടക്കുന്നതായി റിപ്പോർട്ടുകളുണ്ട്.



പെൺകുട്ടികൾക്കു പഠിക്കാനും തൊഴിൽനേടാനും അവസരം ലഭിക്കാനും കുറേക്കൂടി പക്വത ആർജിക്കാനുമാണ് വിവാഹപ്രായം ഉയർത്തുന്നത്. സ്ത്രീ ശാക്തീകരണത്തിനും തുല്യതയ്ക്കും വഴിയൊരുക്കുമെന്നുമാണു പ്രതീക്ഷ.

വിവാഹ പ്രായം ഉയർത്തുന്നതോടെ വിവിധ മതവിഭാഗങ്ങളുടെ വ്യക്തിനിയമങ്ങളിലും മാറ്റം വരുത്തേണ്ടിവരും. മുസ്ലിം ലീഗ്, സിപിഎം എന്നീ കക്ഷികൾ വിവാഹ പ്രായം ഉയർത്തുന്നതിനെതിരേ പ്രതിഷേധവുമായി രംഗത്തുണ്ട്.

## കാലാവസ്ഥ വ്യതിയാനം

ഓരോ വർഷം പിന്നിടുന്തോറും കാലാവസ്ഥയിൽ വലിയ മാറ്റങ്ങളാണ് നാം അനുഭവിക്കുന്നത്. ആഗോളതാപനം പോലെ തന്നെ ന്യൂനമർദങ്ങളും ചുഴലികളും ഭീഷണിയായി മാറുന്നു. മൺസൂൺ ക്രമംതെറ്റിയ പ്രളയമാകുന്നു. പൊടിയും പുകയും അന്തരീക്ഷത്തെ മലീമസമാക്കുന്നു.

മൺസൂൺ കാലത്തെ അട്ടിമറിച്ചുകൊണ്ടാണ് ന്യൂനമർദങ്ങൾ മഴ പെയ്യിക്കുന്നത്. ന്യൂനമർദവും മഴയുടെ സ്വഭാവത്തിലുള്ള വ്യതിയാനവും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അപ്രതീക്ഷിതമായ ന്യൂനമർദ മഴ വയലുകളെ വെള്ളത്തിനടിയിലാക്കുന്നു. ഭക്ഷ്യധാന്യങ്ങൾ മുതൽ പച്ചക്കറി ഇനങ്ങൾ വരെയുള്ള എല്ലാ ഇനങ്ങളുടെ കൃഷിയേയും കാലംതെറ്റിയുള്ള പേമാരി അവതാളത്തിലാക്കുന്നു. വൻതോതിലുള്ള കൃഷിനാശം കാർഷിക മേഖലയെ ദുർബലമാക്കും. കഴിഞ്ഞ വർഷം അവസാനത്തോടെ സംഭവിച്ചതുപോലെ പച്ചക്കറി അടക്കമുള്ള ഇനങ്ങൾക്കു വൻതോതിൽ വില വർധിക്കുകയും ചെയ്യും. എന്നാൽ കർഷകർക്കാകട്ടേ തീരാനഷ്ടവും. കാലാവസ്ഥാ വ്യതിയാനം സമ്പദ് വ്യവസ്ഥയെത്തന്നെ ബാധിക്കുന്ന നിലയിലാണ്.

## സ്പോർട്സ്

കോവിഡ് പേടിയകന്നു, സ്റ്റേഡിയങ്ങൾ നിറഞ്ഞു. ആഗോള കായിക മാമാങ്കങ്ങളിൽ ആറാടാൻ കായികപ്രേമികളായ ലക്ഷങ്ങളാണു കാത്തിരിക്കുന്നത്. രണ്ടു വർഷത്തെ അടച്ചുപൂട്ടലിനു ശേഷം തുറന്ന സ്റ്റേഡിയങ്ങളെല്ലാം നിറഞ്ഞു കവിഞ്ഞിരുന്നു. മാസ്ക് പോലും ധരിക്കാതെയാണ് ജനസഹസ്രങ്ങൾ തിക്കിത്തിരക്കിയത്.



ചൈനയിൽ ഫെബ്രുവരി നാലു മുതൽ 20 വരെ നടക്കുന്ന വിന്റർ ഒളിമ്പിക്സ്, ഖത്തറിൽ നവംബർ 21 ന് ആരംഭിക്കുന്ന ഫിഫ വേൾഡ് കപ്പ് ഫുട്ബോൾ എന്നിവ നൽകാനിരിക്കുന്ന സ്പോർട്സ് വിരുന്നിന്റെ മാസ്മരികത പറഞ്ഞറിയിക്കാനില്ല. ജപ്പാനിൽ മേയ് മാസത്തിൽ നടക്കുന്ന വേൾഡ് അക്വാറ്റിക്സ് ചാമ്പ്യൻഷിപ്പും വേൾഡ് മാസ്റ്റേഴ്സ് ഗെയിംസും കാത്തിരുന്നു കാണുന്ന ഇനങ്ങളാകും.

**പുതുവൽസരം ഏവർക്കും ഐശ്വര്യ സമ്പുഷ്ടമാകട്ടെ.** ●



# നാട്ടിലൂടെ നടക്കുമ്പോൾ



യൂസഫ് നടുവണ്ണൂർ

നാട്ടിലൂടെ നടക്കുമ്പോൾ
കാലുകൾ വേരുകളാകുന്നു
കൈകൾ ചെറുവള്ളികൾ
കുഞ്ഞിലകൾ മുളയ്ക്കുന്ന
ശിഖരങ്ങൾ
കൺചിമ്മിത്തുറക്കുന്ന മൊട്ടുകൾ
കുളിർ നിശ്വാസച്ചെറുചിരിപ്പൂവുകൾ!

നാട്ടിലൂടെ നടക്കുമ്പോൾ
കൂടെ വരുന്നൂ ഇടവഴികൾ
ചുവന്നു തുടുത്ത മഞ്ചാടി നാളുകൾ
കുന്നിക്കുരുക്കരിമഷി നോട്ടങ്ങൾ
കുപ്പിവളപ്പൊട്ടിൻ പാടുകൾ
പെറ്റു തീരാത്ത
മയിൽപ്പീലി നോവുകൾ!

നാട്ടിലൂടെ നടക്കുമ്പോൾ
നെഞ്ചിൽ കനക്കുന്നു
നിലാവൊളിച്ച അമാവാസി രാവുകൾ
ഒറ്റക്കിരുന്ന് മൂളുന്നു
രാവിൻ സാന്ദ്രത കുടിച്ചു മരിച്ച
തേക്കു മരപ്പൊത്തിലെ രാക്കിളി!

നാട്ടിലൂടെ നടക്കുമ്പോൾ
കാല് കുത്തി മുറിയ്ക്കുന്നു
വഴിയിൽച്ചിതറിയ മുലപ്പാൽച്ചീളുകൾ
കാതിൽത്തിളയ്ക്കുന്നു
പാതി വെന്തതാരാട്ടിന്നീണം
വിശപ്പായ് കത്തിയാളുന്നു
കുപ്പായമിടാതെ കൂടെയിറങ്ങിയ
വെളിച്ചംകെട്ടൊരു പകൽ!

നാട്ടിലൂടെ നടക്കുമ്പോൾ
നാടും കൂടെ നടക്കുന്നു
നാട്ടിലേക്ക് നടക്കുമ്പോൾ
മഴയായ് പിൻവിളി കനക്കുന്നു
കണ്ണീരുറവച്ചാലിൽ
മൗനത്തിന്നുരുൾ പൊട്ടുന്നു!


# അവർ

ഇന്നു വാരിനിറച്ചുണ്ട
ചോറിൽ നിന്നും
ഒരു പാടം നിറയെ
ചേറ് ,
വിയർത്തൊലിച്ചു
മെലിഞ്ഞുണങ്ങിയ
കുറെ മനുഷ്യർ
കാളകൾ
കിതപ്പ്കൾ,
അവരുടെ കണ്ണീർ

മഴയെ
കാറ്റിനെ
വെയിലിനെ
കേറ്റി കിടത്തുന്ന
വീടുകൾ

രാത്രിയിൽ
വിശന്നുറങ്ങുന്ന
മക്കളെ
മേൽക്കൂരയിലൂടെ
എത്തിനോക്കുന്ന
നക്ഷത്രങ്ങൾ
ഒക്കെയും
ഇറങ്ങി വന്നു
ചുറ്റും നിൽക്കുന്നു

ഞാൻ കഴിച്ചയൊരോ
വറ്റിലും
അവരുടെ വേരുകൾ





ബൈജു റാഫേൽ ആലുവ

# ഞാനെന്ന പുഴയെ വിവർത്തനം ചെയ്യുമ്പോൾ

**കവിത**

ഞാനെന്ന പുഴയെ വിവർത്തനം ചെയ്യുമ്പോൾ
എന്റെ സുന്ദരമായ ഓളങ്ങളെയും
സ്വച്ഛ നീലിമയാർന്ന ജലത്തെയും
നീയൊരുപാട് മനോഹരമായി വർണ്ണിക്കുന്നുണ്ട്.
അടിത്തട്ടിൽ തിളങ്ങുന്ന വെള്ളാരം കല്ലുകൾ കണ്ടെടുക്കുന്നുണ്ട്.
എന്റെ ഹൃദയത്തിൽ
സൂക്ഷിച്ച കരിമീനുകളും വരാലുകളും
പൂളോനും വെള്ളിയാങ്കല്ലിലെ തുമ്പികൾ പോലെ
തിളങ്ങുന്ന പരലുകളും കട്ടെടുത്ത് ആർത്തുവിളിച്ച്
വേരുകളറുക്കുന്നുണ്ട്.



ദർശന

എങ്കിലും നീ മറന്നുപോകുന്ന ചിലതുണ്ട്.
നീയുണ്ടാക്കിയ മണൽ കുഴികളും
നീയെന്നിൽ ആഴ്ത്തിയ വിഷക്കുഴലുകളും
നഞ്ചു കലക്കി നീകൊന്ന
മീനുകൾ പോൽ ഒഴുകുന്ന
പരലോകം പ്രാപിച്ച നിന്റെ
ഇഹലോക ബന്ധങ്ങളും.
എന്നിൽ ഒഴുകിനടക്കുന്ന
ആറ്റുവഞ്ചി പൂക്കളുടെ
സുഗന്ധത്തെ വർണ്ണിക്കുമ്പോൾ
അതിൽ മോഹിതരാകുന്നവർക്ക് അറിയില്ല
കൊഴുത്ത മഞ്ഞ ജലത്തിൽ മുളച്ചുപൊന്തുന്ന
വിഷ ക്കുമിളകൾ.
അറിയണമെന്നില്ല , കൈകുമ്പിളിൽ എടുക്കുന്ന
വഴുക്കുന്ന ജലത്തിന്റെ തീരാത്ത ദുർഗന്ധം.
പക്ഷേ നീ കാണാതെ പോകുന്ന ഒന്നുണ്ട്
എന്റെയുള്ളിലെ അഗ്നിശലാകകൾ.

ശിഥിലമാകുന്ന ചിന്തകളിൽ എപ്പോഴെങ്കിലും
നിലതെറ്റി പോകുന്ന രാത്രിയാമങ്ങളിൽ
എന്നിലേക്ക് ഒഴുകിയെത്തുന്ന
എന്തിനെയും ആവാഹിച്ച് ഞാനൊരു ഉന്മാദിനിയാകും.
അപ്പോഴാ തണുത്തുറഞ്ഞ
അഗ്നിശലാകകൾ പൂത്തുവിടർന്നു
കറുകറുത്ത ആകാശത്തേക്ക്
അഗ്നി വർണ്ണം പൂണ്ട അസ്ത്രങ്ങളെയ്യും
പൊട്ടിയൊഴുകുന്ന മദജലപ്രവാഹത്തിൽ
നിന്റെ കരകളെ ഞാൻ തർപ്പണം ചെയ്യും.
നിന്റെ അശുദ്ധികൾ ആവാഹിച്ച് കടലിൽ ഒഴുക്കും.
കാലമവിടെ ഉർവ്വരതയുടെ പുതു വിത്തുകൾ പാകും
പുതിയ കാമനകൾ ഉണർന്ന് ഉന്മാദ ഗന്ധം പൊഴിക്കും.
അപ്പോൾ എന്റെ വിവർത്തനം പൂർണ്ണമാകും.

# നീയും ഞാനും



ജയപ്രകാശ് എറവ്

കുറച്ച് നാൾ
എനിക്ക് നീയാകണം.
നീ , ഞാനും.
ജീവിതത്തെ പകരം വെച്ച്
നമുക്കത് അനുഭവിക്കാം.
എല്ലാം കീഴ്മേൽ മറിയണം.
ഇതുവരെ അനുഭവിച്ച
പരിഭവങ്ങൾ,
ആധികൾ, വ്യാധികൾ,
ക്രോധങ്ങൾ,
നിശ്ശബ്ദ യുദ്ധങ്ങൾക്കുമെതിരെയും
മുഖം തിരിയ്ക്കാം
അവകാശവാദങ്ങളിൽ,
ഉപദേശ സുവിശേഷങ്ങളിൽ,
അടിമപ്പെടാതിരിയ്ക്കാം.
നമ്മുക്ക് ഭവനങ്ങളിൽ തന്നെ രാപ്പാർക്കാം.
ജീവിതത്തെ ഉല്ലാസഭരിതമാക്കാം.
    പുലർക്കാല സൂര്യനുദിക്കും മുമ്പേ
    നീ ചുംബിക്കുന്ന മഞ്ഞിൻ കണങ്ങളെ
    വിരിഞ്ഞുണർന്ന പൂക്കളെ
    നിന്നെയുണർത്തി പാടിയ
    കിളിമകളെ
    ഞാൻ കാണും.
    കൺകുളിരെ കാൺമതെല്ലാം
    നീയും കാണുക.
    മതിവരാഞ്ഞതെല്ലാം
    പിന്നെയും പിന്നെയും നുകരുക .
നമ്മുടെ ലോകത്തെ മഹത്തരമാക്കാൻ
സൂര്യചന്ദ്രന്മാർ.
താരകങ്ങൾ,
നിലാവ്,
കാറ്റ് , കുളിർമഞ്ഞ്,
സകല ജീവജാലങ്ങളും സ്വയമേവ
സുഖം കോരി നിറച്ച് .
അത്യുന്നതങ്ങളിൽ സ്വസ്ഥിഗീതം പാടി
മാലാഖമാർ പുഷ്പവൃഷ്ടി തൂവും.
ആനന്ദിപ്പാൻ പ്രകൃതിയുടെ മടിത്തട്ടൊരു -
പൂങ്കാവനം.
    വിതയ്ക്കുന്നതും
    കൊയ്യുന്നതും
    നമ്മളാകയാൽ
    ചോദ്യശരങ്ങളെ
    ഒരൊറ്റ മറുപടിയിൽ
    ഒളിപ്പിച്ച് കിടത്താം.



# കാഴ്ചകൾ



സ്വപ്നങ്ങൾ വറ്റാത്തൊരു
കാഴ്ചയൊന്നുണ്ട് മനസ്സിൽ
ഒടുവിലൊരു നിലാവായ്
നീയരികിലെത്തുന്ന നേരത്ത്
മെല്ലെയാ മിഴികളിൽ
കോരിനിറയ്ക്കുവാൻ ....

ഓർമ്മകൾ കെടാത്തൊരു
രൂപമൊന്നുണ്ട് മറവിയിൽ
അരികിലൊരു നിഴലായ്
നീയണയുന്ന നേരത്ത്
വറ്റാത്ത ചായക്കൂട്ടിൽ
ശില്പമായൊരുക്കുവാൻ...

കനലുകൾ പൂക്കാത്ത
ആകാശമൊന്നുണ്ട് കരളിൽ
വേവുന്ന നോവുമായ്
നിൻ മനം പൊള്ളുമ്പോൾ
വർഷമേഘക്കുളിരായ്
വന്നുള്ളം തഴുകുവാൻ...

അക്ഷരങ്ങൾ പിണങ്ങാത്ത
കവിതയൊന്നുണ്ട് കനവിൽ
വാക്കുകളൊരു കളവായ്
വായ്ത്തലം മൂടുമ്പോൾ
നെഞ്ചകം നീറ്റിപ്പുകഞ്ഞൊരു
മഞ്ഞായ് പുതയ്ക്കുവാൻ...



എ. കെ. അനിൽകുമാർ

# കാതോരം..., മനസ്സോരം!!





**200 സിനിമകൾക്കുവേണ്ടി ഈണങ്ങളൊരുക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഈണമിട്ട പാട്ടുകൾ കാലങ്ങൾക്കിപ്പുറവും മനസിൽ തളിരിട്ടു നിൽക്കുകയെന്നത് അതിനേക്കാൾ ശ്രമകരം. സംഗീതസംവിധായകൻ ഔസേപ്പച്ചന് ഇത് തന്റെ സൂക്ഷ്മ ശ്രമങ്ങളുടെ തിളങ്ങുന്ന വിജയമാണ്. എല്ലാ തലമുറകൾക്കും ഇഷ്ടപ്പെട്ട പാട്ടുകളുടെ സ്രഷ്ടാവിനെക്കുറിച്ച്...**

**തേജശ്രീ**

എന്റെ പാട്ടുകൾ ഒരിത്തിരി കാലത്തിനു മുമ്പായിരുന്നു. അന്നങ്ങനെ ചെയ്യാൻ കാരണമുണ്ട്. നാടോടുമ്പോൾ നടുവിലൂടെ ഓടാൻ എനിക്കിഷ്ടമില്ല. മുമ്പിൽ നടക്കാനായിരുന്നു ഇഷ്ടം. നേതാവാകാൻ അല്ല, പുതിയതു ചെയ്യാൻ, മാറ്റങ്ങൾ കൊണ്ടുവരാൻ- സംഗീത സംവിധായകൻ ഔസേപ്പച്ചൻ ഇതു പറയുന്നത് തന്റെ 200 സിനിമകൾ പൂർത്തിയാക്കിയശേഷമാണ്. അന്ന് അദ്ദേഹം കൊണ്ടുവന്ന മാറ്റങ്ങൾ ഇന്നും പുതുമയോടെ നിൽക്കുന്നു. മാറിവന്ന തലമുറകൾ ഓരോന്നും അദ്ദേഹത്തിന്റെ ഈണങ്ങൾ മൂളുന്നു. പഴയതിൽ പുതുമ,



പുതിയതിൽ കൂടുതൽ പുതുമ- ഔസേപ്പച്ചന്റെ പാട്ടുകളെ ഇങ്ങനെ വിശേഷിപ്പിക്കാം.

## 200 സിനിമകൾ

ജിബു ജേക്കബ് സംവിധാനം ചെയ്ത എല്ലാം ശരിയാകും എന്ന ചിത്രം ഔസേപ്പച്ചന്റെ ഇരുനൂറാം സിനിമയാണ്. പിന്നെന്തേ എന്തേ മുല്ലേ എന്ന പാട്ട് പുറത്തിറങ്ങിയപ്പോൾ മുതൽ യുട്യൂബിൽ ട്രെൻഡിംഗ് ആയിരുന്നു. ഈ കുറിപ്പ് തയാറാക്കുന്നതു വരെ 21 ലക്ഷത്തിലേറെത്തവണ ഈ പാട്ട് പ്ലേ ചെയ്യപ്പെട്ടുകഴിഞ്ഞു. പാട്ടിന്റെ യുട്യൂബ് ലിങ്ക് ഷെയർ ചെയ്തുകൊണ്ട് എ.ആർ. റഹ്മാൻ ട്വിറ്ററിൽ ഇങ്ങനെ എഴുതി: താങ്കളുടെ 200-ാമത്തെ ചിത്രത്തിന് എല്ലാവിധ ആശംസകളും. മറുപടിയായി ഔസേപ്പച്ചൻ ഫേസ്ബുക്കിൽ എഴുതിയതിങ്ങനെ: ഈ സ്നേഹത്തിന് എന്റെ പ്രിയ സുഹൃത്തിനു നന്ദി.

പതിവുപോലെ ഔസേപ്പച്ചൻ മാജിക്കുമായാണ് ഈ പാട്ട് പുറത്തിറങ്ങിയത്. ബി.കെ. ഹരിനാരായണന്റെ വരികൾ,



കെ.എസ്. ഹരിശങ്കറിന്റെ ശബ്ദം. അതിമനോഹരമായ മെലഡി.

ഈണമിട്ട ഇരുനൂറാം ചിത്രത്തിൽ ഒരു പ്രധാനകഥാപാത്രമായി അഭിനയിക്കുകയും ചെയ്തു ഔസേപ്പച്ചൻ. കൊലപാതകിയായ വില്ലന്റെ വേഷം. പാട്ടിലെ മാന്ത്രികത അഭിനയത്തിലും ഔസേപ്പച്ചൻ കാണിച്ചു എന്നാണ് എല്ലാവരുടെയും അഭിപ്രായം. അതേക്കുറിച്ച് ഔസേപ്പച്ചൻ പറയുന്നു: ആത്മാവുകൊണ്ടാണ് ഞാൻ സംഗീതം ചെയ്യുന്നത്. എങ്കിലേ ഭാവം കൃത്യമായി വരൂ. പാടുമ്പോഴും സംസാരിക്കുമ്പോഴുമെല്ലാം ഇതാണ് എന്റെ രീതി. അഭിനയിച്ചപ്പോഴും അങ്ങനെതന്നെ.

## വയലിൻ വരദാനം

വയലിനുവേണ്ടിയുള്ള ജന്മമാണ് ഔസേപ്പച്ചന്റേതെന്ന് ഉറപ്പിച്ചു പറയാം. വയലിനും സംഗീതവും തന്റെ ജീവന്റെയും ആത്മാവിന്റെയും ഭാഗമാണെന്ന് അദ്ദേഹം പറയാറുണ്ട്. വയലിനു വേണ്ടിയുള്ള ഒരു ചിപ്പ് തലയിൽ ഉറപ്പിച്ചുവച്ചിട്ടാണ് ദൈവം ഇങ്ങോട്ടു പറഞ്ഞുവിട്ടതെന്ന് അടുത്തയിടെ ഒരഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. വയലിൻ വായന, പാട്ടുകേൾക്കൽ, സംഗീതമൊരുക്കൽ - പാഷനും ഹോബിയും ഈ മൂന്നു കാര്യങ്ങളിൽ ഒതുങ്ങുന്നു.

ഹാർമോണിയം അല്ലെങ്കിൽ കീബോർഡ് വച്ച് ട്യൂൺ ചെയ്യുമ്പോഴും എന്റെ മനസിൽ വരുന്ന സ്വരം വയലിന്റേതാണ്. ഞാൻ വയലിനിലൂടെയാണ് പാട്ടിനെ കാണുന്നത്. ഓരോ നുവാൻസും അളന്നുകുറിച്ച് ഇങ്ങനെയായിരിക്കണമെന്ന് നിർബന്ധമുണ്ട്. പാട്ടിനെ ഞാൻ ഫിംഗർബോർഡിൽ കാണും. അതാണ് പാടിക്കാൻ ശ്രമിക്കുന്നത്. പാട്ടുകാർക്കും, എന്റെ കൂടെ വായിക്കുന്ന ഉപകരണ സംഗീതജ്ഞർക്കും അതു പ്രശ്നങ്ങളുണ്ടാക്കും. ഞാൻ ഈണം കൊടുക്കുമ്പോൾ ചിലപ്പോൾ പുല്ലാങ്കുഴൽ വാദകൻ പറയും- സാറേ ഇത് ഫ്ളൂട്ടിൽ കിട്ടില്ല!.

ഗായകനായിരുന്ന അപ്പൻ മേച്ചേരി ലൂയീസ്, വയലിൻ വായിച്ചിരുന്ന മൂത്ത സഹോദരൻ പോളി- ഇവർ രണ്ടുപേരാണ് ഔസേ

പ്പച്ചനിൽ ഈണങ്ങളുടെ വിത്തുവിതറിയിട്ടത്. മറ്റു സഹോദരങ്ങളും വലിയ പിന്തുണ നൽകി. അങ്ങനെ തന്റെ ജീവിതം സംഗീതത്തിനുള്ളതാണെന്ന് ഔസേപ്പച്ചൻ ഉറപ്പിച്ചു. ചേട്ടന്റെ വയലിൻ എടുത്ത് സ്വയം വായിച്ചു പഠിച്ചു. ഒല്ലൂർ സെന്റ് റാഫേൽസ് പള്ളിയിലെ ക്വയർ സംഘത്തിൽ അംഗമാകുകയും ചെയ്തു. തുടർന്ന് സെമിനാരിയിൽ ചേർന്നു- ഭക്തിയും സംഗീതവും ഒന്നാണെന്നുറപ്പിച്ചതോടെ പഠനം ഇടയ്ക്കുവച്ച് അവസാനിപ്പിച്ചെങ്കിലും. സെമിനാരിയിൽ റെക്ടറായിരുന്ന ഫാ. ആന്റണി മാളിയേക്കൽ സംഗീതത്തിലേക്കു തിരിഞ്ഞു നല്ല നിലയിൽ ആവട്ടെ എന്നനുഗ്രഹിച്ച് അവിടെനിന്നു പോകാനനുവദിക്കുകയായിരുന്നു. ഫാ. അഗസ്റ്റിൻ അക്കര ഇടക്കാലത്തു സമ്മാനമായി നൽകിയ ഒരു ഇറ്റാലിയൻ വയലിൻ അന്നേ ഔസേപ്പച്ചൻ ഹൃദയത്തോടു ചേർത്തുവച്ചു.

## വോയ്സ് ഓഫ് ട്രിച്ചൂർ

പ്രശസ്ത ഗിറ്റാറിസ്റ്റ് ആറ്റ്ലിയാണ് ഔസേപ്പച്ചനെ വോയ്സ് ഓഫ് ട്രിച്ചൂർ എന്ന ഗാനമേള ട്രൂപ്പിലേക്ക് എത്തിക്കുന്നത്. ആദ്യമായി ട്രൂപ്പിന്റെ കൊച്ചു മുറിയിൽ ചെന്ന് ഓർക്കസ്ട്ര സംഘത്തിന്റെ പ്രാക്ടീസ് കണ്ടത് തിളങ്ങുന്ന ഓർമയാണ്. അവിടെനിന്ന് അടിമുടി സംഗീതവുമായി നടക്കുന്ന ഒരു പ്രിയപ്പെട്ട കൂട്ടുകാരനെയും കിട്ടി- മലയാളിയുടെ പ്രിയങ്കരനായ ജോൺസൺ മാസ്റ്ററെ.



വൈകാതെ ഭാവഗായകൻ ജയചന്ദ്രൻ വഴി സാക്ഷാൽ ദേവരാജൻ മാസ്റ്ററുടെ അടുത്തും, അദ്ദേഹത്തിന്റെ താത്പര്യപ്രകാരം മദ്രാസിലും ഔസേപ്പച്ചൻ എത്തി. ജോൺസണും അവിടെയുണ്ട്. ദേവരാജൻ മാസ്റ്ററുടെ പാട്ടുകൾക്കു വയലിൻ വായിച്ചു തുടങ്ങിയ ഔസേപ്പച്ചൻ പിന്നീട് എം.എസ്. വിശ്വനാഥൻ, ഇളയരാജ, ദക്ഷിണാമൂർത്തി, കെ.വി. മഹാദേവൻ, അർജുനൻ മാസ്റ്റർ, ലക്ഷ്മികാന്ത് പ്യാരേലാൽ, ആർ.ഡി. ബർമൻ, നൗഷാദ് തുടങ്ങിയവർക്കെല്ലാം വേണ്ടി വയലിൻ വായിച്ചു.

അങ്ങനെയിരിക്കെ ഒരു സ്റ്റുഡിയോയുടെ പുറത്ത് വയലിനുമായി കൂട്ടുകൂടിയിരുന്ന ഔസേപ്പച്ചനെ കണ്ട് സംവിധായകൻ ഭരതൻ തന്റെ ആരവം എന്ന ചിത്രത്തിൽ വയലിനിസ്റ്റായി അഭിനയിക്കാൻ വിളിച്ചു. ഷൂട്ടിംഗിനിടെ സീനുകളുടെ മൂഡ് അനുസരിച്ചു വായിച്ച വയലിൻ ബിറ്റുകൾ ഭരതന്റെ മനസിൽ കയറിക്കൂടുകയും ചെയ്തു. സിനിമയുടെ റീ റെക്കോർഡിംഗ് ഔസേപ്പച്ചനുതന്നെ ഭരതൻ നൽകി. അങ്ങനെയങ്ങനെ കാതോടു കാതോരം സംഭവിച്ചു. 1985ൽ പുറത്തിറങ്ങിയ ആ ചിത്രത്തിലെ മൂളുകയെങ്കിലും ചെയ്യാത്ത മലയാളികൾ ചുരുങ്ങും.

ആ പാട്ടുകൾ ഹിറ്റായത് എനിക്കു ബാധ്യതയായി മാറി. ഇനിയും സൂക്ഷിച്ചു ചെയ്യണം, കൂടുതൽ നന്നാക്കണം എന്നായിരുന്നു ഗുരുനാഥനായ ദേവരാജൻ മാഷിന്റെ ഉപദേശം. പിന്നീടങ്ങോട്ടു കിട്ടിയ എല്ലാ പാട്ടുകളെയും വളരെ സൂക്ഷ്മതയോടെയാണ് സമീപിച്ചത്. ചിന്തയും ആശങ്കയും എന്നുമുണ്ടായിരുന്നു. അതേ സൂക്ഷ്മത ഇനിയങ്ങോട്ടും എന്നുമുണ്ടാകും- ഔസേപ്പച്ചൻ പറയുന്നു.

ആ ശ്രദ്ധ ഇരുനൂറാം സിനിമയിലെ പാട്ടിലുമുണ്ടായിരുന്നു. പിന്നെന്തേ എന്തേ മുല്ലേ എന്ന പാട്ടിന്റെ പിറവിയെക്കുറിച്ച് അദ്ദേഹം പറയുന്നതിങ്ങനെ:

ട്യൂണാണ് ആദ്യം ചെയ്തത്. സംവിധായകനോടും മറ്റ് അണിയറ പ്രവർത്തകരോടും എല്ലാം നിർബന്ധമായും വരണമെന്ന് പറഞ്ഞിരുന്നു. സീക്രട്ട് കംപോസിംഗ് രീതിയല്ല എന്റേത്. അവരെല്ലാം ന്യൂജെൻ ആൾക്കാരാണ്. എന്നെ സംബന്ധിച്ച് ന്യൂ

ജെനും ഓൾഡ് ജെനും എല്ലാം ഒന്നാണ്. നിങ്ങൾക്കുവേണ്ടത് നിങ്ങളുടെ മുഖത്തുനിന്ന് എനിക്കറിയണമെന്നാണ് അവരോടു പറഞ്ഞിരുന്നത്. ഹാർമോണിയത്തിൽ ആദ്യം ട്യൂൺ വായിച്ചപ്പോൾ എല്ലാവരുടെയും മുഖത്ത് പ്രസാദം.

അതേ പ്രസാദാത്മകതയാണ് ആ പാട്ടു കേട്ടവരുടെ മനസുകളിലും തെളിഞ്ഞുവരുന്നത്.

## ടെക്നോളജിയുടെ തോഴൻ

സംഗീതത്തിൽ സാങ്കേതികവിദ്യയുടെ സൗകര്യവും സൗന്ദര്യവും കൂടുതൽ ഉപയോഗപ്പെടുത്തിയത് എ.ആർ. റഹ്മാൻ ആണ്. അദ്ദേഹത്തിന്റെ അതേ സമയത്ത്, ഒരു പക്ഷേ അതിനേക്കാൾ മുമ്പ് ഔസേപ്പച്ചനും ടെക്നോളജിയുടെ വഴിയിലൂടെ നടന്നു. മലയാളത്തിലെ ആദ്യത്തെ കംപ്യൂട്ടർ സോംഗ് ചെയ്തത് ഔസേപ്പച്ചനാണ്.

വീണ്ടും എന്ന സിനിമയിലെ തേനൂറും മലർ പൂത്ത പൂവാടിയിൽ എന്ന പാട്ട് പൂർണമായും കംപ്യൂട്ടറിലാണ് ചെയ്തത്. മെയിൽ ഓർക്കസ്ട്ര കൺട്രോൾ ചെയ്തത് കംപ്യൂട്ടറായിരുന്നു.

നീയെന്തിനാണ് ഈ കംപ്യൂട്ടറിന്റെ പിന്നാലെ പോകുന്നത് എന്നു ചോദിച്ചിട്ടുണ്ട് പ്രിയ സുഹൃത്ത് ജോൺസൺ. കംപ്യൂട്ടറിന്റെ ഗുണം ഞാൻ പറഞ്ഞു. മാനുവലായി ചെയ്യുന്നതിന്റെ ഭംഗിയോടെ കംപ്യൂട്ടറൈസ് ചെയ്യാം. വീണ്ടും കേൾക്കുമ്പോൾ തബലയുടെ റിവേർബ് കൂട്ടേണ്ടതായിരുന്നു എന്നൊക്കെ തോന്നിയാൽ കംപ്യൂട്ടറിന്റെ സഹായമില്ലാതെ അതു നടക്കില്ല, ആ ഇനി അങ്ങനെ പോട്ടെ എന്ന് ആശ്വസിക്കുകയേ നിർവാഹമുള്ളൂ.

## പഴയതും പുതിയതും

സംഗീതത്തിലെ ബീറ്റുകളുടെ സ്വഭാവം മാത്രമാണ് മാറിയതെന്നു പറയും ഔസേപ്പച്ചൻ. സംഗീതം ഒന്നേയുള്ളൂ, അതു നല്ലതുമാണ്. എനിക്കു വേർതിരിവുകൾ ഇഷ്ടമില്ല. സംഗീതം നൽകുന്ന സുഖമുള്ള മാനസികാവസ്ഥ എന്നും ഒന്നാണ്. ഞാൻ തേടുന്നത് മുമ്പു കേൾക്കാത്ത ഒരീണമാണ്. പരീക്ഷണങ്ങളുടെയും നിരീക്ഷണങ്ങളുടെയും ഫലമായി അതു വരും- അദ്ദേഹം പറയുന്നു.



മെലഡിയിൽ വിട്ടുവീഴ്ചയില്ലാതെ, ഒരല്പം നൊസ്റ്റാൾജിയ കലർന്ന, ക്ലാസിക്കൽ സ്വഭാവം നഷ്ടപ്പെടാത്ത സംഗീതമാണ് ഔസേപ്പച്ചൻ സമ്മാനിക്കുന്നത്. ഇനിയും ആ സുന്ദരഗാനങ്ങൾ വന്നുകൊണ്ടിരിക്കും എന്നാണ് അദ്ദേഹത്തിന്റെ ഉറപ്പ്.

ഒല്ലൂർ സെന്റ് ആന്റണീസ് പള്ളിയുടെ മുന്നിലാണ് ഔസേപ്പച്ചന്റെ തറവാട്. രണ്ടരക്കൊല്ലമായി കിഴക്കുംപാട്ടുകരയിലെ വീട്ടിലാണ് താമസം. 45 വർഷം ചെന്നൈയിൽ കഴിഞ്ഞു. ഇവിടെ താമസമാക്കിയപ്പോഴാണ് മുമ്പേ വരേണ്ടതായിരുന്നു എന്നു തോന്നിയതെന്ന് ഔസേപ്പച്ചൻ പറയുന്നു. ഭാര്യ മരിയയാണ് എല്ലാ വിജയങ്ങളുടെയും ബാക്കപ്പ്. മക്കൾ: കിരൺ, അരുൺ. വീടിനു മുകളിൽ ഒരുക്കിയ ഓംക എന്നു പേരിട്ട സ്റ്റുഡിയോയിൽ പുതിയ പ്രോജക്ടുകൾ ഒരുങ്ങുന്നുണ്ട്- ഹൃദയങ്ങൾ കോർത്തെടുക്കാൻ...



# നടത്തം



സെയ്തലവി വിളയൂർ

സുഖത്തോടൊപ്പം
അസുഖവും വർദ്ധിച്ചപ്പോഴാണ്
കൂനിക്കൂടിയിരുന്നിരുന്ന
പുലർച്ചകളെഴുന്നേറ്റ്
നടത്തം തുടങ്ങിയത്..
ഒത്തിരി വീഴ്ച്ചക്കൊടുവിൽ
പഠിച്ചെടുത്ത നടത്തത്തെ
ദയാദാക്ഷിണ്യമേതുമില്ലാതെ
വഴിയുപേക്ഷിച്ചതിനാലാണ്
ഇപ്പോഴിങ്ങനെ
നടക്കേണ്ടി വന്നത്..
ഇന്നലെകളിൽ
മടിയുടെ പുതപ്പണിഞ്ഞവരാണ്
ഇന്നിനോടൊപ്പമെത്താൻ
ആഞ്ഞു നടക്കുന്നത്..
ചരിത്രാവശിഷ്ടങ്ങൾ പോലും
ബാക്കി വെക്കാതെ
മൺമറഞ്ഞു പോയതിനാൽ
നടന്ന കഥകൾ അയവിറക്കാൻ
വഴികളൊന്നുമില്ല..
ജീവിത പാതയിൽ
കാലിടറുമ്പോൾ മാത്രമാണ്
നടന്നു വന്ന വഴികളിലേക്ക്
തിരിഞ്ഞു നോക്കുന്നത്..
നടന്നു നടന്നു
നട്ടെല്ലൊടിയുമ്പോഴാണ്
രേഖകൾ പോലും
ശരിയാകുന്നത്..
പത്രാസു കൂടുമ്പോഴും
വികലമാകുമ്പോഴുമാണ്
'അവന്റെയൊരു നടത്ത'മെന്ന
ചിലരുടെ ചൊല്ലുകളിൽ
അസൂയയും പരിഹാസവും
സമാസമം ചേരുന്നത്..
വഴിമാറിപ്പോകുമ്പോഴാണ്
,നിന്റെയീ നടത്തം ശരിയാവില്ലെന്ന
ഉറ്റവരുടെ താക്കീത്
നടത്തത്തെ സൈ്വരം കെടുത്തുന്നത്..
ഉറക്കച്ചടവ് മാറാത്തതിനാലാവും
ചില പ്രഭാത നടത്തങ്ങൾ
വാഹനമിടിച്ചു മരിക്കുന്നതും
ചരമ കോളത്തിനുമപ്പുറത്ത്
സ്ഥാനം പിടിക്കുന്നതും..

# മര(ണ)മൊഴി



ഷേർലി മണലിൽ

അവസാനത്തെയാളും
ഇറങ്ങുന്നു
ഏറ്റം ശാന്തമായ്
കൂട്ടിക്കെട്ടിയ
വിരലിടുക്കിൽ പറ്റിപ്പിടിച്ച്
ഇത്തിരിമണ്ണ്
വന്നിടത്തേയ്ക്ക് മടങ്ങുന്നു.
കല്ലിച്ച ചുണ്ടുകൾക്കിടയിൽ
ബാക്കിവച്ച ചുംബനങ്ങൾ
കരുവാളിച്ചുകിടക്കുന്നു
കണ്ടുതീരാത്ത
കാഴ്ചകളുടെ വാതിലുകൾ
പാതിതുറന്നിരിയ്ക്കുന്നു.
തുറന്ന പുസ്തകത്താളിലെ
പൂർത്തിയാക്കാത്ത വരികൾ
ഒലിച്ചിറങ്ങിയൊപ്പം നടക്കുന്നു
ഒന്നിച്ചഗ്നിയെപ്പുണർ-
ന്നലിയാമെന്നൊരു

മരം മൊഴിയുന്നു
മരണമൊഴിയാവുന്നു.
മേൽവിലാസമില്ലാതായ വീട്
പാതിവഴിയെത്തിമടങ്ങിയ
സന്ദേശങ്ങളെത്തെരഞ്ഞ്
തെരുവിലേയ്ക്കിറങ്ങുന്നു
തെരുവിന്റെ ചുവരുകളെല്ലാം
ഒരേപോലെയുള്ള
വീടുകൾവരയ്ക്കുന്നു.



# മൂന്ന് പ്രണയ സമവാക്യങ്ങൾ

കവിത



## ഒന്ന്

നെഞ്ചിലെ പാനപാത്രത്തിൽ നിറച്ച
പ്രണയത്തിന് ലഹരി
പോരാഞ്ഞതിനാലാണത്രെ
അവളുടെ ചുടുരക്തം
അവനതിൽ ഇറ്റിച്ചത്....

പ്രണയത്തിന്റെ പനിനീർപ്പൂവ്
ചുവന്നു തുടുത്തത് ഇപ്പോൾ
മാത്രമെന്ന് പുതുഭാഷ്യം... !

## രണ്ട്

വസന്തത്തിൽ പുഷ്പിച്ച ആ പ്രണയം
ഒരു കത്തിമുനയാൽ അവൻ ചൂഴ്ന്നെടുത്തു...
പക്ഷേ മിടിപ്പു നിലച്ചതിനാൽ
അത് സുഗന്ധരഹിതമായിരുന്നു..

പ്രണയത്തിൽ നിന്നും
പ്രതികാരത്തിലേക്കുള്ള ദൂരം
രണ്ട് ഇമോജികൾക്കിടയിൽ
ഒതുങ്ങുന്നതെന്ന് നവമൊഴി...!

## മൂന്ന്

ഉന്മാദത്തിന്റെ കൊടുമുടികളിൽ
അവൻ കാതുകൾ മുറിച്ചു നീട്ടിയില്ല...
പകരം, പ്രണയത്തിന്റെ സൂര്യകാന്തിപൂക്കൾ
തേടി മരണത്തിന്റെ പറുദീസയിലേക്കുയർന്നപ്പോൾ
അവളെയും വിടാതെ ചേർത്ത് പിടിച്ചിരുന്നു...

പ്രണയത്തിന് മരണമില്ലെന്ന്
പഴമൊഴി... !



ദിവ്യ എച്ച്



# അടുക്കള

അവളരങ്ങൊഴിഞ്ഞപ്പോഴാണറിയുന്നത്
അടുക്കളയും ഒരു മഹാ സംഭവമായിരുന്നെന്ന്...

ദിവസവും എന്നെ ബാധിക്കാത്ത പുറത്ത് നടക്കുന്ന കാര്യങ്ങൾ
വീരവാദമായി ഞാൻ പറഞ്ഞു തീർത്തപ്പോഴും
അടുക്കളയിൽ ചില വലിയ കാര്യങ്ങൾ
അരങ്ങു തകർക്കുന്നുണ്ടായിരുന്നു..

രാവിലെ ഫോണിൽ നിന്നുയരുന്ന
അലാറത്തിന്റെ ശബ്ദം മുതൽ
രാത്രി ഏറെ വൈകി നാളേക്ക് അലാറത്തിന്റെ
സമയം മാറ്റുന്ന വരെയും അവൾ ഏറെ തിരക്കിലായിരുന്നു..

ഒരവധി ദിവസം അവൾക്കൊരു വിശ്രമം
എന്നതിന് പകരം അടുക്കളയ്ക്കൊരു
വിശ്രമം എന്ന് പറഞ്ഞപ്പോഴും കേൾക്കാതെ
നീയുള്ള അടുക്കളയിൽ നിന്നുയിരുന്ന
ഭക്ഷണത്തിന്റെ രുചി മോഹിച്ചിട്ടാണെന്ന്
എത്രയോ വട്ടം പറഞ്ഞൊഴിഞ്ഞിരിക്കുന്നു..

ഒരു സഹായത്തിനൊരു കൈക്കൂട്ട്
വരാനാവശ്യപ്പെട്ടപ്പോഴൊക്കെയും പിടുപ്പത്
പണിയെന്നു പറഞ്ഞ് ഞാനെന്തൊക്കെയോ തിരഞ്ഞു കൊണ്ടിരുന്നു..

മൂന്നാൾക്ക് മാറി മാറി വിഭവങ്ങളൊരുക്കിയപ്പോഴും
നാലാമതവൾക്കൊന്നു മാത്രം പ്രത്യേകമുണ്ടായിരുന്നില്ല,,
അവൾക്കെല്ലാമൊരെപോലെയിഷ്ടമത്രേ..

അടുപ്പെരിയാത്തതിന്റെയും വിറക് കത്താത്തതിന്റെയും
പ്രതിഷേധം എത്രയോ തവണകളിൽ ഉയർന്നിരിക്കണം..

പുറത്തു കൊണ്ട് പോകാതിരിക്കാൻ മാത്രം
അവളിൽ കുറവുകളൊന്നുമുണ്ടായിരുന്നില്ല,,
മാധവികുട്ടിയുടെ കഥയിലെ കോലാടുമായിരുന്നില്ല..

എന്റെ അവിവേകമായിരിക്കണം
പുറം ലോകമറിയാനാഗ്രഹിച്ച ഒരുവളെ
അകത്തളങ്ങളിൽ തളച്ചിട്ട് ഞാൻ നേടിയതൊക്കെയും
ഇനിയങ്ങോട്ട് തനിയെ അനുഭവിക്കേണ്ടി വരുന്ന
അന്ധമായ ദിവസങ്ങളെ ആയിരിക്കണം..

ശൂന്യതയുടെ കൊടുമുടിയിൽ ഞാനിങ്ങനെ
ആലോചിച്ച് നിൽക്കുന്നതവൾ അറിയണ്ട,,
അവളൊന്നാലോചിച്ചു നിൽക്കുന്നത് പോലും ഞാൻ കണ്ടിട്ടില്ല..

ഇന്നുമടുക്കളയിൽ നിന്നുയിരുന്ന പുകയിലവളുടെ സാന്നിധ്യമുണ്ട്,,
കനലെരിയുന്നുണ്ടെങ്കിലും
ആ ചൂട് തണുപ്പിക്കാനൊരു കാറ്റ് വീശുന്നുണ്ട്..

എവിടെ തുടങ്ങണമെന്നറിയാതെ നിൽക്കുമ്പോഴും
ഓർമകളിൽ എന്തൊക്കെയോ മിന്നി മായുന്നുണ്ട്..

അവളറിയുന്നുണ്ടാകണമിപ്പോൾ..
എനിക്കിതൊന്നും ശീലമില്ലെന്നും,,
പൈതങ്ങൾക്ക് വേണ്ടിയെങ്കിലും പതറി പോകില്ലെന്നും.....



അലിഷ മാഹിൻ



# ചുംബന കയ്പ്പ്

നിന്റെ ചുണ്ടുകൾ എനിക്കു തേൻപഴമാണ്.
ചിലപ്പോൾ കാഞ്ഞിരവും.
നിന്റെ ഉമ്മകളിൽ ഞാൻ മിഴിയടയ്ക്കുമ്പോൾ
ഉൾക്കണ്ണുകളിൽ തെളിയുന്നത്
രതിദ്വീപിലെ ഏകാന്ത വാസം.
എന്റെ അധരങ്ങൾ നിന്റെ കണ്ണുകളെ
തൊടുമ്പോൾ ഒരു മായാമയൂരം
പീലി നിവർത്തിയാടുന്നു.
എന്റെ ചുണ്ടുകൾ ദംശിച്ച്
നീ നുകരുമ്പോൾ, നിനക്കൊരു
യക്ഷി പ്പെണ്ണിന്റെ പ്രണയം.
ഇനി മുതൽ ചുംബിക്കുമ്പോൾ
നമ്മുക്കു ഉൾക്കണ്ണുകൾ തുറക്കാം
നഗ്നനേരുകളുടെ വേരുകൾ കാണാം.
ജീവിതക്കയ്പ്പ് മധുരമായി മൊഴി മാറ്റാം.



ബി.ജോസുകുട്ടി

കവിത

# കാണാമറയത്തെ തണൽമരങ്ങൾ



ഷബ്ന അബൂബക്കർ

തെന്നലായ് അക്കരെ നിന്നൊഴുകിയെത്തുമൊരു
കിളിനാദം കേൾക്കവേ ക്ഷണം,

നയനങ്ങളോ ഈറനാവുന്നു തുടിക്കുന്നു
ഹൃദയവും അരികിലെത്തിടാൻ.

വിരഹദുഃഖത്തിന്റെ നോവുപേറും മാനസം
വിങ്ങിടുന്നു സുഖമുള്ളൊരോർമയിൽ,

പ്രിയമായവർ വിശേഷങ്ങളാരായുന്നൊരാ
നേരമൊരു നെടുവീർപ്പുയരുന്നു.

വ്യഥയാൽ പിടയുന്ന നെഞ്ചവും യാതനയിൽ
നീറും ഗാത്രത്തിലും തഴുകി,

വിയർപ്പിൻ പ്രവാഹത്തെ തട്ടിയെറിഞ്ഞും
കാപട്യമാം ചിരി അധരത്തിൽ നിറച്ചുമവരോതും,

പ്രിയമേറിയ ചിരിയുടെ ഓർമയിൽ,സുഖമാണിവിടം
സന്തോഷമെന്നൊരു പെരുംനുണ.

കടലുകൾ കടന്നക്കരെ പോയവർ ഉറ്റവരുടെ
കടങ്ങളത് തീർക്കുവാൻ.

കടങ്ങളും തീർന്നു കടകളും നേടിയെങ്കിലും
പെട്ടുപോയതൊരു ചുഴിയിലും.

കരപറ്റിയെത്തുന്ന നേരമോ കേടായിമാറും ദേഹവും
കൂട്ടായിയെത്തും രോഗവും.

പ്രിയമേറിടുന്നോരെ പ്രയാസങ്ങൾ
തീർക്കുമൊരു പ്രവാസിയാണവർ.

സ്നേഹമൊഴുക്കണ്ണേ കാണാമറയ
ത്തിരുന്നുരുകും തണൽമരമാണവർ.






# ഇരട്ടകൾ

നീയും ഞാനും ഇരട്ടകൾ!
ഒരേ ഗർഭപാത്രത്തിൽ പിറന്നവർ!
പക്ഷേ ചുറ്റും അതിർവരമ്പുകൾ കെട്ടാനോ
ഒപ്പത്തിനൊപ്പം പിറന്നത്?
പരസ്പരം അതിർത്തികൾ കെട്ടിനാം
പരസ്പരമറിയാതെ തുടരുന്നു.

കാലങ്ങളെത്ര കടന്നുപോയി.
വേനലിൻപാതകൾ
ഒറ്റയ്ക്ക് താണ്ടവേ
മുറ്റത്തെ മാവിന്റെ ചില്ലയിൽ തൂക്കി
നാം സ്വപ്നങ്ങളും.

തുള്ളികൾ പെയ്തിറങ്ങിയ വഴികളിൽ
ചെളിയൊരുതുള്ളിയില്ലെങ്കിലും
മറവിതന്നിതളാൽ മറയ്ക്കണം
നിനവുകൾ കണ്ണെഴുതിയ
വർണ്ണത്തുമ്പികളെയും.



പ്രീത ടി.



# നന്മയൊഴുകുമ്പോൾ

പങ്കുവെക്കലിന്റെ
പുഴയിലേക്ക് ഒഴുകുന്ന
തുള്ളികൾക്ക്
നിറഭേദങ്ങളുടെ
കറ പുരളാത്ത
തെളിമയുണ്ടാകും.

തെളിനീരൊഴുകുന്ന
പുഴയിൽനിന്നൊരു
കൈക്കുമ്പിൾ ജലം
രുചിച്ചു നോക്കിയാലതിന്
മനുഷ്യത്വത്തിന്റെ
രുചിയുണ്ടാകും.

തുള്ളികളൊഴുക്കി
തെളിമയാർന്ന പുഴക്ക്
സൗഭഗം പരത്തുന്ന
സഹജീവി സ്നേഹത്തിന്റെ
ഗന്ധമുണ്ടാവും.

ഋതുഭേദങ്ങൾ
മറന്നു പെയ്യുന്നൊരു
മഴയിലാണ്,
വരൾച്ചയുടെ വേലിയറുത്ത്
നന്മയുടെ തുള്ളികൾ
ചേർന്നൊരു
പുഴയൊഴുക്കുന്നത്.

വരണ്ടുണങ്ങി വിണ്ടുകീറിയ
ഹൃദയപാടങ്ങൾ
നനച്ചുണർത്താനൊരു മഴ
പെയ്തിറങ്ങുന്നതും
കാത്തിരിപ്പുണ്ട്,
വറ്റാത്ത പ്രതീക്ഷകൾ...



ശഫീഖ് അബ്ദുല്ല

# ഒരു കഥയും കവിതയും ജനിക്കുന്നു





കൃഷ്ണകുമാർ മാപ്രാണം

ഓരോന്നിങ്ങനെ ചിന്തിക്കുകയായിരുന്നു. ഒരു ആവശ്യമില്ലെങ്കിൽ കൂടി തന്നെ വെറുതെയിങ്ങനെ കിടക്കുമ്പോൾ മനസ്സിൽ കടന്നു വരുകയാണ് ചില ചിതറിയ ചിത്രങ്ങൾ.

ഞാനാലോചിക്കുന്നത് എന്തിനുവേണ്ടിയാണ് ഞാനിങ്ങനെ എഴുതുന്നത് എന്നതിനെ കുറിച്ചാണ്. എന്തെങ്കിലും കാര്യമുണ്ടോ ബുദ്ധിമുട്ടി എഴുതിയിട്ട്.

ഒരു കാര്യവുമില്ല.

ഒരു കാര്യവുമില്ലാതെ എന്തിനിങ്ങനെ പിന്നെ എഴുതുന്നു എന്ന ചോദ്യത്തിന് വ്യക്തമായി ഒരുത്തരവുമില്ല എൻറെ പക്കൽ. ചില ചിന്തകൾ പകർത്തുമ്പോൾ മനസ്സിനൊരു ആശ്വാസം ലഭിക്കുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്.

എഴുതിയില്ലെങ്കിൽ ഹൃദയത്തിൽ വലിയ ഭാരം കയറ്റിവച്ചതുപോലെ. ഒരു ചുഴലികാറ്റ് വട്ടമിട്ടു പറക്കുന്നതുപോലെ. എഴുതികഴിഞ്ഞാൽ ഒരു ശാന്തത തോന്നുന്നു. മനസ്സിനകത്തു വല്ലാത്തൊരു ആശ്വാസവുമുണ്ട്.

അഞ്ചാം ക്ളാസിൽ പഠിക്കുമ്പോൾ മുതൽക്കുതന്നെ കഥകളൊക്കെ വായിക്കാൻ തുടങ്ങിയത് ആരും കാണാതെയായിരുന്നു . പഠിക്കാനുള്ളത് വായിച്ചു നോക്കാതെ കഥയും കളിയുമായി നടക്കുമ്പോളെല്ലാം വീട്ടിലുള്ളവരുടെ വഴക്കും ചീത്തയും ചിലപ്പോഴൊക്കെ തുടയിൽ പുളിവാറലുകൊണ്ടുള്ള അടിയും നന്നായി കിട്ടി.

അവരെ കുറ്റം പറയുവാൻ പറ്റുമോ?

എഴുതുന്നതും കുത്തികുറിക്കുന്നതും പഠനകാര്യങ്ങളല്ലേയെന്നറിയാൻ മുറിയിൽ ഇടയ്ക്കിടെ വന്നും പോയും എത്തിനോക്കിയും ശ്രദ്ധയോടെയിരിക്കുകയാണ് വീട്ടിലുള്ളവർ.

വീട്ടിലുള്ളവരൊക്കെ വളരെയധികം വായിക്കുന്നവരായിരുന്നു . പക്ഷേ കുട്ടികൾ പഠനകാര്യത്തിൽ ശ്രദ്ധയില്ലാതെ കഥാപുസ്തകങ്ങൾ മാത്രം വായിച്ചാൽ പരീക്ഷയിൽ തോറ്റുപോകുമെന്നുള്ള ഭയംകൊണ്ടായിരിക്കാം ഇവയൊന്നും പ്രോത്സാഹിപ്പിക്കാതിരുന്നതെന്ന് ഇന്നെനിക്ക് ബോധ്യമാവുന്നു.

രാത്രിയിൽ മണ്ണെണ്ണ വിളക്കിൻറെ മങ്ങി

യ വെട്ടത്തിൽ പഠിക്കുകയാണെന്ന നാട്യത്തിൽ വായിച്ചത് വായനശാലയിൽ നിന്നും വീട്ടിൽ കൊണ്ടുവന്നു വച്ച കഥകളും നോവലുകളുമായിരുന്നു.

ആരും കാണാതെയാണ് വായന. പിടിക്കപ്പെട്ടാൽ ശാസനയ്ക്കപ്പുറമുള്ള ശിക്ഷകളെ ഭയന്ന് പുസ്തകം ഇരുന്നഭാഗത്തു ഒരനക്കം പോലുമില്ലാതെ തിരികെകൊണ്ടുവയ്ക്കും . പലതും വായിച്ചു മുഴുവനാക്കും മുൻപേ അടുത്ത ദിവസം വായിക്കാമെന്നോർത്തിരിക്കുമ്പോഴേയ്ക്കും അത് അപ്രത്യക്ഷമായി മറ്റൊന്ന് എത്തിയിട്ടുണ്ടാകും . അതുകൊണ്ട് പലകഥകളും സസ്പെൻസിൽ കലാശിച്ചു.

വീട്ടിൽ മുതിർന്നവരുടെ വായനകഴിഞ്ഞിരിക്കും അതുകൊണ്ടാണ് മറ്റൊന്ന് പ്രത്യക്ഷമാകുന്നത് .

ഹൈസ്ക്കൂളിലെത്തിയപ്പോൾ വായന വർദ്ധിച്ചതേയുള്ളു . മധ്യവേനലവധിയിൽ വായനാവിലക്ക് ഏർപ്പെടുത്തിയിരുന്നില്ല . അതുകൊണ്ട് ഒരു സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു . ധൈര്യപൂർവ്വം പറയാം വായിച്ചു കഴിഞ്ഞ് നാളെ കൊടുത്താൽ മതി എൻറെ വായന കഴിഞ്ഞിട്ടില്ലാ എന്നൊക്കെ .

ഒ. ചന്തുമേനോൻ, സി.വി.കുഞ്ഞുരാമൻ, സി.വി. രാമൻപിള്ള, കാരൂർ നീലകണ്ഠപിള്ള, എം.പി.ഭട്ടതിരിപ്പാട് , നാലപ്പാട്ട് നാരായണമേനോൻ, ഈ .വി. കൃഷ്ണപ്പിള്ള, നന്തനാർ, തകഴി, എസ് . കെ. പൊറ്റെക്കാട്, ഉണ്ണികൃഷ്ണൻ പുതൂർ, എം.ടി , മാധവിക്കുട്ടി , ബഷീർ , തകഴി, പി,കേശവദേവ്, ഒ.വി .വിജയൻ , കോവിലൻ ,വി .കെ .എൻ , വിലാസിനി , ഉറൂബ് , മുകുന്ദൻ , സി .രാധാകൃഷ്ണൻ, പുനത്തിൽ കുഞ്ഞബ്ദുള്ള , ടി. പത്മനാഭൻ , പി.കെ .ബാലകൃഷ്ണൻ,


പി .നരേന്ദ്രനാഥ് , ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി , രാജലക്ഷ്മി, ലളിതാംബികാന്തർജ്ജനം , കെ.ബി.ശ്രീദേവി , എസ് .കെ .മാരാർ , വി.ടി.നന്ദകുമാർ, സാറാതോമാസ്, കാക്കനാടൻ , ഏകലവ്യൻ , പാറപ്പുറത്ത് , ചെറുകാട്, വി,.എ.എ.അസീസ്, കാനം , മുട്ടത്തുവർക്കി , വേളൂർ കൃഷ്ണൻ കുട്ടി, കോട്ടയം പുഷ്പനാഥ് , തോമാസ് .ടി. അമ്പാട്ട് , മോപ്പസാങ്ങ് , പ്രേംചന്ദ് , ഡി. ജയകാന്തൻ , ദുർഖപ്രസാദ് ഖത്രി , താരാശങ്കർ ബാനർജി ,

ചങ്ങമ്പുഴ, വൈലോപ്പിള്ളി, ഇടശ്ശേരി, ഇടപ്പള്ളി ,അക്കിത്തം , പാലാനാരായണൻ നായർ എന്നീ സാഹിത്യ പ്രതിഭകൾ എന്നിൽ വായനയുടെ വസന്തമാണ് തീർത്തത് .

തോപ്പിൽഭാസി , എസ് .എൽ .പുരം സദാനന്ദൻ ,

സി.എൽ .ജോസ്, എൻ .ഗോവിന്ദൻകുട്ടി , തീക്കോടിയൻ , കെ.ടി .മുഹമ്മദ് ,

എൻ .എൻ.പിള്ള , വാസുപ്രദീപ് തുട



ങ്ങിയ നാടകകൃത്തുക്കളുടെ നാടകങ്ങളും വായിക്കാനായി .

പതിനാറാം വയസ്സിൽ തന്നെ ഗ്രാമീണ വായനശാലയുടെ ലൈബ്രേറിയനാവാൻ കഴിഞ്ഞപ്പോൾ പുസ്തകങ്ങൾ വായിക്കാനൊരു എളുപ്പമാർഗ്ഗവും തെളിയുകയായിരുന്നു.

ഗ്രാമീണ വായനശാല വൈകുന്നേരമേ തുറക്കേണ്ടതുള്ളു അഞ്ചരമുതൽ ആറരവരെയാണ് സമയം.

പത്താം ക്ളാസിനുശേഷം കോളേജിൽ ചേർത്താൻ വീട്ടിൽ പണമുണ്ടായിരുന്നില്ല. അതുകൊണ്ട് ടൈപ്പ്റൈറ്റിംഗും ഷോർട്ട്ഹാൻറും പഠിക്കാനാണ് വിട്ടത് .

എൻറെ നിർബന്ധം കൊണ്ട് സഹികെട്ട് അമ്മ താലിമാല പണയം വച്ച് പിറ്റേകൊല്ലം കോളേജിൽ ചേർത്തു . ഷിഫ്റ്റ് സമ്പ്രദായം കാരണം ഉച്ചവരെയാണ് കോളേജിൽ ക്ളാസ്സുള്ളത്. വരുന്ന വഴി മാപ്രാണം അടയ്ക്കപന്തലിനു മുകളിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ ടൈപ്പ്റൈറ്റിംഗും ചുരുക്കെഴുത്തും പഠിക്കും .

അടുത്തുള്ള കുറച്ചു കുട്ടികൾ റ്റ്യൂഷന് വന്നിരുന്നു. നാലുമണിമുതൽ അഞ്ചര വരെ വീട്ടിൽ അവർക്ക് റ്റ്യൂഷനെടുക്കും മുടക്കദിവസങ്ങളിൽ റ്റ്യൂഷന് സമയദൈർഘ്യം കൂട്ടും.

അങ്ങിനെയിരിക്കുമ്പോളൊന്നും ഒരു കഥയും മനസ്സിലില്ലായിരുന്നു .

കോളേജ് പഠന കാലത്ത് മാഗസിനിലേയ്ക്ക് ഒരു കഥ വേണമെന്ന് മാഗസിൻ എഡിറ്റർ ജോഷി പറഞ്ഞപ്പോൾ എന്നോട് കഥവേണമെന്ന് പറയാൻ തോന്നിച്ചത് എന്നെ അമ്പരപ്പിച്ചു കളഞ്ഞു .

ഒരു കഥ പോലും ഇത്രയും വായിച്ചിട്ടും ഞാനെഴുതാൻ തുടങ്ങിയിരുന്നില്ല .ഞാൻ ഒഴിഞ്ഞു മാറിയെങ്കിലും നിർബന്ധിച്ച് അദ്ദേഹം ഒരുകഥയെഴുതി വാങ്ങിച്ചു. ഒരുപാടു സമയമെടുത്താണ് അന്നതു എഴുതിയതുതന്നെ. അതും ആരും കാണാതെ . ആരെങ്കിലും മുറിയിലെത്തിയാൽ ഉടനെ എഴുതിയത് മറച്ചുവയ്ക്കും. വീട്ടുകാർ കണ്ടാൽ പിന്നെ പ്രശ്നമാണ്.

ആ കഥ മാഗസിനിൽ അച്ചടിച്ചു വന്നപ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷമാണുണ്ടായത്. കോളേജിൽ അധികം കൂട്ടുകാരൊന്നും എനിക്കുണ്ടായിരുന്നില്ല. ക്ളാസിൽ ഒന്നുരണ്ടു വിദ്യാർത്ഥികളെ കാണിച്ചു അത്രതന്നെ. മിക്സഡു കോളേജായതുകൊണ്ട് പെൺക്കുട്ടികളെ അഭിമുഖീകരിക്കാൻ പ്രയാസമായതുകൊണ്ട് പെൺക്കുട്ടികളുമായി അകലം പാലിച്ചാണ് നടന്നത്. ഒരു പെൺക്കുട്ടിയോടുപോലും രണ്ടുകൊല്ലത്തിനിടയിൽ ഒരുവാക്കുപോലും മിണ്ടിയിട്ടുമില്ല. കഥയൊന്നും വേറെ ഒരാളെപോലും കാണിച്ചുമില്ല. കുറെകാലം അത് വീട്ടിലെ ചെറിയൊരു പെട്ടിയിൽ സൂക്ഷിച്ചു വച്ച ആ മാഗസിൻ ഒടുവിൽ ചിതലുകൾ തിന്നുതീർക്കുകയാണ് ഉണ്ടായത്.

ദാരിദ്ര്യത്തിൻറെ കനൽ ചുട്ടുപൊള്ളുമ്പോൾ വായനശാലയും റ്റ്യൂഷനും ഒന്നുമാകില്ലെന്നറിഞ്ഞപ്പോൾ ഒരു ജൗളികടയിൽ മാസം 150 രൂപയ്ക്കു കണക്കെഴുത്തുകാരനായി ചെന്നു നിന്നു. കണക്കെഴുത്ത് മാത്രമല്ല അവിടത്തെ അടിച്ചുതുടയ്ക്കൽ തുണി മുറിച്ചു കൊടുക്കൽ തുടങ്ങി എല്ലാം ചെയ്യണം. രാവിലെ ഒമ്പത് മുതൽ രാത്രി എട്ടുമണി വരെ ജൗളികടയിൽ പണിയുണ്ട് .

അതു കഴിഞ്ഞ് വീട്ടിലെത്തി ഉറങ്ങും മുൻപേ നീണ്ടനേരം വായനയ്ക്കു മണ്ണെണ്ണ വിളക്കിനു മുന്നിലിരിക്കുമ്പോഴാണ് വീണ്ടും കഥ മനസ്സിൽ വിരിഞ്ഞത് . ആറേഴുദിവസം കൊണ്ടാണത് പൂർത്തിയാക്കിയത്.

ആ കഥ വാരികയിലേയ്ക്ക് അയയ്ക്കുകയെന്ന് പറഞ്ഞത് ആരാണെന്നോർക്കുന്നില്ല. അടുത്ത ചില കൂട്ടുകാർക്കുമാത്രമാണ് എന്റെ എഴുത്തും വായനയും അറിയാമായിരുന്നത്.

കഥ വാരികയിൽ അച്ചടിച്ചു വന്നത് അറിയുന്നത് വാരിക മുടക്കം വരുത്താതെ വായിച്ചിരുന്ന ജൗളികടയിലെ ആൻറണിച്ചേട്ടൻ പറഞ്ഞപ്പോഴാണ്. മാതൃഭൂമിയും മനോരാജ്യവും കലാകൗമുദിയും കേരളശബ്ദവും മനോരമ, മംഗളം , സഖി തുടങ്ങി അന്നത്തെ മ പ്രസിദ്ധീകരണങ്ങളടക്കമുള്ള വയെല്ലാം വായിച്ചിരുന്ന ആൻറണിച്ചേട്ടൻ

നല്ലൊരു വായനക്കാരനായിരുന്നു .

"എടോ തൻറെ കഥയുണ്ടല്ലോ ഇതിൽ നോക്കഡോ.....നന്നായിട്ടുണ്ട് ...ട്ടോ ..."

ഞാനമ്പരന്നു . എൻറെ കഥയും അച്ചടി മഷി പുരണ്ടുവെന്നോ ? ആൻറണിച്ചേട്ടനന്ന് പറഞ്ഞില്ലായിരുന്നെങ്കിൽ അക്കഥ വാരികയിൽ വന്നത് ഞാനൊരിക്കലും അറിയില്ലായിരുന്നു.

ആൻറണിച്ചേട്ടൻറെ അന്നത്തെ അഭിപ്രാ

യത്തിൻറെ വില അവാർഡിനേക്കാൾ വലുതുമായിരുന്നു.

വായിക്കാൻ പുസ്തകം വല്ലതുമുണ്ടോ എന്ന് ചോദിച്ച് വീട്ടിൽ വരുമായിരുന്ന അയൽപക്കത്തെ മുഖശ്രീയുള്ള പെൺക്കുട്ടി ഒരു മഴക്കാലത്ത് കുടയിൽനിന്നെറിഞ്ഞ മഴത്തുള്ളി എന്നിൽ കുളിരു കൊള്ളിച്ചതും പുസ്തകം വാങ്ങി എൻറെ കഥയും വായിച്ച് മടങ്ങാൻ നേരം

"കഥ നന്നായിട്ടുണ്ടെന്നു " പറഞ്ഞ വാക്കുകളേക്കാൾ മീതെ വരില്ല ഒന്നും . കാരണം അത്രയേറെ പുസ്തകങ്ങൾ അവളും വായിച്ചുകൂട്ടിയിരുന്നു അന്ന് .

ഒരു ദിവസം പുസ്തകം മടക്കിതരുമ്പോൾ അവൾ ചുരുട്ടിയ കവറിനുള്ളിൽ നിന്നും ഒന്നുരണ്ടു കടലാസ്സെനിക്കു നേരെ നീട്ടി .

"ഇതൊന്നു വായിച്ചു നോക്കുമോ? നന്നായിട്ടൊന്നുമില്ലാട്ടോ ...ഒരു ഭ്രാന്ത് ...'

അവളതെന്നെ ഏൽപ്പിച്ചു പോകുമ്പോൾ ഞാനതു തുറന്നു നോക്കി

നാലുപായ പേപ്പറുണ്ട് .നീലമഷിയിൽ മനോഹരമായ കൈപ്പടയിൽ എഴുതിയിരിക്കുന്നു .

ഒരു ചെറുകഥ

"ലില്ലിപൂക്കൾ കൊഴിയുമ്പോൾ "

അക്കഥ വായിച്ചുകഴിഞ്ഞപ്പോൾ എൻറെ പ്രസിദ്ധീകരിച്ച കഥ ഒന്നുമല്ല. അവളുടെ പ്രസിദ്ധീകരിക്കാത്ത കഥയുടെ ഏഴയൽപക്കത്ത് എത്തില്ല ഞാനെഴുതിയ കഥ. അത്രയും മനോഹരമായിട്ടാണ് അവളതെഴുതിയിരിക്കുന്നത് .

എനിക്കെൻറെ കഥയെഴുത്തിലേയ്ക്ക് ഇനിയും എത്രയോ ദൂരം സഞ്ചരിക്കാനുണ്ടെന്ന് എന്നെ ഓർമ്മിപ്പിക്കാനായിരിക്കുമോ അവളതെനിക്കു നൽകിയതെന്നു എനിക്കു തോന്നിപോയി .

അവളുടെ കഥ നന്നായിട്ടുണ്ടെന്നു ഞാൻ പറഞ്ഞപ്പോൾ

"വെറുതെ നുണയൊന്നും പറയേണ്ടാട്ടോ...എന്നെ സുഖിപ്പിക്കാൻ..യ്ക്കറിയാം....കൊള്ളില്ലാന്ന്..."

എന്നു പറഞ്ഞ് അവളതു കീറികളയാൻ ഭാവിച്ചു.

"ഏയ് ..അത് കീറല്ലേ ....സത്യമായിട്ടും....നന്നായി എഴുതീട്ടുണ്ടല്ലോ ..."

എന്നു ഞാൻ പറഞ്ഞതും .അവൾ പറയുകയാണ് .

"ഞാനിത്.....നിങ്ങൾക്കേ...കാണിച്ചിട്ടുള്ളൂ...പിന്നേ...ഇനി....ആരും..വായിക്കണമെന്നുമില്ല....ഞാൻ വേറെയാർക്കും ...കാണിച്ചുകൊടുക്കാറുമില്ല..."

ഏതെങ്കിലും മാസികയിലേയ്ക്കയയ്ക്കാൻ ഞാൻ ഒരുപാടു തവണ നിർബന്ധിച്ചെങ്കിലും അതവൾ അനുസരിച്ചുമില്ല . ആ കഥ പിന്നെ എന്തുചെയ്തെന്നറിയുക പോലുമില്ല.

ആ കഥയും കഥാകാരിയും ഇപ്പോൾ മനസ്സിലിങ്ങനെ വരാനെന്താണു കാര്യമെന്ന് ആലോചിക്കുകയായിരുന്നു ഞാൻ .

കഷ്ടപ്പാടു നിറഞ്ഞ ജീവിതത്തിൽ നിന്നും രക്ഷപ്പെടാൻ ഒരുപാടാളുകളെ കണ്ട് അവസാനം തൃശ്ശൂരിലെ ഒരു ട്രാവൽ ഏജൻസിയിൽ താൽക്കാലികമായി ഒരു ജോലി തരപ്പെട്ടു. വല്യ ശമ്പളമൊന്നുമില്ല.

ഒരു വൈകുന്നേരം ജോലികഴിഞ്ഞു വീട്ടിലെത്തുമ്പോഴാണ് ആ വാർത്ത കേട്ടത്. വേദനകളുടെ സൂചി ഇത്രയും ആഴത്തിലേയ്ക്കിറങ്ങുമെന്ന് എല്ലാവരേയും മനസ്സിലാക്കികൊടുക്കാൻ അവൾ ഈ ലോകം വിട്ടുപോയിരിക്കുന്നു....

വർഷം ഇരുപത്തിയൊമ്പതോ മുപ്പതോ കഴിഞ്ഞിരിക്കുന്നു അവൾ മൺമറഞ്ഞിട്ട് .

പെയ്തിറങ്ങിയ കണ്ണുനീരിൽ കവിത അന്നു തന്നെ കുറിക്കേണ്ടി വന്നു. ഹൃദയവേദന കുറയ്ക്കാനുള്ള ഒരു വഴി അതൊന്നു മാത്രം .

"ആ തിരി കെട്ടു<br>
അണഞ്ഞുപോയതാണാ കാറ്റിൽ<br>
എണ്ണ വറ്റിയിട്ടല്ല ...."<br>
തെളിഞ്ഞു കത്തിയതാണാ–<br>
തിരിയിത്രനാളുമീ –<br>
മൺചെരാതിലെന്തൊളിയോടെ !

കവിത ഉണ്ടാക്കുന്നില്ല

കവിത തനിയെ പിറന്നതാണ് ... കഥയുടെയും കവിതയുടേയും ഉറവിടം അന്വേഷിക്കുമ്പോൾ ബോദ്ധ്യമാകുന്നതും ജീവിതത്തിലെ ഇത്തരം ചില നിമിഷങ്ങളെയാണ് .....

ഈ കവിത കുറച്ചുവർഷങ്ങൾക്കു മുൻപ് ഒരു മാസികയിൽ അച്ചടിച്ചു വന്നപ്പോൾ സന്തോഷത്തോടൊപ്പം ഹൃദയത്തിൽ വേദനയും തോന്നിയെന്നതാണ് സത്യം. ●



# പ്രണയം



അജിത കൃഷ്ണ

ആർദ്രമാണിന്നെൻ ഹൃദയം ...
ആർദ്രമാണിന്നെൻ ഹൃദയം ...
നിന്നോർമ്മകൾ പൂക്കുന്നു
ചിന്തകൾക്കപ്പുറത്തായ് ...
ചേർത്തു പിടിക്കുവാനാശിച്ച
നെഞ്ചകം വിതുമ്പുന്നു
തുള്ളിയടർന്നിടാതെ ...

കൂടെയുണ്ടെന്നു നിനച്ചുനിൻ
കയ്യിലെൻ വിരൽതുമ്പു മെല്ലെ കൊരുത്തിടാനും .
ചേർന്നു നടന്നുകൊണ്ടന്നു നാം
മൂകമായ്
ചൊല്ലിയ കവിതകൾ
ഓർക്കുവാനും ....

മഴയും വെയിലും, തിരയും
ആതീരവും പതിയെ പറഞ്ഞതീ
കഥകളല്ലേ ....
പതിയെനിൻ ചുണ്ടുകൾ
മെല്ലെയമർന്നതെത്രയോ
പ്രണയസാക്ഷ്യങ്ങളല്ലേ ...

ഇനിയുമൊരു ജന്മം
ജനിക്കുമെങ്കിൽ നിന്റെ
തൂലികതുമ്പിലെ തുള്ളിയാവാം ,
അക്ഷരങ്ങൾ കോർത്തു
വെക്കുമാ താളിലെ നേർത്ത
വരയാകാനുമേറെയിഷ്ടം...

# തൂവൽസ്പർശം

കർമ്മബന്ധങ്ങളുടെ
അനന്തചൈതന്യമുൾക്കൊണ്ട്
പ്രണയത്തിൻ
പട്ടു തൂവാലയിൽ
നെയ്തെടുത്ത
നീയെന്ന സൂര്യബിംബം
പ്രണയതൂവലിൽ
തുടിക്കുന്ന ഹൃത്തിലെ
പ്രണയമായ് തീരുവാൻ
തിരിയിട്ടു കൊളുത്തി
മോഹിച്ചൊരു
കുഞ്ഞുദീപം...
നിന്നോർമ്മകൾ
മാടിവിളിക്കുന്ന
മായാതെ
പതിഞ്ഞുപോയ
ആ പുഞ്ചിരി
ഒരു നാളും
അണയാത്ത
പ്രണയദീപമായ്
ശ്രീകോവിലിൻ മുന്നിൽ
പ്രണയകുങ്കുമം ചാർത്തി
കാണുന്നു നിന്നെയെൻ
സ്വപ്നങ്ങളിൽ
നിറഞ്ഞാടും മയിലഴകായ്
പ്രണയം പറഞ്ഞറിയിക്കാൻ
ഇനി അക്ഷരങ്ങൾ ഇല്ലെങ്കിലും
ഈ പ്രണയമഴയുടെ
സാന്നിദ്ധ്യത്തിൽ
കവിളിൽ മിഴിനീരലിയിക്കാൻ
ആഗ്രഹിക്കുന്നുവെങ്കിലും
നിന്റെ പേര് കൊത്തിയ
മയിൽപ്പീലിത്തുണ്ടുകൾ
ചന്ദനനിറമുള്ള
ചന്ദ്രികച്ചാർത്താൽ
പ്രണയസൗഗന്ധികപൂക്കളായ്
എൻ നെറ്റിയിൽ ചാർത്താൻ
ഒരുനുള്ളുസിന്ദൂരം
എന്നിലണിയിക്കാൻ
നീയെന്ന പ്രപഞ്ചം
കൊതിക്കുന്നു ഞാൻ..

**–സതി സതീഷ്**





# താരാട്ട്



കയ്യുമ്മു കോട്ടപ്പടി

അഴലിന്റെ വാടാമലരാണു നീ...
അഴലേന്തും അമ്മതൻ
നിറവാണു നീ...
ആശ്വാസമേകുന്ന
കലയാണു നീ....
ഓമൽ കുരുന്നേ
നീയുറങ്ങൂ.....

നിദ്രയിലെന്തേ നീ
കണ്ടിരുന്നു ...
നിൻ ചുണ്ടിണകൾ
ചലിച്ചിടുന്നു ...
കണ്ടു വോ സ്വപ്നങ്ങൾ
നിദ്രയിൽ നീ ....
വിഭ്രമിച്ചീടുവാനെന്തു
ഹേതു....

പൊന്നോമൽ പൈത -
ലിൻ ചാരെയമ്മ
തൊട്ടിലിലാട്ടിക്കൊണ്ടു
നിന്നെ
പാടിയുറക്കി താലോലിപ്പൂ ... പാതിരാ
വായതറിയാതെയൊ ?

കുഞ്ഞിളം ചുണ്ടിലെ
പുഞ്ചിരികൾ ....
അമ്മതൻ കണ്ണിലെ
നിർവൃതിയായ് ....
ആശ്വാസമേകുന്ന
വാക്കുകളിൽ
ആനന്ദം നൽകുമെൻ
പൂങ്കുരുന്നേ .....

കാർത്തിക നാളിലെ
തങ്കക്കുടം
കാത്തു കാത്തിരുന്നൊ
രു തങ്കക്കുടം
കൺമണി മോനിന്ന -
ഴകിൻ കുടം ഓമൽ
ക്കുരുന്നേ നീയുറങ്ങൂ...

അമ്മതൻ മോനെ
മടിത്തട്ടിലാട്ടി താ
തേനൂറും അമ്മിഞ്ഞ
നൽകീടുന്നു
താരാട്ടിന്നീണത്തിൻ
നാദ ലയങ്ങളിൽ
എന്നോമൽ കുഞ്ഞേ
നീയുറങ്ങൂ....


# മറുകര തേടുന്നവർ



കെ.വേണുഗോപാൽ

ഡോ. പി.സജീവ് കുമാറിന്റെ പുതിയ നോവൽ'അജ്ഞാത ദ്വീപുകൾ 'താൻ നേരിട്ടനുഭവിച്ചതും, അടുത്തു നിന്നു കണ്ടതുമായ പൊള്ളുന്ന അനുഭവങ്ങളുടെ, വ്യത്യസ്തമായ ജീവിതങ്ങളുടെ മറുകര തേടുന്ന സാധാരണ മനുഷ്യരുടെ മനോഹരമായ ആവിഷ്ക്കാരമാണ്.

2018-ലെ മഹാപ്രളയത്തിന്റെ പശ്ചാതലത്തിൽ എഴുതപ്പെട്ട ഈ നോവൽ അഗാധമായ സ്നേഹ ബന്ധങ്ങളുടെ ഊഷ്മളത വേണ്ടുവോളം പകർന്നു തരുന്നു.കണ്ണീരും, കിനാവും, വേദനയും, നിലവിളികളും കോർത്തെടുത്ത് ഉണ്ടാക്കിയ പുതിയൊരു ലോകം ഈ നോവലിൽ നമുക്ക് കാണാം.




സ്വന്തം ജീവിതാവസ്ഥകളോട് പ്രതികരിക്കേണ്ടി വരുന്ന മനുഷ്യരുടെ, നിസ്സഹായമായ ജീവിതങ്ങളുടെ കഥയാണ് അജ്ഞാത ദ്വീപുകൾ .കേവല മനുഷ്യരുടെ, ജീവിതങ്ങളുടെ എവിടെയൊക്കെയോ പ്രത്യക്ഷ്യപെടുന്ന സ്നേഹത്തിന്റെ തുരുത്തുകൾ കാണാം നമുക്കീ നോവലിൽ.ബ സാധാരണ കഥ പറച്ചിലിൽ നിന്നു തുടങ്ങി അപ്രതീക്ഷിതമായ വഴിതിരിവുകളിലേക്കെത്തുന്ന നോവൽ ജീവിതത്തിന്റെ യാത്രകൾ സങ്കീർണ്ണവും ,കലുഷവുമാണെന്ന് നമുക്ക് കാട്ടി തരുന്നു.

സ്വന്തം ജീവിതാവസ്ഥകളോട് പൊരുതി നിൽക്കുന്ന മനുഷ്യരാണ് അജ്ഞാത ദ്വീപുകളിലെ കഥാപാത്രങ്ങൾ.. മനുഷ്യജീവിതത്തിന്റെ സംഘർഷാത്മകതയിലൂടെ മരണത്തിനും, ജീവിതത്തിനുമിടയിലുള്ള തുരുത്തുകളെ കൂടിയാണ് നോവൽപങ്ക് വെയ്ക്കുന്നത്.

ജീവിതത്തെ തികഞ്ഞ യാഥാർത്ഥ്യത്തോടെ സമീപിക്കുന്ന നോവൽ, ചിലപ്പോൾ ജീവിതത്തിന്റെ പൊള്ളയായ മുഖങ്ങളിലേക്ക് നോക്കി ചിരിക്കുന്നതും നമുക്ക് കാണാം..പ്രമേയത്തിലുള്ള ഈ അതീവ ശ്രദ്ധയും അതിനനുസ്രതമായ ആഖ്യാനവും അജ്ഞാത ദ്വീപുകളെ സമ കാലികമാക്കുമ്പോൾ തന്നെ കാലാതീതമായൊരു ആഴവും സമ്മാനിച്ച് അത്രമേൽ നമ്മുടെ ഹൃദയത്തോട് ചേർത്ത് വെയ്ക്കുകയും ചെയ്യുന്നു.

പുസ്തകത്തിന്റെ പുറംചട്ടയിൽ എഴുതിയതു പോലെ 'ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നാം അജ്ഞാത ദ്വീപുകൾ തേടി, മറുകര തേടി പലായനം ചെയ്യുന്നു. അവിടെയും ഈ ചിത്രം വീണ്ടുമാവർത്തിക്കുന്നു'.

ജീവിതം ചിലപ്പോൾ അന്യവും, അയഥാർഥവുമാണെന്ന ദയാരഹിതമായ അവസ്ഥ അജ്ഞാത ദ്വീപുകൾ നമ്മളെ ബോദ്ധ്യപ്പെടുത്തുന്നു. മിഴിവുറ്റ കഥാപത്രങ്ങളിലൂടെ തനിമയാർന്ന ഒരു ജീവിതാന്തരീക്ഷം സൃഷ്ടിക്കാൻ ഈ നോവലിലൂടെ എഴുത്തുക്കാരന് എളുപ്പത്തിൽ സാധിച്ചിരിക്കുന്നു. അജ്ഞാത ദ്വീപുകളിലൂടെ വായനക്കാർ അനുഭവിച്ച ജീവിതാനുഭവങ്ങളുടെ ഊഷ്മളത ,ഹൃദ്യത ഈ എഴുത്തുകാരന്, നോവലിസ്റ്റിന് മലയാള സാഹിത്യത്തിൽ ചെറുതല്ലാത്ത ഒരു ഇരിപ്പിടം നേടി കൊടുക്കുമെന്നതിൽ തർക്കമില്ല.

വേദനയുടെയും, വേർപ്പെടലിന്റേയും നെഞ്ചുകീറിത്തരുന്ന ഇരമ്പം അജ്ഞാത ദ്വീപുകളിൽ നമുക്ക് കാണാം. മരണത്തിനും ,ജീവിതത്തിനു മിടയിൽ ഞെരിഞ്ഞമരുന്ന മനുഷ്യന്റെ വിഹ്വലതകൾ കരുത്തോടെ തന്റെ സാമൂഹികാനുഭവങ്ങളിൽ നിന്നു കൊണ്ട് ചരിത്രത്തോട് നീതി പുലർത്തി എഴുത്തുകാരൻ അവതരിപ്പിച്ചപ്പോൾ അജ്ഞാത ദ്വീപുകൾക്ക് സവിശേഷമായ ഒരു രാഷ്ട്രീയ മാനം കൂടി കൈവരിക്കാൻ എളുപ്പത്തിൽ സാധിച്ചിരിക്കുന്നു.



# കാലടികൾ

ചിന്തകളുടെ
ചിറ പൊട്ടിച്ചിതറി...

കുത്തൊഴുക്കിൽ
കിരീടങ്ങൾ
കടലു കണ്ടു....

വെളിച്ചംകണ്ട
തലച്ചോറിലെ
ചുളിവുകൾ
പെരുകി ,
തലമുറകളിൽ
ജനിതകമാറ്റം വരുത്തി...

സ്ഫുടംചെയ്തെടുത്ത
ആദർശങ്ങൾ
സാമ്രാജ്യങ്ങളായി ,
കണ്ണീരൊഴിഞ്ഞുപോയ്

വിപ്ലവം ശംഖൂതിയപ്പോൾ
അംബരചുംബികൾക്കടിയിലും
മനുഷ്യൻ, മനുഷ്യനെ കണ്ടെത്തി

അപ്പോഴും
ബുദ്ധനിൽ നിന്നും
സിദ്ധാർത്ഥനിലേക്ക്
ചിലർ നടക്കുന്നുണ്ട്

പ്രിയമുള്ളവരേ
അൽപമിരിക്കുവിൻ
സ്വയം കാലടികൾ നിരീക്ഷിക്കുവിൻ



ജബീറ



# സ്വപ്നം

മനസ്സിന്റെ മേച്ചിൽ പുറങ്ങളിൽ
മോഹങ്ങൾ മഴയായ്
പെരുമ്പറക്കൊട്ടിയാടുന്നുണ്ട്

ഒരിക്കലും ചിരിക്കാത്ത
വെളിച്ചപ്പാടുകളിൽ
തട്ടി തടഞ്ഞു വീഴാതിരിക്കാൻ
മുന്നറിയിപ്പുകൾ
അവഗണിച്ചു കൊണ്ടേതോ
ഹൃദയമിടിപ്പുകൾ
നടത്തത്തിന്റെ
വേഗത ക്കൂട്ടിയിരിക്കുന്നു



ശിവൻ തലപ്പുലത്ത്

രക്തധമനിയുടെ
ഓരങ്ങളിൽ
കൊടിക്കൂറയുടെ
നിറഭേദങ്ങളിലേക്ക്
ഊളിയിട്ട് പോകുന്ന
ഇന്നിന്റെ ദൈന്യ
ദീന വിലാപങ്ങൾ

ഇരുപ്പുറയ്ക്കാത്ത
കൈകാലുകൾ
ഒരടി മുന്നോട്ട് പോകാത്ത
നടത്തത്തിലാണ്

ഇടനെഞ്ചിൽ ഇനിയും
നിലയ്ക്കാത്ത നിലവിളിയിൽ
ദിശ നഷ്ട്ടപ്പെട്ട വാക്കുകളുമായി
മർമ്മരമുയർത്തി
ഒരു പുറപ്പാടിനുള്ള
തിടുക്കത്തിലാണ്



# ഇള

ജയിസൺ കെ.



സർവ്വംസഹേ, യീ കെട്ടദിഷ്ടത്തിലെത്രയന്വ-
ർത്ഥമാം നിൻ നാമധേയപൊരുളു
ലകത്തിലെങ്കിലു-
മെത്രയഴലിൻ ധനഞ്ജയതീർത്ഥം കുടിച്ചെത്ര -
യുന്മാദ കുരിശ് ചുമന്നോരോ-
സരണിയിലൂടെത്ര പാഴ്ജന്മ
പ്രദക്ഷിണ നിയോഗങ്ങൾ
കണ്ടുള്ളം മരവിച്ചു.
അരുണാക്ഷികളിരതേടും രാവി-
ന്നപശ്രുതി ശീലുകൾ അനവരതം
അല്ലുകൾ നിണമുറയും
ജീവച്ഛവങ്ങളായെൻ മാറിടം
പിളർക്കുമ്പോൾ ശരശയ്യയിലെൻ
തപനിശ്വാസങ്ങളിൽ സഹസ്ര
കിനാവുകളഴുകുന്നു ധ്രുവം

ഗരകാലസർപ്പങ്ങളെത്ര വന്നെത്തിപ്പടം
പൊഴിച്ചിട്ടിരുളിൻ മഹാവാത്മീകത്തിൽ
ദ്യുതിച്ചിത്രമെഴുതിയെന്നിലും
മന്വന്തരങ്ങൾ മാംസഭോജ്യത്വ
ത്വരലെന്നിലുൾക്കനം
പേറി പരാക്രമച്ചൂതിനാൽ
എത്ര മുറിവുകളീക്ഷിതിയിൽ
ക്ഷതംവച്ച യന്ത്രദന്തക്കരുത്തുകൾ,
ഗിരിശൃംഗത്തകർച്ചകൾ


പയോദരഥയാത്രയിൽ ധ്യാനനിരത
യായുൾച്ചിതകത്തി
സിരകൾവെന്തു ഗർഭങ്ങൾ വന്ധ്യയായ്
ചാതകനീർമിഴി, ഗദ്ഗദവാമൊഴി
ചീന്തിൽ പിടഞ്ഞനാൾ

ജാരസൂര്യസംസർഗ്ഗമാമെൻ
ജാരത്തുയിർക്കൊണ്ട
മാതൃസ്നേഹത്തിന്നുയിരിൻ കിടാങ്ങളെ
കൊത്തിനുറുക്കിയിട്ടോരോഗർവ്വിലും
കോട്ടതീർക്കുന്നവർ
വിള്ളലുകളിൽ വിഷപ്പാമ്പു
ചീറുന്നതറിവു നീ .?
എത്ര സൗരവാതങ്ങൾ തൻ
രണമെന്നടർക്കളാംഗന
നീരുവറ്റിത്തളർന്നു സിരകളിലെങ്കിലും
വെള്ളിടിപ്പാച്ചിലിലുടലു
പൊള്ളിപ്പിളർന്നൊട്ടിയെങ്കിലും
മേഘശൺഠതൻ കുടിലതകൊണ്ടുള്ളമുണർന്ന
ജലസമാധിയിൽ
പ്രണയം കുടിച്ചവൾ
വാതനീരാളിപ്പുണർച്ചയാൽ തരുവിൻ
അസ്തിത്വയഴലു വായിച്ചു കരഞ്ഞവൾ

ഓരോ ഋതുഭേദങ്ങളിലാത്മ ദു:ഖ
മൊളിപ്പിച്ച്
ഒരേമെയ്യായ് ഭോഗിച്ച് വിശപ്പിൻ
താളലയമറിഞ്ഞവൾ
എത്ര ഭൂകമ്പ സംഹാര താണ്ഡവ
ത്തിന്നലകളിലന്തരംഗം
ചീന്തിയെറിഞ്ഞവളായുസ്സിൻ
പുസ്തകത്താളുകളെത്ര
കത്തിക്കരിച്ചവൾ
ഇന്നുമവളശാന്തയായുലയുള്ളിൽ
പ്രാണന്റെയന്ത്യ നിലവിളി
വറ്റിവരളുന്നുവെൻ സ്തന്യം കേഴുന്നു
മക്കൾ വിലാപങ്ങൾ ഗുപ്തമാമർക്കളം തുറക്കു
ന്നു
ദാഹനീരിനായ് നിത്യമീ
ദേശാടനപതംഗങ്ങൾ യാത്രാമൊഴി ചൊല്ലി
ദേശചിത്രങ്ങൾ വരക്കുമ്പോഴുമെൻ
മനം വീണ്ടും തപിക്കുന്നു മർത്ത്യർക്കായ്

കവിത

# ഒരാൾ



എന്റെ
ആത്മരതി
സമ്മാനിച്ചയുറക്കങ്ങളിൽ
നിയുണ്ടായിരുന്നില്ല.

എന്റെ
തിരകളുടെ
കോളിളക്കങ്ങളിൽ
നീയുണ്ടായിരുന്നില്ല.

എന്റെ
ലഹരിയുടെ
നീലയാഴങ്ങളിൽ
നീയുണ്ടായിരുന്നില്ല.

എന്റെ
യാത്രയപ്പ്
സമ്മേളനത്തിലും
നീയുണ്ടായിരുന്നില്ല.

അടയാളങ്ങളില്ലാതെ
ആഴക്കടലിൽ
നിഗൂഢതകളൊളിപ്പിച്ച്
മുങ്ങിപ്പോയ
കപ്പലാകണമെനിക്ക്.

പുതിയ
കുറെ മനുഷ്യർ
നൂറ്റാണ്ടുകൾക്ക്ശേഷം
തിരഞ്ഞുകണ്ടുപിടിക്കുമ്പോൾ
അവർ പറയും
അവർക്കു മുമ്പേ
ഒരാളിവിടെ
ജീവിച്ചിരുന്നെന്ന്...



സുനി

# കുടിയന്റെ മകൻ



അച്ഛനെ ഓർക്കുമ്പോൾ എല്ലാം...
ഉരുകി ഒലിച്ച പഞ്ചസാരയുടെ ഗന്ധം...
ഉടലാകെ  വിയർപ്പിന്റെ ഗന്ധം
പാതിരാവിൽ  വെള്ളിടി പോലെ ഉള്ള വാതിലിൽ മുട്ട്

അച്ഛനെ ഓർക്കുമ്പോൾ എല്ലാം..
അടുക്കളപുറത്തു ചിതറി കിടക്കുന്ന വെള്ള ചോറ്
കട്ടിലിൻ താഴത്തെ ഒഴിഞ്ഞ
കുപ്പികൾ
നേരം തെറ്റിയ നേരത്ത് അമ്മയുടെ വിതുമ്പി കരച്ചിൽ
തേങ്ങിൻ ചുവട്ടിലെ  ഉടഞ്ഞ മൺ പാത്രങ്ങൾ...
അച്ഛനെ ഓർക്കുമ്പോൾ എല്ലാം
എണ്ണ വറ്റി എരിയുന്ന ചിമ്മിനി..
ഇരുട്ടിലേക്ക് ഉള്ള വഴിക്കണ്ണ്
നരച്ച കുപ്പായം വെളുത്ത മുണ്ട്..

അച്ഛനെ ഓർക്കുമ്പോൾ എല്ലാം
കടലാസ് പതിഞ്ഞ  കടല മിട്ടായിയുടെ മധുരം
ആകാശം തൊട്ട ഊഞ്ഞാലിന്റെ  തലക്കനം..
തോളേറിയ കുരുന്നിന്റെ കൗതുകം..

അച്ഛൻ എനിക്ക്... തുഴയില്ലാ  തോണിയിൽ  ഉൾക്കരുത്ത്....
ഉടൽ തണുക്കുവോളം  പെയ്ത ഒരൊറ്റ മഴ



ജിതിൻ

# കർമ്മ വീചികളിലൂടെ



മോഹൻജി

കവിത

സ്വരഗംഗയൊഴുകുന്ന വീഥിയീ മനമെന്നാൽ
പരമമാം സൗന്ദര്യത്തെക്കാണുവാൻ ശ്രമിക്കുമ്പോൾ
തരമൊടുവന്നെത്തുന്ന വാക്കുകൾ തന്നെയെന്നും
തിരകളായ് തിമിർക്കുന്നു രചനകളതിലെല്ലാം

മരവുരു ധരിച്ചിടാൻ അറിയാത്ത സീതയ്ക്കത്
മഹിതമായ് ചാർത്തീ പക്ഷേ, മാമുനിയുടെ പത്നി
മമ ചേതനയുടെ ഉൾക്കാമ്പിൽക്കാണാത്തവ
മഹിതയാ വാഗ്ദേവത വരങ്ങളായ്ത്തരുന്നുവോ ?!

വരങ്ങൾ വർണ്ണം പൂണ്ടു തിരുമുറ്റത്തണയുമ്പോൾ
വരികൾ രചിയ്ക്കാതെയിരിയ്ക്കാൻ കഴിയുമോ?
വരവർണ്ണിനിയുടെ ശാന്തമാം ഭാവം കണ്ടാൽ
വിവരിയ്ക്കാതിരിയ്ക്കുവാൻ കഴിയുന്നില്ലെനിയ്ക്കിന്നും

സരസ്വതിയവളെന്റെ മഞ്ജീര സങ്കല്പത്തിൽ
സ്വരങ്ങൾ മീട്ടീടുന്ന സാരംഗിയതു പോലെ
സപ്തമാം സ്വരങ്ങൾ തൻ താള നിർഝരി പോലെ
സപ്തഭാവങ്ങളായി മരുവുന്നു മനസ്സിങ്കൽ

ഒരുവേളയവളെന്റെ, സഹോദരിയെന്നാൽ പിന്നെ
മറുവേളയവളൊരു മാതാവായ് മാറും മുന്നിൽ
അരനേരം കൊണ്ടെന്നുടെ, കാമിനിയായീടുന്നൂ
അതു കഴിഞ്ഞവളെന്റെ ദേവിയായ് മുന്നിൽ നില്ക്കും

അതും കഴിഞ്ഞവളെന്റെ ഭ്രാന്തമാം ചിന്ത തന്നിൽ
അതുലിതം മേഞ്ഞീടുന്നു, ചിന്തേരും പേറിത്തന്നെ

ഉളിയുമാ, ചുറ്റികയും, കൊണ്ടെന്റെ രചനകൾ
ഉറക്കെക്കൊട്ടിത്തന്നെ മിനുക്കിയെടുക്കുന്നൂ

സത്ക്കലാദേവി തന്റെ ഇത്തരം പ്രവൃത്തിയാൽ
സാമോദമിപ്പാമരൻ അക്ഷരമാല തീർപ്പൂ
സഹിക്കാൻ കഴിയാത്ത വിരചിത പദങ്ങളെ
സദയം, ക്ഷമിക്കുക തൽക്കാലം പ്രഭൃതരേ



# നീർമിഴിപ്പീലികൾ



കവിത



ജയേഷ് പണിക്കർ

വെറുതേ തുറന്നൊന്നു നോക്കി ഞാനും
പഴയൊരാ പുസ്തകത്താളുകളിൽ
ചിതലരിച്ചങ്ങിരിക്കുന്നതിതെന്നുടെ
ചിരകാല മോഹമയിൽപ്പീലികൾ
മുഖമൊന്നു ചേർത്തങ്ങു പുല്കി ഞാനും
ഒരു തേങ്ങൽ മെല്ലെയുയർന്നിടുന്നു
മറവി തൻ ജാലക വാതിലൊന്നു
ഒരു വേളയങ്ങനെ ഞാൻ തുറന്നു
മൃദുലമാമോർമ്മകൾ വന്നു മൂടി
മിഴിയടച്ചങ്ങനെ നിന്നു പോയി
പ്രിയമാർന്ന മുഖമോ തെളിഞ്ഞു നിന്നു
പ്രിയതരമായൊരാ നാളുകളും
സഫലമാകാതെയെങ്ങോ പോയവയും
സജലമായ് വന്നൊരാ മിഴികളുമേ
മിഴിനീരണിഞ്ഞൊരാ പീലികളെ
മൃദുലമായ് തഴുകുമാക്കൈകളിന്നും

# ജലകണം



പ്രീത.വി.പി

വട്ടത്തിൽ ഞെട്ടറ്റ് ഛന്നം പിന്നം
ചിന്നി ചിതറി തെയ്യം തെയ്യം
കാറ്റിന്റെ ഓരത്ത് ഛറം ഛറം
തിമിർത്താകാശ കാറിൽ നിന്നും
താഴേക്ക് ഊക്കിൽ പതിയുമ്പോഴോ,
കാർമേഘ കാമുകനെ വിട്ടൊഴിഞ്ഞ്
ധരണിതൻ സ്വച്ഛതയിലലിഞ്ഞ്
ഭൂമിതൻ അന്ത:രംഗങ്ങളിൽ
കുടിനീരിൻ ഒഴുക്കായലിഞ്ഞ് ചേർന്ന്.
കാട്ടാറിൻ കളകള ധ്വനിയുമായ്
ഹരിതാഭ വനഭംഗിയിൽ നിറഞ്ഞ്
അരുവിയിൽ ശ്വേതാഭകാന്തിയുമായ്
പാറകളിൽ തലതല്ലി കുതിച്ച് ചാടി
മോഹകണികകൾ ചേർത്തിണക്കി
പുതിയൊരു മുത്തുമാലയാക്കി
ധരണിതൻ വിരിമാറിൽ ചേർത്ത-
ണിഞ്ഞ് ഹാ! നീ വീണ്ടും
വന്യമാം കാന്തിയുമായ് പോകും
നിൻ പ്രാപ്യസ്ഥാനത്തിങ്കൽ.
നീ തേടും ശാന്തത കൈവരിച്ച്
സ്വച്ഛന്ദ നീലിമയിലലിഞ്ഞ്,
സമുദ്രാന്തർ ഭാഗത്തെ സ്വച്ഛതയിൽ,
അർക്കന്റെ ചൂടിൽ വീണ്ടും നീരാവിയായ്
നിൻ കാമുകന്റടുത്തെത്തും വരേയ്ക്കായ്!



**ചൊൽക്കാഴ്ച**

# ക്യൂ, ക്യൂ, ക്യൂ.......



**രാജൻ എലവത്തൂർ**

**ക്യൂ,** ക്യൂ, ക്യൂ നാടാകെ ക്യൂ

'നിങ്ങൾ ക്യൂവിലാണ്,
അല്പസമയം കഴിഞ്ഞ് വിളിക്കൂ.'
ടെലഫോണിലെ വിക്രസിങ്ങനെ

ബാറിൽ ക്യൂ
ബാർബർഷോപ്പിൽ ക്യൂ
ബസ്സിൽ ക്യൂ
ബസ്സിൽ കയറാൻ ക്യൂ
ബസ്സ് സ്റ്റാൻഡിൽ ക്യൂ
ബാത്ത് റൂമിൽ ക്യൂ

കള്ള് ഷാപ്പിൽ ക്യൂ
കറിക്കടയിൽ ക്യൂ
തട്ടുകടയിൽ ക്യൂ
ചായക്കടയിൽ ക്യൂ
ഹോട്ടലിൽ ക്യൂ

പച്ചക്കറി വാങ്ങാൻ ക്യൂ
മത്സ്യം വാങ്ങാൻ ക്യൂ
ഇറച്ചി വാങ്ങാൻ ക്യൂ
പലച്ചരക്ക് വാങ്ങാൻ ക്യൂ
റേഷൻ വാങ്ങാൻ ക്യൂ

സ്കൂളിൽ പോകാൻ ക്യൂ
സ്കൂൾ പ്രവേശനത്തിന് ക്യൂ
സ്കൂളിൽ വിദ്യാർത്ഥികൾ ക്യൂവിൽ

ആനയെ കാണാൻ ക്യൂ
ആനപ്പുറം കയറാൻ ക്യൂ
ആനവാൽ പിടിക്കാൻ ക്യൂ

പാസ്പോർട്ട് നേടാൻ ക്യൂ
എൻ ഒ സി നേടാൻ ക്യൂ
ദുബായ് പോകാൻ ക്യൂ

പ്ലെയിൻ കയറാൻ ക്യൂ
പ്ലെയിൻ കാണാൻ ക്യൂ
കപ്പൽ കയറാൻ ക്യൂ
കപ്പൽ കാണാൻ ക്യൂ
തീവണ്ടി കയറാൻ ക്യൂ
തീവണ്ടി കാണാൻ ക്യൂ



ദൈവത്തെ തൊഴാൻ ക്യൂ
വഴിപാട് നൽകാൻ ക്യൂ
നിവേദ്യം വാങ്ങാൻ ക്യൂ
ദർശനം നേടാൻ ക്യൂ

പണം നിക്ഷേപിക്കാൻ ക്യൂ
പലിശ വാങ്ങാൻ ക്യൂ
പലിശ കൊടുക്കാൻ ക്യൂ
പണം പറ്റിക്കാൻ ക്യൂ
പണി ചെയ്യാൻ ക്യൂ
പണി നേടാൻ ക്യൂ
പണക്കാർ പണമുണ്ടാക്കാൻ ക്യൂവിൽ
പാവപ്പെട്ടവൻ പശിയടക്കാനും ക്യൂവിൽ
യാചിക്കാൻ യാചകരും ക്യൂവിൽ

പെണ്ണ് കെട്ടാൻ ക്യൂ
പെണ്ണ് കാണാൻ ക്യൂ
സിനിമ കാണാൻ ക്യൂ
സിനിമയിലഭിനയിക്കാനും ക്യൂ

പരാതി നൽകാൻ ക്യൂ
പണം നൽകാൻ ക്യൂ
കാര്യം നേടാൻ ക്യൂ
കള്ളം കാട്ടാൻ ക്യൂ
പോസ്റ്റാഫീസിൽ ക്യൂ
കമ്പിയാഫീസിൽ ക്യൂ

ഓട്ടോ കിട്ടാൻ ക്യൂ
ഓട്ടോ വാങ്ങാൻ ക്യൂ

വിഷം വാങ്ങാൻ ക്യൂ
വിഷം കഴിക്കാൻ ക്യൂ
ആത്മഹത്യ ചെയ്യാൻ ക്യൂ
മരിക്കാത്തവരുടെ ക്യൂ
മരണം കാത്തിരിക്കുന്നവരുടെ ക്യൂ

ആശുപത്രിയിൽ ക്യൂ
മെഡിക്കൽ ഷോപ്പിൽ ക്യൂ
പ്രസവിക്കാൻ ക്യൂ
കാശ് കൊടുത്ത് ഡോക്ടറെ കാണാൻ ക്യൂ
ടി വി കാണാൻ ക്യൂ
ടി വി വാങ്ങാൻ ക്യൂ
റേഡിയോ വാങ്ങാനും കേൾക്കാനും ക്യൂ

വെള്ളം കോരാൻ ക്യൂ
വെള്ളം കുടിക്കാൻ ക്യൂ
പൈപ്പ് വെള്ളം കാത്തും ക്യൂ
കറന്റ് കണക്ഷൻ കിട്ടാനും ക്യൂ

പണി കിട്ടാൻ ക്യൂ
വോട്ട് ചെയ്യാൻ ക്യൂ
വോട്ട് ചോദിക്കാൻ ക്യൂ
മന്ത്രിയെ കാണാൻ ക്യൂ
സ്ഥലം എം.എൽ.എ.യെ കാണാനും ക്യൂ

കാര്യം നേടാൻ ക്യൂ
അധികാരം നേടാൻ ക്യൂ
കസേരയിലിരിക്കാൻ ക്യൂ
കസേര വലിക്കാനും ക്യൂ

അങ്ങിനെയിങ്ങനെ പലതരവുമായി
ക്യൂവിൽ നിന്ന്, സമയം കളഞ്ഞ്
പാതിക്കാര്യം നേടിയും
പാതിക്കാര്യം നേടാതെയും
പാവം ജനം വലയുന്നു
അപ്പോഴതവിടെ
ക്യൂവിൽ നിൽക്കാതെ
കൂസലില്ലാതെ
കാര്യം നേടി നടക്കും
കെങ്കേമന്മാർ വിലസീടുന്നു.

# അപരിചിതൻ



**വെ**ളുപ്പിനേ കോഴിക്കോട്ടെ റെയിൽവെസ്റ്റേഷനിൽ ട്രെയിൻ വരാൻ കാത്തു. നിൽക്കുകയാണ്

എന്താ ഇന്ന് ട്രെയിൻ ഇത്ര വൈകുന്നത് ?

അബി മനസ്സിനോടു പറഞ്ഞു

ടീ സ്റ്റാളിൽ നിന്നു ഒരു ചായ വാങ്ങി സ്റ്റേഷനിലുള്ള ബഞ്ചിൽ ഇരുന്നു .....

എതിർ ദിശയിലേക്ക് ട്രെയിൻ പോകുന്ന പോലെ അബിയുടെ ചിന്തകളും പിറകോട്ടു പോയി ....

ഒപ്പം അമ്മയുടെ വാക്കുകളിലേക്കും.

'മോനേ ചിങ്ങത്തിൽ നിനക്ക് വയസ്സ് മുപ്പത്തഞ്ചാകും ഞങ്ങളുടെ കാലശേഷം നീ തനിച്ചായി പോകും . അതോർത്തിട്ടു ഞങ്ങൾക്ക് സഹിക്കാൻ മേലാ അമ്മയും അച്ഛനും

ജീവിച്ചിരിക്കുമ്പം നിന്റെ കല്യാണം നടന്നു കഴിഞ്ഞാൽ സമാധാനത്തോടെ ഞങ്ങൾക്ക് കണ്ണടക്കാം .

നിന്റെ അമ്മാവൻ ചാലക്കുടിയിൽ നല്ലൊരു പെൺകുട്ടിയെ കണ്ടു വച്ചിട്ടുണ്ട്

ഞങ്ങൾ കണ്ടതാ . ഇതു വേണ്ടാ എന്നു പറയരുത് '

എത്ര പെണ്ണുകാണൽ കഴിഞ്ഞതാ .......'

ട്രെയിൻ വന്നതറിഞ്ഞില്ല... ചായ ... ചായ ...എന്ന ശംബ്ദം കേട്ടപ്പം ഞെട്ടി ഉണർന്നു കോഴിക്കോട് ഇറങ്ങാനുള്ളവർ തിരക്കിട്ടിറങ്ങുകയാണ്

അകത്തേക്ക് കയറാനുള്ളവർ തിരക്കുട്ടുകയാണ് ..

ഒരു വിധം ട്രെനിന്റ അകത്തു കയറി

ജനലിന്റ അരികിലെ സീറ്റാണ് കിട്ടിയത്.

...

സൂട്ടും കോട്ടും തൊപ്പിയും കൈയ്യിൽ ഗ്ലൗസുമിട്ട ആറടി പൊക്കമുള്ള ഒരാൾ എന്റെ അടുത്ത സീറ്റിലിരിപ്പുണ്ടായിരുന്നു....

ട്രെയിൻ നിങ്ങി തുടങ്ങി അടുത്തിരിക്കുന്ന ആൾ തല ഉയർത്തി നോക്കുകയോ ആരോടും സംസാരിക്കയൊ ചെയ്യുന്നില്ല കയ്യിലുള്ള ചുരുട്ട് ആഞ്ഞു വലിച്ചു പുക പുറത്തേയ്ക്ക് വിട്ടു കൊണ്ടിരുന്നു..



മാഗ്ളിൻ ജാക്സൺ

യാത്രക്കാർ മിക്കവരും മൂക്കുപൊത്തി പിടിക്കുന്നു.

സ്ത്രീകൾ സാരി തലപ്പുകൊണ്ടു മൂക്കു പൊത്തുന്നു...

ആ മനുഷ്യൻ ആരെയും ശ്രദ്ധിക്കുന്നില്ല .....

ട്രെയിനിൽ പുകവലി പാടില്ലയെന്നു പറയാൻ ആർക്കും ധൈര്യമില്ലാത്ത പോലെ

എല്ലാവരും അയാളെ ഭയക്കുന്നതു പോലെ തോന്നി ...

ഇടതുകയ്യിൽ ഒരു ടോർച്ചും ഒരു കാലൻ കുടയും ഉണ്ടായിരുന്നു..... ഞാൻ തന്നെ സംസാരത്തിനു തുടക്കമിട്ടു .......

'സർഎങ്ങോട്ടെയ്ക്കാ... '

രൂക്ഷമായ്എന്നെ ഒന്നു നോക്കിയിട്ട്.

' എറാണാകുളം '

ആമുഖത്ത് എന്തൊ ഒരു പൈശാചികത .....!

എന്റെ തോന്നലായിരിക്കുമോ.....? എന്തോ പിന്നീട് ഒന്നും സംസാരിക്കാൻ

തോന്നിയില്ല .വർഷ കാലമായതു കൊണ്ടാവം പ്രകൃതി ഇരുണ്ടിരിക്കുന്നത്

നല്ല തണു കാറ്റു വിശുന്നുണ്ടായിരുന്നു

പുള്ളി പരിസരമൊന്നും ശ്രദ്ധിക്കാതെ

തല കുനിച്ചിരിക്കായാണ് ..

എനിക്കിറങ്ങാനുള്ള

സ്റ്റേഷൻ അടുക്കാറായി ...

പുള്ളി തല ഉയർത്തി എന്റെ മുഖത്തേയ്ക്ക്

നോക്കിയിട്ട് ..

'നിങ്ങൾക്ക് അടുത്ത സ്റ്റേഷനിലല്ലെ ....?

പുള്ളിയുടെ ചോദ്യം കേട്ട് ഞാൻ ഒന്നു ഞെട്ടി...!

പുള്ളിക്കെങ്ങനെ അറിയാം ഞാൻ ഇറങ്ങുന്ന സ്റ്റേഷൻ . മനസ്സിലിട്ടു ഓരോ വാക്കുകൾ കിഴിച്ചും ഹരിച്ചും നോക്കുന്നതിനിടയിൽ

വീണ്ടും ...

'ഹേ മിസ്റ്റർ ഈ ടോർച്ചു . കുടയും . ബെർത്തിൽ നിന്നും ഒരു ഇരുമ്പുപെട്ടി എടുത്തു തന്നിട്ട്

ഇതും കൂടി എന്റെ വീട്ടിൽ കൊണ്ടുപോയി കൊടുക്കണം "

അഡ്രസ്സ് അറിയില്ല എന്നു പറയാൻ

തുടങ്ങുന്നതിനു മുൻപു തന്നെ

അഡ്രസ്സ് എഴുതിയ ഒരു കഷ്ണം പെയ്പ്പർ എന്റെ കയ്യിൽ തന്നു ......

'ഇതാണ് അഡ്രസ്സ് നിങ്ങൾ ആദ്യം എന്റെ വീട്ടി പോയി ഇതൊക്കെ അമ്മയെ ഏൽപ്പിക്കണം പറഞ്ഞതു മനസ്സിലായോ.....?

. ആ ശംബ്ദം ഒരു ഗർജനമായി തോന്നി .....

സ്റ്റേഷനിൽ സുഹൃത്ത് സുകു കാത്തു നിൽപ്പുണ്ടായിരുന്നു '

'എടാ അബി നീസ്ഥിര താമസത്തിനു വന്നിരിക്കയാണോ

പെട്ടിയും കുടയും ടോർച്ചൊക്കെയായിട്ട് '

സുകുവിനോട് നടന്നതെല്ലാം പറഞ്ഞു അവന്റെ കയ്യിൽ അഡ്രസ്സ് കൊടുത്തു അവൻ വായിച്ചു നോക്കിയിട്ട് ...

'ഇത് എവിടെയാണ് എന്നറിയില്ല

നോക്കാം നീവണ്ടിയിൽ കയറ് '

ബൈയ്ക്കിൽ കയറി . രണ്ടു പേരുടെ നടുവിൽ പെട്ടിയും വെച്ചു

കുറച്ചു ദൂരം ചെന്നപ്പം ഒരു മനുഷ്യൻ പറമ്പു കിളച്ചു കൊണ്ടു നിൽക്കുന്നു .....!

'ചേട്ടാ ഈ അഡ്രസ്സ് ഒന്നു

പറഞ്ഞു തരുമോ ...?

കടലാസ് മേടിച്ചു നോക്കിയിട്ട്

'എനിക്ക് മലയാളം മാത്രമെ

വായിക്കാനറിയു '

മലയാളത്തിൽ വായിച്ചു കൊടുത്തു .

'കുറച്ചു കിഴക്കാ

കുറച്ചു ദൂരം പോകുമ്പം ഒരു പഴയ ഓടിട്ട വീടു കാണാം.

എന്തിനാ നിങ്ങൾ അങ്ങോട്ടു

പോകുന്നേ '

ചോദ്യം കേട്ടപാടെ സുകുവണ്ടി സ്റ്റാർട്ടാക്കി മറുപടി കൊടുക്കാൻ നിന്നില്ല.

അയാൾ പിറകേ ഓടി വരുന്നത് സൈഡുമിററിൽ കൂടി കാണാമായിരുന്നു ....

ഞങ്ങൾ ആവീടിനു മുന്നിലെത്തി .

മുറ്റമാകെപുല്ലു വളർന്നു ഉണങ്ങി നിൽക്കുന്നു. ചൂടിന്റെ കാഠിന്യം കൊണ്ടാവാം

മുളവാരി കൊണ്ടാണ് വേലി ഉണ്ടാക്കിയിരിക്കുന്നത്. വേലിയുടെ ഓരത്തു ബൈക്ക് പാർക്കു ചെയ്തിട്ട് അകത്തേക്ക് കടന്നു. കരിയിലകൾ കാൽ ചുവട്ടിൽ ഞെരിഞ്ഞ

മർന്നു..

ആൾ താമസമില്ലാത്തപോലെതോന്നി

പുള്ളി പറഞ്ഞത് അമ്മയുടെ കയ്യിൽ കൊടുക്കാനല്ലേ .....?

'എന്താ നീ ആലോചിക്കുന്നേ

ഒന്നുമില്ലടാ .'

'വാതിൽ മുട്ടിയപ്പം ചട്ടയും മുണ്ടു ധരിച്ച ഒരു സ്ത്രീവന്നിട്ടു പറഞ്ഞു കേറി ഇരിക്ക് മക്കളെ

അവൻ പെട്ടിയും ടോർച്ചും കോട്ടും തന്നു

വിട്ടല്ലേ ""'

'നിങ്ങൾ ഇരിക്ക്ഞാൻചായ കൊണ്ടുവരാം '

അമ്മച്ചിയുടെ കയ്യിൽ ടോർച്ചും കുടയും പെട്ടിയും കൊടുത്തു അവർ അതുമായ് അകത്തേയ്ക്ക് പോയി ...

അവരുടെ മുഖത്ത് ഒരു പൈശാചികത തോന്നി ട്രെയിയിനിൽ വച്ചു അയാളുടെ മുഖത്തു കണ്ട അതേ ഭാവം ......

'അബിനീ അങ്ങോട്ടു നോക്കിയേ '

സുകു പറഞ്ഞിടത്തേയ്ക്ക് നോക്കി.

ഞാൻ ട്രെനിൽ കണ്ട അയാളുടെ ഫോട്ടോയും ഞാൻ പെട്ടി കൊടുത്ത അമ്മച്ചിയുടെ ഫോട്ടോയും മാലയിട്ട്

ചുമരിൽ തൂക്കിയിരിക്കുന്നു..... ഞങ്ങളുട നെഞ്ചിടിപ്പു കൂടി വന്നു വിയർപ്പു ചാലുകൾ നെറ്റിയിൽ കൂടി ഒലിച്ചിറങ്ങി ......!

ഭയത്താൽ പരിഭ്രാന്തരായ്

ഞങ്ങൾ പെട്ടെന്നു പുറത്തിറങ്ങി

അകത്ത് ചിരിയുടെ അട്ടഹാസം കേൾക്കുന്നുണ്ടായിരുന്നു ...

ബൈക്ക് സ്റ്റാട്ടാകുന്നില്ല

ആരെയെങ്കിലും വഴിയിൽ കാണുമോ എന്നു നോക്കിയപ്പം. പറമ്പു കിളച്ചു കൊണ്ടിരുന്ന

മനുഷ്യൻ ഞങ്ങൾക്കു മുന്നിൽ നിൽക്കുന്നു....

'നിങ്ങളോടു ഞാൻ ചോദിച്ചില്ലേ എന്തിനാ അങ്ങോട്ടു പോകുന്നേ എന്ന് "

'ഞങ്ങൾക്കൊരു തെറ്റുപറ്റി

ക്ഷമിക്കണം.""

ബൈക്ക് സ്റ്റാട്ടാകുന്നില്ല.

രണ്ടു പേരും കൂടി ബൈക്ക് തള്ളി കൊണ്ടുപോകുന്നതിനിടയിൽ .

രാമൻ എന്നാണ് ഞങ്ങളെ പിൻതുടർന്ന പുള്ളിയുടെ പേര് ....

രാമൻ ചേട്ടൻ കഥ പറയാൻ തുടങ്ങി .

'ത്രേസിയമ്മയുടെ ഭർത്താവ് മിലട്ടറിയിലായിരിന്നു.

യുദ്ധത്തിനിടയിൽ അദ്ദേഹം വിരമൃത്യു വരിച്ചു. മകൻ റോബർട്ടിനെ വളരെ കഷ്ടപ്പെട്ടാണ് അവർ വളർത്തിയത് ...

അവന് അപ്പന്റെ ജോലികിട്ടി ...

പക്ഷെ, അവന്റെ വിവാഹം കഴിഞ്ഞ് ഒരു വർഷമാകുന്നതിനുമുൻപുതന്നെ അതിർത്തിൽ വെച്ചുണ്ടായ വെടിവെയ്പ്പിൽ

പാക്കിസ്ഥാൻ പട്ടാളത്തിന്റെ വെടിയേറ്റ് മരിച്ചു.

അമ്മയ്ക്ക് മകന്റെ മരണവാർത്തകേട്ട് സഹിക്കാൻ കഴിഞ്ഞില്ല. അവർ ആത്മഹത്യ ചെയ്തു ... റോബർട്ടിന്റെ ഭാര്യയെ അവരുടെ വീട്ടുകാർ വന്നു കൂട്ടിക്കൊണ്ടുപോയി ....

രാത്രിയായാലിവിടെ ഭയങ്കര ഒച്ചയും ബഹളവുമാണ് . അതുകൊണ്ടുതന്നെ ആരും ഇങ്ങോട്ടു വരാറില്ല ....

പലർക്കും പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ഇതുവരെ ആരെങ്കിലും ഉപദ്രവിക്കപ്പെട്ടതായി അറിയില്ല '

കുറെ ദൂരം വരെ ബൈക്ക് തള്ളേണ്ടി വന്നു ബൈക്ക്സ്റ്റാർട്ടായതും..

രാമൻ ചേട്ടനോട് യാത്ര പറഞ്ഞു ഞങ്ങൾ ....

'എടാ ഒരു കാര്യം നീ മനസ്സിലാക്കണം.പരിചയമില്ലാത്തവർ എന്തെങ്കിലും തന്നാൽ വാങ്ങരുത് . ഇത് നിനക്ക് ഒരു

അനുഭവമായില്ലേ ?'

നടന്ന സംഭവങ്ങള ഓർത്തു കൊണ്ട് കഴിഞ്ഞ നിമിഷത്തെ ശപിച്ചു

കൊണ്ട് അബിയും സുകുവും പെണ്ണുകാണലെന്ന ലക്ഷ്യവുമായി മുന്നോട്ട് കുതിച്ചു .....

കഥ

# മുച്ചക്രം



ദേവൂസ്

**പ**തിനഞ്ചാം വിവാഹ വാർഷിക ആശംസകൾ എന്ന് എഴുതി അലങ്കരിച്ച മനോഹരമായ കേക്ക് ഭർത്താവിനോട് ചേർന്ന് നിന്ന് അവൾ മുറിച്ചു വച്ചു. മക്കളും അടുത്ത ചില കൂട്ടുകാരും കൈയ്യടിക്കുകയും ആ സുന്ദര നിമിഷങ്ങൾ മൊബൈലിൽ പകർത്തുകയും ചെയ്യുന്നുണ്ടായിരുന്നു .മുറിച്ച കേക്ക് പരസ്പരം വായിൽ വച്ച് സ്നേഹം പകർന്ന് ചിത്രങ്ങൾക്കായി അവർ പലവിധത്തിൽ നിന്ന് കൊടുത്തു .ഒരു കൊച്ചു സൽക്കാരവും കഴിഞ്ഞ് ഓരോരുത്തരായി യാത്ര പറഞ്ഞു .മക്കളും ശുഭരാത്രി പറഞ്ഞ് ഇരു കവിളിലും ഉമ്മയും നൽകി ഉറങ്ങാൻ കിടന്നു.....

അലങ്കോലമായ അകത്തളവും അടുക്കളയും ഒക്കെ വൃത്തിയാക്കി പതിവ് പോലെ അവൾ കുറച്ചു നേരം തുറന്നിട്ട ജനലിലൂടെ പുറത്തെ ഇരുട്ടിനോട് തന്റെ പ്രണയം പറഞ്ഞു കൊണ്ടിരുന്നു . അലകൾ ഒടുങ്ങാത്ത കടൽ പോലെ ഹൃദയം അന്നും പ്രക്ഷുബ്ധമായിരുന്നു. എന്തിനെന്നറിയാത്തൊരു അനാഥത്വം അവളെ വേട്ടയാടാൻ തുടങ്ങിയിട്ട് കുറച്ചു നാളുകളായി .അതിൽ നിന്ന് ഒരു മോചനം തേടിയാവണം എന്നും സ്വയം തിരക്കിൽ മുങ്ങാംകുഴിയിടുന്നത് ...

'നീയിത് എന്താ കിടക്കാത്തത് '

എന്ന പതിവ് ചോദ്യം അവളിലെ അസ്വസ്ഥത കൂട്ടി .....

ജനൽ പാളികളടച്ച് ലൈറ്റ് ഓഫാക്കി കിടപ്പുമുറിയിലേക്ക് നിശബ്ദം നടന്നു .ഇന്നും താൻ എന്തൊക്കെയോ തെറ്റുകൾ ചെയ്ത് പിടിക്കപ്പെടുകയും വിചാരണ കഴിഞ്ഞ് ജയിലിൽ അടക്കപ്പെടുകയും ചെയ്തതായി അവൾക്ക് തോന്നി . മുഖം കറുപ്പിച്ച് ഒന്ന്

നോക്കിയിട്ട് എന്തൊക്കെയോ അവ്യക്തമായി പിറുപിറുത്തു കൊണ്ടിരുന്നു അയാൾ .കുട്ടികളിലെ അനുസരണക്കേടും കൊറോണക്കാലത്തെ വരുമാനക്കുറവും കൂടുതൽ നേരം ഉപയോഗിച്ച ഗ്യാസും ഫാനും തുടങ്ങി അയാൾ പറഞ്ഞ് വച്ചവയെല്ലാം അവളിൽ കുറ്റബോധവും
നിസ്സഹായതയും പകർന്നു .....

മിണ്ടാതെ കിടന്നപ്പോൾ ആവണം ശബ്ദത്തിലെ നീരസം കൂടുതൽ വ്യക്തമായത് ...

'നിനക്കിതെന്താ പറ്റീത് ...
എന്താ നിന്റെ പ്രശ്നം ...'

ചോദ്യങ്ങളുടെ ചൂട് മുഖത്ത് തട്ടിയപ്പോൾ തിരിഞ്ഞ് കിടന്നു .....
താങ്ങാനാവാത്ത നൊമ്പരം കണ്ണീരായി ചെന്നി യിലൂടെ ഒഴുകി ...
ശബ്ദമില്ലാതെ കരയാൻ ശീലിച്ചതിൽ അവൾക്കാശ്വാസം തോന്നി . ...

പുറകിൽ നിന്ന് ഉയരുന്ന കൂർക്കം വലിയുടെ അപശബ്ദങ്ങൾ തന്റെ ജീവിതത്തിന്റെ കാണാപ്പുറമാണെന്നവൾ തിരിച്ചറിയുന്നുണ്ടായിരുന്നു . കാണികളുടെ മുൻപിലെ സംതൃപ്തനാടക മല്ല പലരുടേയും ജീവിതം .തനിക്കും പറയാൻ മറ്റൊരു കഥയും ബാക്കിയായില്ല എന്ന് മാത്രം .യാന്ത്രികമായ ജീവിതം എന്നേ ബോറഡിപ്പിച്ചു തുടങ്ങീ .കാണികൾക്ക് പറയാൻ മാത്രം കുറവുകളില്ല എങ്കിലും ഹൃദയത്തിന്റെ സാന്നിധ്യം ആവശ്യമില്ലാതായിരുന്നു .അങ്ങിനെ ഒന്നുണ്ടോ എന്ന് പോലും അറിയില്ല .

ഉള്ളിൽ തട്ടാത്ത പൂക്കാലങ്ങളിൽ പൂമ്പാറ്റകൾ വിരുന്നെത്താത്ത പ്ലാസ്റ്റിക്ക്പൂവ് പോലെ
ഉൾ തടം ഒഴിഞ്ഞ് കിടന്നു .....ദിനചര്യകളിൽ തട്ടി അതങ്ങിനെ നീങ്ങി
യന്ത്രം പോലെ ....
കൂർക്കംവലിയുടെ താളവട്ടം മുറുകിയപ്പോൾ അവൾ എണീറ്റ് ഇരുട്ടിൽ സോഫയിൽ പോയിരുന്നു .ഉറക്കം ഒരു വിളിപ്പാടകലെ നിന്ന് പല്ലിളിക്കുന്നുണ്ട് . നിലാവ് പെയ്തിറങ്ങുന്ന കടൽ പോലെ പുറം ശാന്തമായി അവളിരുന്നു .... ശൂന്യതയിൽ ലയിച്ച് ...
വീണ്ടും ഒരു ദിനം ആരംഭിച്ചുവെന്ന് വിളിച്ചോതി മൊബൈൽ അതിന്റെ കടമ നിറവേറ്റി .
മാറി കിടന്നതിന്റെ കാരണവും കുറ്റപ്പെടുത്തലും തുടർന്നുള്ള പഴികളും പേറി അന്നത്തെ ജോലിയെല്ലാം ഒതുക്കി മക്കളെ സ്ക്കൂളിലയച്ച് ഒരു സാരി വാരി ചുറ്റി അവൾ ഓടി ബസ് റ്റോപ്പിലേക്ക് .ഒരു മിനിറ്റ് വൈകിയാൽ മതി എല്ലാം താളം തെറ്റാൻ .

ബസ് നോക്കി നിൽക്കുമ്പോൾ ആണ് തൊട്ടപ്പുറത്തെ പെട്ടിക്കടയോട് ചേർന്ന് ഒതുക്കി നിർത്തിയ ഒരു മുച്ചക്ര വണ്ടിയിൽ ലോട്ടറി വിൽക്കുന്ന അയാളെ കണ്ടത് .കക്ഷി പുതിയതാണ് .നിഷ്കളങ്കമായ മുഖത്തിന് ചേരുന്ന താടിയും വലിയ തിളങ്ങുന്ന കണ്ണുകളും .അരയ്ക്കു കീഴ്പ്പോട്ട് തളർന്നതാണെന്ന് തോന്നി .എങ്കിലും ദൈന്യതയ്ക്ക് പകരം ആത്മവിശ്വാസമുള്ള ആ മനുഷ്യനെ ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല .ചിരിയോടെ അയാൾ നോക്കിയപ്പോൾ തിരിച്ച് ഒരു ചിരിയും സമ്മാനിച്ച് ബസ് വരുന്നത് കണ്ടപ്പോൾ അവൾ റോഡിൽ ഇറങ്ങി നിന്നു .ബസ്സിൽ കയറി ഒന്നൂടെ തിരിഞ്ഞ് നോക്കിയപ്പോൾ അതേ പുഞ്ചിരിയോടെ അയാള വളെ നോക്കി കൊണ്ടേ ഇരിപ്പുണ്ടായിരുന്നു .തെല്ലൊരു ജാള്യത തോന്നി എങ്കിലും ഒരു പാട് കാലത്തെ പരിചയം ഉള്ള ഒരടുപ്പം അയാളോട് തോന്നി .
പിന്നീട് അതൊരു പതിവായി .ബസ്സ് വരുന്നതിനും മുൻപേ അവൾ എത്തും .അയാൾ അവിടെ ഉണ്ടാവും ആ മുച്ചക്ര വണ്ടിയിൽ നിരത്തി വച്ച ലോട്ടറി ടിക്കറ്റുകളുടെ ഭാഗ്യദാദാ വായി .ഒരു നനുത്ത പുഞ്ചിരിക്കപ്പുറം ഒരു വാക്ക് പോലും അടർന്ന് വീണില്ല അവരിൽ നിന്ന് ഒരിക്കലും . ഉപാധികളില്ലാത്ത ഒരു സ്നേഹ നൂൽപ്പാലത്തിന്റെ അദൃശ്യ സാന്നിധ്യം അവർക്കിടയിൽ രൂപം കൊള്ളുന്നുണ്ടായിരുന്നു .
തനിക്കിതെന്താണ് പറ്റുന്നതെന്നവൾ സ്വയം പഴിച്ചു .... വല്ലാതെ അതിശയിച്ചു .എന്തിനെന്നറിയാത്ത ഒരു കുറ്റബോധവും രൂപപ്പെട്ടു കൊണ്ടിരുന്നു .

ഒരു മിച്ച് ജീവിച്ചിട്ടും രണ്ട് മക്കളെ സമ്മാനിച്ചിട്ടും തന്റെ ഹൃദയം തൊടാൻ കഴിയാതെ പോയ ഒരാളുടെ കുറ്റപ്പെടുത്തലും കൂർക്കം വലിയുടെ അപശബ്ദ താളവും അവളെ വേട്ടയാടി കൊണ്ടിരുന്നു .ഇവിടെയിതാ ഒരു പുഞ്ചിരിയോടെ കടന്ന് വന്ന് അയാൾ തന്റെ ഹൃദയം തൊട്ടിരിക്കുന്നു .ഇ

ന്നോളംതാനറിയാത്ത ഒരു തരം സുഖമുള്ള നോവിലേയ്ക്ക് ആ ചിരി അവളെ വലിച്ചിട്ടു .

'നാലു കുട്ടികളേയും ഉപേക്ഷിച്ച് വീട്ടമ്മ പതിനെട്ടുകാരന്റെ കൂടെ ഒളിച്ചോടി '....

പത്രത്തിലെ വാർത്ത ഉറക്കെ വായിച്ച് ചിരിക്കുകയാണ് ഓഫീസിലെ ക്ലാർക്ക് തോമസ് ചേട്ടൻ ....

'ഇവളുമാരിക്കിതൊക്കെ എന്നാ കേടാ ..... എന്ന് വഷളൻ ചിരിയോടെ അയാളത് വിളമ്പുമ്പോൾ ....

സീനിയർ ക്ലാർക്ക് പൊന്നമ്മചേച്ചിതിരിച്ചടിച്ചു

'താൻ വിചാരിക്കുന്നതല്ല ടോ കേട് .....
പെണ്ണിന് ശരീരം മാത്രമല്ല ഒരു മനസ്സും ഉണ്ട് .....
വല്ലപ്പോഴും ഒന്ന് തിരക്ക്
വീട്ടിലെ പെണ്ണുമ്പിള്ളയോട് .....
മറുപടി അവിടെ കിട്ടും .'

കൂട്ടച്ചിരിയിൽ തോമസ് ചേട്ടനും കൂടി .വേറെ വഴിയില്ലാതെ .

അന്ന് തന്നെ അവൾ
ഒരു തീരുമാനം സ്വയം എടുത്തിരുന്നു ....ഇനി അയാളെ നോക്കില്ലാ എന്ന് . രാത്രിയിലെ കൂർക്കംവലികളും കുറ്റപ്പെടുത്തലുകളും ആസ്വദിക്കാൻ മനസ്സിനെ ചട്ടം കെട്ടി . രാത്രിയിലെ ക്രൈം വാർത്തകളും കണ്ട് ഉറങ്ങാൻ കിടന്ന അയാളുടെ അരികിൽ അവൾ ചേർന്ന് കിടന്നു ..

സ്വയം പക്വതപ്പെട്ട്. പെട്ടെന്നാണ് അയാൾ ആക്രോശിച്ചത് .... മുകളിലെന്താ വാഷിംഗ് മെഷീന്റെ ശബ്ദം എന്ന് ...

'അത് ഞാൻ തുണികൾ കഴുകാനിട്ട താ .. രാവിലെ വിരിച്ചിടാലോ '

മറുപടി ഒന്നും കേട്ട ലക്ഷണമില്ലാതെ അസ്വസ്ഥതയുടെ കമ്പളമിട്ട് ആ രാത്രിയും അവളുടെ കൈയ്യിൽ നിന്നും ഊർന്ന് പോയി .... താളം തെറ്റിയ ശബ്ദം കാതിൽ പതിച്ചപ്പോൾ അവൾക്കുറപ്പായി ഉറങ്ങി എന്ന് ... എണീറ്റ് വന്ന് സെറ്റിയിലിരുന്നു .ഒലിച്ചിറങ്ങിയ കണ്ണുനീർ തുടച്ച് കൊണ്ട് .

പിറ്റേന്ന് ബസ് കാത്തുനിൽക്കുമ്പോൾ അവൾ അയാളെ തീരെ ശ്രദ്ധിക്കാൻ പോയില്ല .തുടർന്ന് വന്ന മൂന്ന് നാല് ദിവസങ്ങളും അങ്ങോട്ട് നോക്കിയതേയില്ല ...

മനസ്സിലൊരു വിങ്ങൽ അവശേഷിച്ചെങ്കിലും അവൾ ക്ക് പിടിച്ചു നിൽക്കാനായി .

ഓർക്കാപ്പുറത്താണ് അന്ന് ഇടിവെട്ടി ഒരു മഴ പെയ്തിറങ്ങിയത് .ഓടിക്കൂടിയവർ ബസ് സ്റ്റോപ്പിൽ തിക്കിതിരക്കി സ്ഥലം പിടിച്ചു . പതിയെ അവൾ ഒളിഞ്ഞ് നോക്കി ,അയാളെന്ത് ചെയ്യുകയാവും എന്ന് .

അയാളാമഴയിൽ കുതിർന്ന് മുച്ചക്രത്തിൽ ഇരിപ്പുണ്ടായിരുന്നു .....അവളെയും നോക്കി .കുറച്ച് നേരം അവൾ കണ്ടില്ലെന്ന് നടിച്ചു .വേനൽമഴ വീണ്ടും കനക്കുകയാണ് ... അയളതാ അതേ ഇരുപ്പാണ് ... പെയ്തിറങ്ങിയ മഴവെള്ളം അയാളുടെ മുഖത്തുകൂടെ ചാലിട്ട് ഒഴുകുന്നുണ്ടായിരുന്നു .

അയാളാ മഴയിൽ തന്നെ തന്നെയാണ് നോക്കി കൊണ്ട് ഇരിക്കുന്നത് .....
ആ ഇരുപ്പ് അവഗണിക്കാനാവാതെ
മെല്ലെയവൾ ബാഗിൽ നിന്നും തന്റെ കുട എടുത്തു .പതിയെ ബസ് റ്റോപ്പിൽ നിന്നുമിറങ്ങി അയാൾക്കരുകിൽ എത്തി നിവർത്തിയ കുടയിൽ അയാളെ കൂടി നിർത്തും വിധം അവൾ ചേർന്ന് നിന്നു .തന്റെ ശരീരം മുഴുവനും നനഞ്ഞാലും അയാൾ നനയരുതെന്ന് കരുതിയാവണം അവൾ കുട പരമാവധി അയാൾക്ക് മുകളിലേക്ക് ചായ്ച്ച് പിടിച്ചത് .വലത് കൈയ്യിൽ കുടപിടിച്ച് ഇടം കൈയ്യിൽ സാരി തലപ്പെടുത്ത് അവളയാളുടെ തല തോർത്തി കൊടുത്തു .അപ്പോഴും അയാൾ അതേ ചിരിയോടെ അവളുടെ കണ്ണുകളിലേക്ക് തന്നെ നോക്കി കൊണ്ടേയിരുന്നു .തനിക്ക് കയറേണ്ട ബസ് വന്നതും പോയതും അവളറിഞ്ഞില്ല, അയാളും. തലയിലൂടെ ഊർന്ന് പോയ അവളുടെ കൈകൾ അയാളെ വാത്സല്യപൂർവ്വം തന്നോട് ചേർത്ത് പിടിച്ചു .അയാളൊരു കുഞ്ഞിനെപ്പോലെ അവളുടെ തോളിൽ തല ചായ്ച്ചു .. കുടയുടെ മറയിലെ ആ ഒരു നിമിഷം ജന്മജന്മാന്തരങ്ങൾക്കപ്പുറത്തു നിന്നും ഒഴുകി വന്ന സുഗന്ധം അവരെ കുളിരണിയിച്ചു കടന്ന് പോയി .തന്റെ കുട അയാളുടെ തോളിൽ മെല്ലെ വച്ചിട്ട് ഒന്നും പറയാതെ അവളാ മഴയിലേയ്ക്കിറങ്ങി നടന്നു .....

കഥ



# ലെറ്റർ പാഡ്



റസിയ പയ്യോളി

പ്രിയപ്പെട്ട അഫ്താബ്,

നിന്നെ ഞാൻ അതിരുകളില്ലാതെ വല്ലാണ്ടങ്ങ്സ്നേഹിച്ചു പോയിരിക്കുന്നു. ഒരിക്കലും അടർത്തിമാറ്റാൻ കഴിയാത്ത വിധം ചുറ്റിപറ്റിയ പ്രണയ വള്ളിയാണത്. നമ്മൾ തമ്മിൽകാമ്പസിൽ ഒരു പാട് വട്ടം കണ്ടതാണല്ലോ അല്ലേ? മുഖാമുഖവും അല്ലാതെയും .. പക്ഷെ അപ്പോഴൊക്കെ നമ്മൾ നല്ല കൂട്ടുകാരാണ്. ക്ഷമിക്കണം എന്നാൽ എന്റെ ഉള്ളംഞാനറിയാതെ നിന്നെ പ്രണയിച്ചുകൊണ്ടിരുന്നു.

നീയതറിഞ്ഞില്ല.എന്റെ പ്രിയ അഫ്താബു മൊത്ത്ഉപ്പു കൂട്ടി പച്ചമാങ്ങ തിന്ന ഒരോർമ്മയെങ്കിലും വല്ലാതെ കൊതിച്ചു പോയി.റിഷാനയുടെ ഭാഷയിൽ പറഞ്ഞാൽ കുന്നോളം സഹിച്ച് അടക്കിപിടിച്ചമൊഹബ്ബത്ത് ഞാൻ താണ്ടിയത് മൂന്ന് വർഷം.

പറയാൻ ധൈര്യമുണ്ടായില്ലെടാവീട്ടിൽ ചെന്നാൽ അയ്യോ ...നിന്നെയോർത്ത് വല്ലാത്ത മൗനം വരും ക്ലാസ് മുറികളിൽ നിന്നെ പരതി മനസലയും.എങ്ങനെ പിടിച്ചു കെട്ടിയാലും ചങ്ങല പൊട്ടിച്ചോടും ..നിന്നെ പറ്റി ഓർക്കുമ്പോൾ ഈറനണിയുന്ന കണ്ണുകളാണെന്റേത്..അച്ചൻ ചോദിക്കും കുറച്ചായിട്ട്മിന്നു എന്താ നിനക്കൊരാലോചനഞെട്ടി ഉണർന്ന് ഞാൻപറയും ഒന്നുല്ലച്ചാ എന്നാലും എന്തൊളണ്ട് എന്റെ മോൾക്ക്...കൃത്യമ ചിരി യിൽ അച്ചനെ വീഴ്ത്തി വീണ്ടും മനസ്പറന്നോടും.ന്റെമ്മേ എന്തിനാ ഇവന്റെപിറകേ ഞാനിങ്ങനെ ഓടണെ ...മനസെ കളിപ്പിക്കല്ലെ ഒന്നടങ്ങ്.

ഒരു കാര്യം ബോധ്യായി പ്രണയം നമ്മളെ നമ്മളറിയാതെ കുടുക്കും.ചങ്ങാതികൂട്ടത്തിൽ നിന്ന് മാറി ക്ലാസ്മുറിയിലെ ജനൽ

പാളിക്കുള്ളിലൂടെഞാൻ നിന്നെ തന്നെ നോക്കിയിരിക്കാറായിരുന്നു.അതൊരു വല്ലാത്ത നിർവൃതിയായിരുന്നു.പിന്നീടൊക്കെ എന്റെ കണ്ണുകൾ കാണുന്ന വഴികളിൽ നിന്നെ തിരഞ്ഞു.നിന്നെയോർക്കുമ്പോൾദാഹിച്ചു പൊറുതിമുട്ടും.നിന്റെചുവട്ടടി പിൻതുടർന്ന് ഈ നിമിഷവുംഞാനുണ്ട്.കോളജിന്റെ കിഴക്കേ മൂലയിലിരുന്ന് ഞാൻ കരഞ്ഞത് നീ അടു



ത്തേക്ക് വരാനുള്ള ഒരടവായിരുന്നുഅന്ന് രാജശ്രീ തന്ന മിഠായി ഞാൻ വാങ്ങി കൊടുത്തയച്ചതായിരുന്നുഉസ്മാൻക്കയുടെ കമ്പനിയിലെ ഒരുപുതിയ മിഠായി.

തുടക്കത്തിൽ ചവർപ്പാണെങ്കിലും അലിഞ്ഞ് തുടങ്ങിയാൽകൊതിയൂറുന്ന രുചിയും. ആമിഠായിയിലൂടെ ഞാൻ പുനർജനിച്ചു. ഒരു മിഠായീലൂടെ എന്ത് പുനർജന്മം. അത് ഞാനൊരു തമാശ പറഞ്ഞതാണെന്ന് കരുതണ്ട. അതെങ്കിലും സാധിച്ചല്ലൊ. ഒരിക്കലും വാടാത്തപേരിടാനാവാത്ത പുഷ്പം നിനക്കായ്കരുതി വെച്ചു.

അത്രയേറെ ഞാൻ മാറി പോയെടാ.എങ്ങനെ നിന്നെ മറക്കാ ൻ ശ്രമിച്ചിട്ടും കഴിയുന്നില്ല.ചിലപ്പോൾ വെള്ളമില്ലാതെടുത്ത് നിന്ന് പിടയുന്നപരൽ മീനായ് പോകും ഞാൻ .നിന്റെ നേതൃത്വത്തിലെ കൂട്ടായ്മയുടെശാക്തീകരണ ബോധവൽക്കരണ ക്ലാസിൽ ഞാൻ മുടങ്ങാതെ വന്നത് നിന്നെ കാണാൻ കൂടിയായിരുന്നു.ആറാടാൻ കുന്നോളം നിന്റെ കൈയിൽ പണമുണ്ടെങ്കിലും നിന്റെലളിതജീവിതത്തിന്റെ മഹനീയമാതൃക എന്നെ ഏറെ സ്പർശിച്ചു.

വിശക്കുന്നവരെ തേടി പിടിച്ച് ഊട്ടിക്കുന്ന നിന്നിലെആ ജീവസ്നേഹം ശാഠ്യ ബുദ്ധിയോടെകാര്യങ്ങൾ ഏറ്റെടുക്കുകയും അസംഭവ്യവും സംഭവ്യമാക്കുന്ന കർമ്മോത്സുകതയും സക്രിയ മനോഭാവവും എന്നെവീഴ്ത്തി ഞാനിന്ന് നിന്റെ മുന്നിൽ മുട്ട്കുത്തി നിൽക്കുകയാണ്.നീ വിരൽചൂണ്ടിയ ഇടങ്ങളിൽ പരന്നൊഴുകിയപ്രകാശം എന്നെ അത്ഭുതപ്പെടുത്തി.നിസ്വാർഥന്യയ സേവകാ മനുഷ്യ സ്നേഹി ഒരിടം തരണം ആ മനസിൽ സത്യമായിട്ടും നിമിഷഇടവേളയില്ലാതെ എന്റെ മനസ് ഓടികൊണ്ടിരിക്കുന്നു.ആ പാൽപുഞ്ചിരിയാണ് എന്നെ വഴിനടത്തുന്നത്.നിന്നെകുറിച്ചുള്ള അഗാധമായ ചിന്തയിൽമൗനത്തെ കൂട്ട് പിടിച്ചെരാളാണ് ഞാൻ ഈ പ്രണയം രസതന്തമൊ ജീവശാസ്ത്രമൊ?പ്രേമാലസ്യത്തിൽ മയങ്ങി ഞാൻ വേറൊരാളായി മാറി പോയിഅതോണ്ടാ ചോദിച്ചത്.വിഷയംപ്രണയമാണ് ഇടം കാലിട്ട് മറച്ചിട്ട് സ്വന്തമാക്കാൻ പറ്റില്ല.തമ്പ്രാക്കന്മാരെ മുന്നിൽ കുനിഞ്ഞ് നിൽക്കുന്ന ഒരുവിഭാഗമുണ്ട്.ആ തോന്നലുകൾ എല്ലായിടത്ത് നിന്നും എന്നെ തട്ടി മാറ്റി.പിറകിലാണെന്ന തോന്നലിൽ എല്ലാം സഹിച്ചു.അതൊക്കെ ശെരിനിന്നെ എനിയ്ക്ക് കിട്ടിയേ മതിയാകൂ.കൊതിച്ചു പോയെടാ ഞാൻ .ഒരു കുന്നിൻ മുകളിൽ മൊബൈൽടവറില്ലാത്ത ഒരിടത്താണ് ഞാനുള്ളത്.ആട്ടവും പാട്ടും കൂത്തും ഒന്നുമില്ലാത്തിടം ...തപാൽപ്പെട്ടിയിലൂടെ ഈ കത്ത് നിന്റെകൈകളിലെത്തും.വേദയുടെ പ്രണയത്തെ അഭിവാദ്യം ചെയ്യുമെന്ന പ്രതീക്ഷയോടെ പുതുതലമുറയ്ക്കിത് സ്നേഹപൂർവ്വംഡെഡിക്കേറ്റ് ചെയ്യുന്നു.അവർക്കിത് ഗുണകരമായ പ്രണയ കഥയാകും.എന്ന് സ്വന്തം അനുശ്രീ ...റസിയ പയ്യോളി





നിഥിൻകുമാർ
ജെ പത്തനാപുരം

# പാതിര കവാടം

ഇരുട്ട്.. ഇരുട്ട്.. ഭ്രാന്തപ്രദേശം. പകലിലും ഇരുൾ മൂടിയ പ്രദേശം. ഇരുവശവും കൈതക്കാട്. നടുവിലൂടെ നീണ്ടുകിടക്കുന്ന പാളവും. പകൽനേരവും ഈ വഴി കാൽനടയാത്ര ചെയ്യുന്നവർ വിരളം. രാത്രി എട്ട് മണികഴിഞ്ഞാൽ നഗരവും വിജനമാണ്. ചില മദ്യപാനികൾ ശാന്തതതേടി കൈതകാടുകളിൽ എത്താറുണ്ട്. രാത്രി ഒൻപതു മണിക്കുള്ള കന്യാകുമാരി എക്സ്പ്രസ്സ് പോയി കഴിഞ്ഞാൽ പിന്നെ പുലർച്ചെ നാലിനുള്ള ഡൽഹി വരും വരെ റെയിൽവേസ്റ്റേഷനും വിജനം.

ശക്തമായ മഴകാരണം ബാറിൽ നിന്നും പുറത്തിറങ്ങാതെയിരുന്ന കുടിയൻ മാപ്പിള മഴയൊന്ന് തോന്നപ്പോൾ ബാറിൽ നിന്നും അരക്കുപ്പി റമ്മുമായി പുറത്തിറങ്ങി.മദ്യകുപ്പി മടിയിൽ തിരുകി വീട്ടിലേക്ക് പോകാതെ കൈതക്കാടിന്റെയടുത്തേക്ക്  നടന്നു.മദ്യം ബാക്കികൂടി ഉള്ളിലാക്കാൻ. പുലർച്ചെ വെളിക്കിരിക്കാനും മാപ്പിള പലപ്പോഴും കൈതക്കാട് തേടി വരാറുണ്ട്. കാലത്തൊരു സുലൈമാനിയും രണ്ട് ബീഡിയും മാപ്പിളക്ക് ശീലമാണ്. മദ്യകുപ്പി തുറന്ന് മാപ്പിളയൊന്ന് മണത്തു നോക്കി. ശേഷം ഒറ്റവലി, പാതി കുപ്പി കാലി. പ്രായമേറെയായതിന്റെ യതൊരു അഹന്തയും മൂപ്പിലാനില്ല.താൻ ആരോഗ്യവനാണെന്ന് സ്വയം അയാൾ കരുതുന്നു.

കഴിഞ്ഞമാസം കൂടി ചോരതുപ്പി കുറച്ചു ദിവസം ആശുപത്രിയിൽ കിടന്നിരുന്നു. അതൊന്നും പുള്ളിയൊർക്കുന്നുണ്ടോ?

ഭാര്യ ഫാത്തിമ കഴിഞ്ഞ ദിവസംകൂടി പറഞ്ഞിരുന്നു. ഒറ്റക്കിരുന്നു മടുത്തെന്ന്. മക്കൾ മൂന്നും പലനാടുകളിൽ സുഖമായി ജീവിക്കുന്നു. ഇവിടെ മാപ്പിളയും ഫാത്തിമയും മാത്രം. പാതിരാത്രിയാകാതെ മാപ്പിള വീട്ടിൽ കേറില്ല.

ശീലങ്ങളൊന്നും അങ്ങനെയങ്ങു മാറ്റാനായി പറ്റില്ലല്ലോ. കുപ്പിയിലെ ബാക്കികൂടി അകത്താക്കി കുപ്പി ദൂരേക്ക് വലിച്ചെറിഞ്ഞു. കറുത്തകൈലിയൊന്നു കയറ്റികുത്തി ചെറിയ വട്ടമരത്തിന്റെ ചോട്ടിൽ കുത്തിയിരു

ന്ന് മൂത്രമൊഴിക്കുകയാണ് മാപ്പിള. ഒൻപതിന്റെ കന്യാകുമാരി അയാളെ കടന്ന് പതിയെ നീങ്ങി. തീവണ്ടി കടന്നുപോയതിനു ശേഷം മാപ്പിള പതിയെയെഴുന്നേറ്റ് നടുവൊന്നു നിവർത്തി. ബീഡിയൊന്നെടുത്തു പുകച്ചു തള്ളി. രണ്ടാമതൊരെണ്ണം എടുത്ത് ചുണ്ടത്ത് വെയ്ക്കുന്നതിനിടയിലാണ് മാപ്പിളയത് കേട്ടത്. കയ്യിലെ ബാറ്ററി ടോർച്ച് പ്രകാശിച്ചു. പാളത്തിനപ്പുറം ഒരു കമ്പിളിപുതപ്പിനുള്ളിൽ നിന്നുമായിരുന്നു ശബ്ദം. കമ്പിളി പുതപ്പ് ചലിക്കുന്നു. ഒപ്പം ശബ്ദവും. അയാൾ പാളത്തിനപ്പുറത്തേക്ക് നടന്നു. അതൊരു കുഞ്ഞായിരുന്നു. കുഞ്ഞിന്റെ കരച്ചിൽ. കഴിച്ചത് കൂടെ പോയി. മാപ്പിളയുടെ കെട്ടിറങ്ങി. പതിയെ നീങ്ങിയ ട്രെയിനിൽ നിന്നും ആരോ താഴേക്ക് ബോധപൂർവം, ശ്രദ്ധാപൂർവം പൊതിഞ്ഞിട്ടതാണ്. ഒന്നോ രണ്ടോ ബോഗിയിൽ മാത്രമേ തിരക്കുള്ളു. ബാക്കിയത്രെയും ബോഗികളും ഒഴിഞ്ഞുകിടക്കുന്ന ഒരു ഓർഡിനറി ട്രെയിനാണ് കന്യാകുമാരി എക്സ്പ്രസ്സ്. പേരിന് മാത്രം എക്സ്പ്രസ്സ്. മാപ്പിള കമ്പിളിപുതപ്പിലെ കുഞ്ഞിനെ കയ്യിലെടുത്തു. തന്റെ കയ്യ് വിറക്കുന്നതായി അയാൾക്ക് തോന്നി. എന്ത് ചെയ്യണമെന്ന് അറിയാത്തൊരു അവസ്ഥ. മാപ്പിള കുഞ്ഞിനെ നെഞ്ചോട് ചേർത്തു. ദൂരെ അവസാനത്തെ ബോഗിയും മാഞ്ഞപ്പോൾ അയാൾ തിരിഞ്ഞു നടന്നു.

'ആരോ ചെയ്ത പാവത്തിന്റെ ഫലം. '

കുഞ്ഞിനെ നോക്കി മാപ്പിള പറഞ്ഞു.

ഫാത്തിമ വീടിന്റെ വരാന്തയിൽ ഭർത്താവിനെയും കാത്തിരുന്നു. ജീവിതം പാതിയും ഒറ്റപ്പെടൽ അനുഭവിക്കുകയാണ് ഈ സ്ത്രീ.

ഒരു ജീവി പോലും കൂട്ടിനായില്ല.

മാപ്പിള പുറത്തിറങ്ങിയാൽ പാതിരാ കോഴി കൂവും വരെ വീട്ടിൽ കയറില്ല. നോക്കി നോക്കിയൊടുവിൽ കണ്ണുകൾ കഴച്ചുതുടങ്ങി. ഒരുതൊടം കാപ്പിയിടാനായി അകത്തേക്ക് കയറാനായി തുടങ്ങവെയാണ് മാപ്പിള കയറിവന്നത്. കയ്യിൽ ഒരു കൈകുഞ്ഞും. ഫാത്തിമയും മാപ്പിളയും പരസ്പരം ഒന്നും മിണ്ടിയില്ല. അയാൾ കുഞ്ഞിനെ ഫാത്തിമയുടെ കയ്യിൽ നൽകി കിണറ്റിൻ കരയിലേക്ക് നടന്നു. നാലഞ്ച് തൊട്ടി വെള്ളം തലവഴിയൊഴിച്ചുകേറി. ആ നേരവും ഫാത്തിമയൊന്നും മിണ്ടിയിരുന്നില്ല.

ഒന്നും മിണ്ടാതെ നിന്ന ഫാത്തിമയോട് അകത്തേക്ക് കയറാൻ നേരം മാപ്പിള പറഞ്ഞു.

'പെണ്ണാണ് വളർത്താം.. തിരിഞ്ഞ് കടിക്കില്ല. വിശ്വസിക്കാം.'

ഫാത്തിമയുടെ കയ്യിലിരിക്കെ കുഞ്ഞ് ചിരി തൂകി..

